# പുരോഹിതൻ വ്യക്തിത്വവും ദൗത്യവും



മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ

malankalibrary.com

# പുരോഹിതൻ

## വ്യക്തിത്വവും ദൗത്യവും

**മല്പാൻ മാത്യു വെള്ളാനിക്കൽ**

No. 52

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
സ്പിരിച്ച്വാലിറ്റി സെന്റർ
കോട്ടയം 686 018

malankalibrary.com

MALANKARA
LIBRARY

malankalibrary.com

**PUROHITHAN: VYAKTHITHWAVUM DAUTHYAVUM**
Author: Malpan Dr. Mathew Vellanickal

© Reserved

First Impression: March, 2020
Third Impression: October, 2020

Layout and printing:

WiGi Printers, Kottayam, Tel: 0481-2570862

Published by: Pro Sanctity Publications
Spirituality Centre
Manganam P.O., Kottayam - 686 018
Tel: 0481-2578192

Price: 110/-

malankalibrary.com

# ഉള്ളടക്കം


അവതാരിക ........................................ 5

ആമുഖം ........................................ 9

1. ഈശോയും പൗരോഹിത്യ രഹസ്യവും ........................................ 11

2. പൗരോഹിത്യം: പഴയനിയമസാദൃശ്യങ്ങളും
പുതിയനിയമപൂർത്തീകരണവും ........................................ 17

3. ശുശ്രൂഷാപൗരോഹിത്യം: പുതിയനിയമവീക്ഷണത്തിൽ . 26

4. പുതിയനിയമപൗരോഹിത്യവും പരിശുദ്ധാത്മാവും ........ 32

5. പുതിയനിയമപൗരോഹിത്യം ശ്ലീഹന്മാരിൽ ........................ 35

6. പുതിയനിയമപൗരോഹിത്യം
ക്രൈസ്തവപുരോഹിതരിൽ ........................................ 38

7. പൗരോഹിത്യവും ശിഷ്യത്വവും ........................................ 44

8. പുരോഹിതൻ: അരൂപിയാൽ നയിക്കപ്പെടുന്നവൻ ............ 53

9. പുരോഹിതൻ: സുവിശേഷ പ്രഘോഷകൻ ........................ 58

10. പുരോഹിതനും സുവിശേഷോപദേശങ്ങളും .................... 62

11. പുരോഹിതൻ: പ്രബോധകൻ ........................................ 73

12. പുരോഹിതൻ: അജപാലകൻ ........................................ 77

13. പുരോഹിതൻ: ആരാധനക്രമസമൂഹാദ്ധ്യക്ഷൻ .................... 82

14. പുരോഹിതൻ: പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നവൻ .............. 86

15. പുരോഹിതൻ:
ഹൃദയത്തിന്റെ സന്ന്യാസം ജീവിക്കുന്നവൻ ........................ 90

16. പുരോഹിതനും തുടർപരിശീലനവും ........................................ 95


malankalibrary.com

# അവതാരിക

ഞാൻ സെമിനാരിയിൽ ചേർന്ന കാലംമുതൽ എനിക്ക് സുപരിചിതനും എന്റെ ഗുരുശ്രേഷ്ഠനുമായ മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ തന്റെ പൗരോഹിത്യശുശ്രൂഷയുടെ അറുപതാം വർഷത്തിൽ നന്ദിസൂചകമായി "പുരോഹിതൻ: വ്യക്തിത്വവും ദൗത്യവും" എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കുകയാണ്. പൗരോഹിത്യജീവിതം അതിന്റെ ആഴത്തിൽ വരുംതലമുറയ്ക്കു പകർന്നുകൊടുക്കുന്ന എന്റെ ഗുരുശ്രേഷ്ഠന് പൗരോഹിത്യശുശ്രൂഷയുടെ അറുപതാം വാർഷികത്തിന്റെ അനുഗ്രഹങ്ങളും പ്രാർത്ഥനയും നേരുന്നു.

മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ ദൈവവചനത്തിന്റെ അദ്ധ്യാപകനും, കൂദാശകളുടെ വിശ്വസ്തനായ ശുശ്രൂഷകനും, തനിക്കു ഭരമേല്പിക്കപ്പെട്ട ക്രൈസ്തവസമൂഹത്തിന്റെ ആത്മീയ ഗുരുവുമാണ്. അനേകരുടെ ക്രൈസ്തവമനഃസാക്ഷികളിൽ വിശ്വാസത്തെ വീണ്ടും ഉദ്ദീപിപ്പിക്കാനും, വചനത്തിന്റെ വിത്തുകൾ പാകി രക്ഷയുടെ പ്രഘോഷണം നടത്തുവാനുമാണ് അച്ചൻ എന്നും പരിശ്രമിച്ചത്. സമകാലീനസഭയുടെ, അമ്മയും അദ്ധ്യാപികയുമായ സഭയുടെ, പ്രേഷിതതീക്ഷ്ണതയുടെയും അജപാലന ആദ്ധ്യാത്മികതയുടെയും മുഖമാണ് അച്ചനിലൂടെ വെളിപ്പെടുന്നത്. തളരാതെ എന്നും അദ്ധ്വാനിക്കുന്ന പൗരോഹിത്യശുശ്രൂഷയുടെ വൈവിധ്യമാർന്ന തലങ്ങൾ ഈ അറുപതുവർഷക്കാലംകൊണ്ട് അച്ചൻ സാർവ്വത്രികസഭയ്ക്കു സമ്മാനിച്ചു. അച്ചന്റെ വചനാധിഷ്ഠിത ആത്മീയശൈലിയും പ്രബോധനങ്ങളും പഠനങ്ങളുമെല്ലാം ആദ്യമായും അധികമായും ഈശോയോടും സഭയോടുമുള്ള ജ്വലിക്കുന്ന സ്നേഹത്തിൽനിന്നും രൂപപ്പെട്ടതാണ്. മഹാനായ വി. ഗ്രിഗറി വൈദികർക്കു നല്കിയ ആഹ്വാനം സ്വന്തം ജീവിതത്തിൽ പകർത്തിയവനാണ് വെള്ളാനിക്കലച്ചൻ എന്ന് നമുക്ക് നിസ്സംശയം പറയാം. അതിപ്രകാരമാണ്: "വൈദികൻ ചിന്തയിൽ നിർമ്മലനും, പ്രവൃത്തികളിൽ മാതൃകയും, തന്റെ നിശബ്ദതയിൽ വിവേകിയും, തന്റെ വാക്കുകളിൽ ഉപകാരപ്രദനുമായിരിക്കണം. സഹതാപത്തിൽ

malankalibrary.com

അയാൾ എല്ലാവർക്കും ഉറ്റവനായിരിക്കണം. സർവ്വോപരി ധ്യാനത്തിനു സമർപ്പിതനുമായിരിക്കണം. നന്മ ചെയ്യുന്ന എല്ലാവർക്കും അയാൾ വിനയമുള്ള കൂട്ടുകാരനായിരിക്കണം. നീതിയിൽ, പാപികളുടെ തിന്മയെ നഖശിഖാന്തം എതിർക്കുന്നവനായിരിക്കണം. അയാൾ ബാഹ്യപ്രവർത്തനങ്ങളിലൂടെ ആന്തരികജീവിതത്തെ അവഗണിക്കുകയോ, ആന്തരികനന്മയ്ക്കുവേണ്ടി ഏകാന്തതയിലൂടെ ബാഹ്യാവശ്യങ്ങളുടെ നിർവ്വഹണം ഉപേക്ഷിക്കുകയോ ചെയ്യാൻ പാടില്ല" (Regula Pastoralis 11,1). ഓരോ പുരോഹിതനും ഈശോയുടെ സജീവവും സുതാര്യവുമായ പ്രതിച്ഛായയാണ് എന്നതാണ് അച്ചന്റെ ജീവിതം നല്കുന്ന സാക്ഷ്യം. ശ്രേഷ്ഠമായ ഈ ജീവിതത്തിന് അനുമോദനങ്ങളും ആശംസയും അർപ്പിക്കുന്നു.

അച്ചന്റെ പൗരോഹിത്യജീവിതംപോലെതന്നെ ധന്യവും മഹത്തരവുമാണ് "പുരോഹിതൻ: വ്യക്തിത്വവും ദൗത്യവും" എന്ന പുസ്തകവും. ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവരുടെ വിളി എപ്രകാരമുള്ളതാണ്, എപ്രകാരമാണ് അവരുടെ ശുശ്രൂഷ നിർവഹിക്കേണ്ടത് എന്ന രണ്ട് തലങ്ങൾ തന്റെ ആഴമേറിയ വചനവിജ്ഞാനത്തിന്റെയും അജപാലനബോധ്യങ്ങളുടെയും പശ്ചാത്തലത്തിൽ മല്പാനച്ചൻ അവതരിപ്പിക്കുകയാണ്. പ്രഘോഷണം, സാക്ഷ്യം, വിശുദ്ധീകരണം, സംവാദം, സേവനം എന്നിവയുൾക്കൊള്ളുന്ന പൗരോഹിത്യശുശ്രൂഷയുടെ വിവിധ തലങ്ങളിലൂടെയുള്ള യാത്ര ദൈവവിളിയുടെ ഉത്തമമായ ബോധ്യങ്ങളിലേക്ക് പുരോഹിതരെ ചേർത്തുനിർത്തുന്നതാണ്. വൈദികജീവിതത്തിന്റെ എല്ലാ വശങ്ങളിലും വിശ്വാസത്തിന് വിശ്വാസ്യമായ സാക്ഷ്യം നല്കുക എന്ന വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ ചിന്തകളിൽ അടിസ്ഥാനമിട്ടാണ് പൗരോഹിത്യത്തെ അച്ചൻ വിശകലനം ചെയ്യുന്നത്. ദൈവവചനത്തിൽ അധിഷ്ഠിതമായ പൗരോഹിത്യവും, പരിശുദ്ധാത്മാവിലും ശ്ലൈഹികകൂട്ടായ്മയിലും നിലനില്ക്കേണ്ട പൗരോഹിത്യ ആത്മീയതയും, ശുശ്രൂഷാതലങ്ങളും, ഒപ്പം പൗരോഹിത്യത്തിലെ സന്ന്യാസചൈതന്യവും, തുടർപരിശീലനങ്ങളുമെല്ലാം അവതരിപ്പിക്കുന്നത് പൗരോഹിത്യം ഈശോയുടെ സജീവപ്രതിരൂപമാണ്, പുരോഹതൻ ജീവിതം മുഴുവൻ സഭയ്ക്ക് സമർപ്പിക്കാൻ വിളിക്കപ്പെട്ടവനാണ് എന്ന രണ്ട് അടിസ്ഥാനശിലകളിലാണ്.

malankalibrary.com

വൈദികരുടെ ജീവിതസാക്ഷ്യവും ശുശ്രൂഷയും പ്രഘോഷണവുമില്ലാതെ സഭയ്ക്ക് പ്രേഷിതയായി മുന്നോട്ടുപോകുവാൻ കഴിയില്ല. അടുത്ത തലമുറയിലെ വൈദികർക്ക് ഈ പുസ്തകം നല്കുന്ന ഉൾക്കാഴ്ചയും വൈദികശുശ്രൂഷയുടെ ആഭിമുഖ്യവും ഇതുതന്നെയാണ്. ഈശോയുടെ സാന്നിദ്ധ്യം ഇന്നത്തെ ലോകത്തിൽ വ്യക്തമാക്കാൻവേണ്ടി പ്രത്യേകമാംവിധം തെരഞ്ഞെടുക്കപ്പെടുകയും അഭിഷേകം ചെയ്യപ്പെടുകയും അയയ്ക്കപ്പെടുകയും ചെയ്തിരിക്കുന്നവർക്ക് ഈ ഗ്രന്ഥത്തിലെ ഓരോ അധ്യായവും പ്രചോദനം നല്കും. തങ്ങളെ ഏല്പിക്കുന്ന ദൈവജനത്തിന് വചനത്തിന്റെ അദ്ധ്യാപകരും, കൂദാശകളുടെ ശുശ്രൂഷകരും, സ്നേഹത്തിന്റെയും സേവനത്തിന്റെയും അജപാലകരുമായി രൂപാന്തരപ്പെടാൻ വെള്ളാനിക്കലച്ചന്റെ ശ്രേഷ്ഠമായ ഈ ഗ്രന്ഥം വഴികാട്ടിയാവട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. പൗരോഹിത്യജീവിതത്തിന്റെ അറുപതാണ്ടുകൾ പിന്നിടുന്ന മല്പാൻ വെള്ളാനിക്കലച്ചന് ഒരിക്കൽക്കൂടി ദൈവാനുഗ്രഹം നേർന്നുകൊണ്ട് ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

**മാർ മാത്യു അറയ്ക്കൽ**

malankalibrary.com

# ആമുഖം

ക്രിസ്തീയപൗരോഹിത്യത്തിൽ പങ്കുചേരുക എന്നത് ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ഈ ഭൂമിയിൽ ലഭിക്കാവുന്ന ഏറ്റവും ശ്രേഷ്ഠമായ ദൈവദാനവും വിളിയുമാണ്. ഈ ദാനവും വിളിയും സ്വീകരിച്ച്, ആവുംവിധം അതിനു പ്രത്യുത്തരം നല്കിക്കൊണ്ട് അറുപതു വർഷങ്ങൾ ജീവിക്കുവാൻ അനുഗ്രഹം ലഭിച്ചതോർക്കുമ്പോൾ എപ്രകാരം ദൈവത്തിനു നന്ദി പറയണമെന്നറിഞ്ഞുകൂടാ. "അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച് കർത്താവേ, അങ്ങേക്കു സ്തുതി" എന്നുരുവിടുവാനേ കഴിയുന്നുള്ളു. ഈ ദാനത്തിന് ഞാനെങ്ങനെ നന്ദി പ്രകാശിപ്പിക്കണമെന്നു ചിന്തിച്ചപ്പോൾ, നന്ദിസൂചകമായി "പുരോഹിതൻ: വ്യക്തിത്വവും ദൗത്യവും" എന്ന പേരിൽ ഇപ്രകാരമൊരു ഗ്രന്ഥം രചിക്കുവാനാണ് പ്രേരണ ലഭിച്ചത്. എന്റെ പുരോഹിതജീവിതത്തിലൂടെയും ശുശ്രൂഷയിലൂടെയും ലഭിച്ച അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ രചിക്കപ്പെടുന്ന ഈ ഗ്രന്ഥം കുറച്ചുപേർക്കെങ്കിലും പൗരോഹിത്യമെന്ന ദാനം സ്വീകരിക്കുവാനും ജീവിക്കുവാനും പ്രചോദനമാകുമെന്നു കരുതുന്നു.

ശുശ്രൂഷാപൗരോഹിത്യത്തിന്റെ സ്വഭാവത്തെക്കുറിച്ചും സവിശേഷതകളെക്കുറിച്ചുമുള്ള വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായ കാഴ്ചപ്പാടുകളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. പുതിയനിയമത്തിൽ ഒരു പുരോഹിതനേയുള്ളു. അത് ഈശോമിശിഹായാണ്. അവിടുത്തെ നിത്യമായ പുരോഹിതശുശ്രൂഷയിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടവരും നിയോഗിക്കപ്പെട്ടവരുമാണ് സഭയിൽ പുരോഹിതശുശ്രൂഷ നിർവഹിക്കുന്നവരെല്ലാം. അപ്രകാരം പുരോഹിതശുശ്രൂഷ നിർവഹിക്കുന്നവരുടെ വിളി എപ്രകാരമുള്ളതാണെന്നും അവരുടെ ശുശ്രൂഷ എപ്രകാരമാണു നിർവഹിക്കേണ്ടതെന്നും വിവരിക്കുന്ന 16 അദ്ധ്യായങ്ങളാണ് ഈ ഗ്രന്ഥത്തിനുള്ളത്.

ഈശോമിശിഹായിൽനിന്നും ശ്ലീഹന്മാരിലൂടെ കൈമാറപ്പെട്ട് സഭയിൽ സന്നിഹിതമായിരിക്കുന്ന പൗരോഹിത്യത്തിന്റെയും

malankalibrary.com

പുരോഹിതശുശ്രൂഷയുടെയും പഴയനിയമ-പുതിയനിയമ വീക്ഷണങ്ങൾ ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങളിൽ പ്രതിപാദിക്കുമ്പോൾ, പൗരോഹിത്യത്തിന് പരിശുദ്ധാത്മാവിനോടും ശ്ലീഹന്മാരോടുമുള്ള ബന്ധമാണ് നാലും അഞ്ചും അദ്ധ്യായങ്ങൾ പ്രതിപാദിക്കുന്നത്. മിശിഹാശിഷ്യത്വത്തിൽ അധിഷ്ഠിതമായ പുരോഹിത ആദ്ധ്യാത്മികതയെക്കുറിച്ച് ആറു മുതൽ എട്ടുവരെയുള്ള അദ്ധ്യായങ്ങൾ പ്രതിപാദിക്കുമ്പോൾ, സഭയിൽ പ്രാവർത്തികമാക്കേണ്ട പുരോഹിതശുശ്രൂഷയുടെ വിവിധ മാനങ്ങളെക്കുറിച്ചാണ് ഒമ്പതു മുതൽ പതിനാലുവരെയുള്ള അദ്ധ്യായങ്ങൾ വിശദീകരിക്കുക. പുരോഹിതനോടൊപ്പം എല്ലാ വിശ്വാസികളും ജീവിക്കേണ്ട ഹൃദയത്തിന്റെ സന്ന്യാസത്തെക്കുറിച്ച് പതിനഞ്ചാം അദ്ധ്യായം പ്രതിപാദിക്കുമ്പോൾ പുരോഹിതന്റെ തുടർപരിശീലനത്തെപ്പറ്റി പ്രതിപാദിക്കുന്ന പതിനാറാം അദ്ധ്യായംകൊണ്ട് ഈ ചെറുഗ്രന്ഥം സമാപിക്കുന്നു.

അനുഗ്രഹദായകവും മനോഹരവുമായ ഒരു അവതാരിക എഴുതി ഈ ഗ്രന്ഥത്തെ സമ്പന്നമാക്കിയ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവ് എന്റെ ആദ്യശിഷ്യരിൽ ഒരാൾകൂടിയാണ്. അഭിവന്ദ്യ പിതാവിനോടുള്ള അകമഴിഞ്ഞ കൃതജ്ഞത രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥം തയ്യാറാക്കുന്നതിന് എന്നെ ആത്മാർത്ഥമായി സഹായിച്ച അപ്പസ്തോലിക് ഒബ്ലേറ്റ് ഷിനി മുതുപ്ലാക്കലിന് പ്രത്യേകം നന്ദി പറയുന്നു. ഈ ഗ്രന്ഥം ഭംഗിയായി മുദ്രണം ചെയ്ത വി.ജി. പ്രിന്റേഴ്സിനോടുള്ള നന്ദി പ്രത്യേകം അറിയിക്കുന്നു.

ക്രിസ്തീയപൗരോഹിത്യത്തിന്റെ സവിശേഷതകളെക്കുറിച്ചും സഭയിൽ പ്രാവർത്തികമാകുന്ന പുരോഹിതശുശ്രൂഷകളുടെ പ്രത്യേകതകളെക്കുറിച്ചും മനസ്സിലാക്കുവാൻ സഭാമക്കൾക്കെല്ലാവർക്കും ഈ ചെറുഗ്രന്ഥം സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**മാർ സ്ലീവാ മല്പാനേറ്റ്, സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം, കോട്ടയം**

**12 മാർച്ച് 2020**
**പൗരോഹിത്യത്തിന്റെ**
**അറുപതാം വാർഷികദിനം**

malankalibrary.com



1

# ഈശോയും പൗരോഹിത്യ രഹസ്യവും

സുവിശേഷങ്ങളിൽ ഈശോ പുരോഹിതനെന്ന് സ്വയം വിശേഷിപ്പിക്കുന്നില്ല. തന്റെ ദൗത്യം തുടർന്നു നിർവ്വഹിക്കുവാനായി തിരഞ്ഞെടുത്ത ശ്ലീഹന്മാരെ പുരോഹിതന്മാരെന്ന് അവിടുന്ന് വിശേഷിപ്പിക്കുന്നുമില്ല. സുവിശേഷങ്ങളിൽ മാത്രമല്ല. ഹെബ്രായർക്കെഴുതിയ ലേഖനമൊഴികെ, മറ്റു പുതിയ നിയമ ഗ്രന്ഥങ്ങളിലും ഈശോയോ ശിഷ്യന്മാരോ 'പുരോഹിതന്മാർ' എന്നു വിശേഷിപ്പിക്കപ്പെടുന്നില്ല. അതുകൊണ്ട് പൗരോഹിത്യം അംഗീകരി

malankalibrary.com

ക്കാത്ത സഭാവിരുദ്ധഗ്രൂപ്പുകൾ, പൗരോഹിത്യം കത്തോലിക്കാ സഭ യുടെ സൃഷ്ടിയാണ് എന്ന ആരോപണം ഉന്നയിക്കാറുണ്ട്.

ഈശോയും സുവിശേഷകന്മാരും പൗരോഹിത്യത്തെപ്പറ്റി സൂചനകൾ ഒന്നും നൽകിയിരുന്നില്ലെങ്കിൽ പിന്നീട് ഈശോയെ നിത്യപുരോഹിതനായി ചിത്രീകരിക്കാൻ ആദിമസഭ തുനിയുമാ യിരുന്നില്ല. അതുകൊണ്ട് തന്റേയും ശ്ലീഹന്മാരുടെയും പൗരോഹി ത്യത്തെപ്പറ്റി മിശിഹായുടെ പ്രബോധനങ്ങളിലും പ്രവർത്തനങ്ങ ളിലും കാണപ്പെടുന്ന സൂചനകളാണ് ഇവിടെ ചർച്ചാവിഷയമാക്കു ന്നത്.

## ഈശോയുടെ പൗരോഹിത്യത്തിന്റെ അതുല്യത

'പുരോഹിതൻ', 'പൗരോഹിത്യം' തുടങ്ങിയ വാക്കുകൾ തന്റെ വ്യക്തിത്വത്തെയും ദൗത്യത്തെയും സൂചിപ്പിക്കുന്നതിന് ഈശോ ഉപയോഗിക്കുന്നില്ല എന്നത് സത്യമാണ്. എന്നാൽ, സംജ്ഞകളുടെ അസാന്നിദ്ധ്യം യാഥാർത്ഥ്യത്തിന്റെ അസാന്നിദ്ധ്യം ആകണമെന്നില്ല. ഒരു വിധത്തിൽ പറഞ്ഞാൽ, 'മിശിഹാ' (ക്രിസ്തു) എന്ന വാക്കി നോട് ഈശോ സുവിശേഷങ്ങളിൽ സ്വീകരിക്കുന്ന സമീപനത്തിനു തുല്യമായ ഒരു രഹസ്യാത്മകസമീപനം തന്റെ പൗരോഹിത്യ ത്തോടും കാണിക്കുന്നതായി കരുതാം. താൻ മിശിഹായാണെന്ന് ആരോടും പറയരുതെന്ന് ഈശോ നിർദ്ദേശിക്കുന്നുണ്ട് (മർക്കോ 8:30).

വരാനിരിക്കുന്ന മിശിഹായെക്കുറിച്ച് നിലവിലിരുന്ന ധാരണ കളുടെ പശ്ചാത്തലത്തിൽ തന്റെ വ്യക്തിത്വം തെറ്റിദ്ധരിക്കപ്പെടാൻ സാധ്യതയുള്ളതുകൊണ്ടാണ് ഈ "മെസയാനിക രഹസ്യം' ഈശോ കാത്തുസൂക്ഷിച്ചത്. അതുപോലെ, പൗരോഹിത്യത്തെപ്പറ്റി അന്നു നിലവിലിരുന്ന ധാരണകളുടെ പശ്ചാത്തലത്തിൽ തന്റെ പൗരോഹിത്യത്തിന്റെ യഥാർത്ഥ സ്വഭാവം തെറ്റിദ്ധരിക്കപ്പെടാനുള്ള സാധ്യതയായിരിക്കാം 'പുരോഹിതൻ' എന്ന് സ്വയം വിശേഷിപ്പി ക്കുന്നതിൽനിന്നും ഈശോയെ പിൻതിരിപ്പിച്ചത്. യഹൂദമതത്തി ലേയോ മറ്റു മതങ്ങളിലേയോ പുരോഹിതന്മാരെപ്പോലെ വെറും ആരാധനാ കർമ്മങ്ങൾ നടത്തുന്ന ഒരു പുരോഹിതനായിരുന്നില്ല ഈശോ. അവിടുത്തെ പൗരോഹിത്യം അന്നുവരെ ലോകം കണ്ടി

malankalibrary.com

ട്ടുള്ള പൗരോഹിത്യങ്ങളിൽനിന്നും വ്യത്യസ്തവും അതുല്യവുമായിരുന്നു.

## പുതിയ വീഞ്ഞിന് പുതിയ തോൽക്കുടം

യഹൂദരുടെ ആചാരങ്ങളോട് പ്രതിബദ്ധത പുലർത്താത്ത ഈശോയേയും ശിഷ്യന്മാരേയും നിയമജ്ഞർ കുറ്റപ്പെടുത്തിയപ്പോൾ അവിടുന്ന് അവരോട് പറഞ്ഞു: "ആരും പുതിയ വീഞ്ഞ് പഴയ തോൽക്കുടങ്ങളിൽ ഒഴിച്ചു വയ്ക്കാറില്ല. അങ്ങനെ ചെയ്താൽ തോൽക്കുടങ്ങൾ പിളരുകയും വീഞ്ഞും തോൽക്കുടങ്ങളും നഷ്ടപ്പെടുകയും ചെയ്യും പുതിയ വീഞ്ഞിന് പുതിയ തോൽക്കുടങ്ങൾ വേണം" (മർക്കോ 2:22). ഈശോയുടെ പൗരോഹിത്യം പഴയനിയമ പൗരോഹിത്യ സങ്കല്പത്തിൽ ഒതുങ്ങി നിൽക്കുന്നതല്ല. അതിന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്താൻ ശ്രമിച്ചതിന്റെ ഭാഗമായിട്ടുവേണം തന്റെ പൗരോഹിത്യവ്യക്തിത്വം വെളിപ്പെടുത്താൻ വിസമ്മതിക്കുന്ന ഈശോയുടെ നിലപാടിനെ മനസ്സിലാക്കുവാൻ. ഈശോയുടെ പൗരോഹിത്യം മറ്റു പൗരോഹിത്യങ്ങളിൽനിന്നും തികച്ചും വ്യത്യസ്തവും നൂതനവുമാണ്.

## ഈശോയുടെ പൗരോഹിത്യത്തിന്റെ വ്യതിരിക്തത

യഹൂദ പൗരോഹിത്യത്തിൽ നിന്നും വ്യത്യസ്തമായ ഒരു പൗരോഹിത്യമായിരുന്നു ഈശോയുടേത്. യഹൂദരുടെ പൗരോഹിത്യം ലേവീവംശത്തിൽ പിറന്നവർക്ക് അവകാശമായി ലഭിക്കുന്നതാണ്. യോഹന്നാൻ സ്നാപകന്റെ പിതാവ് സഖറിയാ ലേവീവംശജനായ ഒരു പുരോഹിതനായിരുന്നു. മാതാവ് സാറാ അഹറോൻ വംശജയും (ലൂക്കാ 1:5). ഈശോ ഒരു പുരോഹിതവംശത്തിൽ പിറന്നവനല്ല. ഈശോയുടെ പിതാവ് യൗസേപ്പ് ദാവീദുവംശജനായിരുന്നു (ലൂക്കാ 1:27). ദാവീദ് ലേവീഗോത്രത്തിൽ പെട്ടവനല്ല യൂദാഗോത്രത്തിൽ പെട്ടവനാണ്. ഇതേപ്പറ്റി ഹെബ്രായലേഖനം പറയുന്നു: "നമ്മുടെ കർത്താവു ജനിച്ചത് യൂദായുടെ വംശത്തിലാണെന്നു സ്പഷ്ടമാണ്. ഈ വംശത്തിന്റെ പൗരോഹിത്യത്തെക്കുറിച്ച് മോശ ഒന്നും പറഞ്ഞിട്ടില്ല. മെൽക്കിസെദേക്കിന്റെ സാദൃശ്യത്തിൽ മറ്റൊരു പുരോഹിതൻ പ്രത്യക്ഷനാകുന്നതിൽ നിന്ന് ഇതു കൂടുതൽ വ്യക്തമാകുന്നു. ഇവനോ ശാരീരികജനനക്ര

malankalibrary.com

മമനുസരിച്ചല്ല, പ്രത്യുത അക്ഷയമായ ജീവന്റെ ശക്തി നിമിത്തമാണ് പുരോഹിതനായത്" (ഹെബ്രാ 7:14-16). ഈശോ വംശീയ പുരോഹിതനല്ലെന്നുള്ളത് ദൈവത്തിന്റെ പദ്ധതിയിൽ അർത്ഥവത്താണ്. ഈശോയുടെ പൗരോഹിത്യം ഒരു പ്രത്യേക വംശത്തിലോ ഗോത്രത്തിലോ ഒതുങ്ങി നിൽക്കാതെ മനുഷ്യകുലത്തെ മുഴുവൻ പ്രതിനിധീകരിക്കുന്ന ഒന്നാണെന്ന് ഇതു സൂചിപ്പിക്കുന്നു.

## ഈശോയും യഹൂദപുരോഹിതരും

യഹൂദപുരോഹിതരോടും യഹൂദപൗരോഹിത്യത്തോടും ഈശോ സ്വീകരിച്ച നിലപാടുകൾ ഈശോയുടെ പൗരോഹിത്യത്തിന്റെ നവീനതയും വ്യത്യാസവും വ്യക്തമാക്കുന്നവയാണ്. പരസ്യജീവിതത്തിലേക്ക് കടന്നുവരുന്ന ഈശോയോട് യഹൂദപുരോഹിതർ നിഷേധാത്മകമായ ഒരു നിലപാടാണ് സ്വീകരിക്കുന്നത്. ഈശോയുടെ സുവിശേഷസന്ദേശം പൊതുവേ യഹൂദപുരോഹിതർക്ക് സ്വീകാര്യമായിരുന്നില്ല. ഈശോയിൽ അവർ ഒരു എതിരാളിയെയും ശത്രുവിനെയും കണ്ടു. അവർ തങ്ങളുടെ നിയമസംവിധാനങ്ങളിൽ ഒതുങ്ങി നിൽക്കുകയും ഈശോ മുന്നോട്ടുവച്ച രക്ഷാകരസ്നേഹത്തിന്റെ സുവിശേഷശൈലിയെ വിമർശിക്കുകയും എതിർക്കുകയും ചെയ്തു.

ഈശോ പൊതുവേ യഹൂദപുരോഹിതഗണത്തോട് അകൽച്ച പാലിക്കുകയും, ഒരു നൂതന പുരോഹിതശൈലിയും മതാത്മക നിലപാടുകളും കൊണ്ടുവരുന്നവനായി സ്വയം വെളിപ്പെടുത്തുകയും ചെയ്തു. ഈശോയുടെ പൗരോഹിത്യത്തിന്റെയും മതപരമായ നിലപാടുകളുടെയും ഈ പുതുമ നഷ്ടപ്പെടുത്താതിരിക്കുന്നതിനു വേണ്ടിയാവണം അന്നു നിലവിലിരുന്ന പൗരോഹിത്യത്തിന്റെയും പുരോഹിതശുശ്രൂഷയുടെയും ഭാഷയിൽ തന്നെയും തന്റെ ശിഷ്യന്മാരെയും അവതരിപ്പിക്കാതിരുന്നത്.

## ഈശോയുടെ പൗരോഹിത്യവും യഹൂദപൗരോഹിത്യവും

യഹൂദ പുരോഹിതസ്ഥാപനത്തെ ഈശോ ബഹുമാനിക്കുന്നുണ്ടെങ്കിലും അവർ പൗരോഹിത്യശുശ്രൂഷയെ കൈകാര്യം ചെയ്യുന്ന രീതിയെ അവിടുന്നു വിമർശിക്കുന്നുണ്ട്. ഉദാഹരണത്തിന് കുഷ്ഠരോഗിയെ സുഖപ്പെടുത്തിയതിനു ശേഷം ഈശോ അയാ

malankalibrary.com

ളോടു പറയുന്നു: “നീ ഇതേപ്പറ്റി ആരോടും ഒന്നും സംസാരിക്കരുത്. എന്നാൽ പോയി പുരോഹിതനു നിന്നെത്തന്നെ കാണിച്ചുകൊടുക്കുക. മോശയുടെ കല്പനയനുസരിച്ച് ജനങ്ങൾക്കു സാക്ഷ്യത്തിനായി ശുദ്ധീകരണക്കാഴ്ചകൾ സമർപ്പിക്കുകയും ചെയ്യുക” (മർക്കോ 1:44). ഇവിടെ യഹൂദപുരോഹിതരുടെ സാക്ഷ്യപ്പെടുത്തുന്ന ദൗത്യത്തെ ഈശോ അംഗീകരിക്കുന്നു. അതേസമയം നല്ല സമറിയാക്കാരന്റെ ഉപമയിലൂടെ സ്നേഹത്തേക്കാളുപരി നിയമത്തിനു പ്രാധാന്യം നൽകുന്ന യഹൂദപൗരോഹിത്യത്തെ ഈശോ വിമർശിക്കുകയും ചെയ്യുന്നുണ്ട്: “ഒരു പുരോഹിതൻ ആ വഴിയെ വന്നു. അവനെക്കണ്ട് മറുവശത്തുകൂടെ കടന്നുപോയി” (ലൂക്കാ 10:31). യഹൂദപൗരോഹിത്യത്തിനെതിരെയുള്ള ഈ വിമർശനത്തിലൂടെ ഈശോ തന്റെ പൗരോഹിത്യത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്നുമുണ്ട്. നല്ല സമറിയാക്കാരനിലൂടെ ഉദാഹരിക്കപ്പെടുന്ന ദൈവത്തിന്റെ കരുണയുള്ള രക്ഷാകരസ്നേഹമാണ് പുതിയനിയമ പൗരോഹിത്യത്തിന്റെ മുഖമുദ്ര.

## ഈശോ പുതിയ ദൈവാലയം

യഹൂദപൗരോഹിത്യപശ്ചാത്തലത്തിൽ ഈശോയുടെ പൗരോഹിത്യത്തെ വിലയിരുത്താൻ സഹായിക്കുന്ന ഒരു പ്രസ്താവനയാണ് സാബത്തിനെക്കുറിച്ചുള്ള വിവാദ സന്ദർഭത്തിൽ ഈശോ ചെയ്ത ഒരു പ്രസ്താവന: “എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, ദേവാലയത്തെക്കാൾ ശ്രേഷ്ഠമായ ഒന്ന് ഇവിടെയുണ്ട്” (മത്താ 12:6). ജറുസലേം ദൈവാലയ കേന്ദ്രീകൃതമായ യഹൂദപൗരോഹിത്യശുശ്രൂഷയെക്കാൾ ശ്രേഷ്ഠമായ ഒരു പൗരോഹിത്യമാണ് തന്റേത് എന്ന് ഇവിടെ സൂചിപ്പിക്കുന്നു. യഹൂദപൗരോഹിത്യത്തെക്കാൾ ശ്രേഷ്ഠമാണ് ഈശോയുടെ പൗരോഹിത്യം. കാരണം ഈശോയുടെ പൗരോഹിത്യം മനുഷ്യാവതാരത്തിൽ അധിഷ്ഠിതമാണ്. ഈശോയിൽ ദൈവം വ്യക്തിപരമായി നമ്മുടെ മദ്ധ്യേ സന്നിഹിതനാണ്. ഈ വ്യക്തിപരമായ ദൈവസാന്നിദ്ധ്യമാണ് മിശിഹായിലൂടെയുള്ള പൗരോഹിത്യത്തിന്റെയും ദൈവാരാധനയുടെയും ശ്രേഷ്ഠതയുടെ അടിസ്ഥാനം. ജറുസലേം ദൈവാലയ ശുദ്ധീകരണം യഹൂദപൗരോഹിത്യത്തിന് അതീതമായ അവിടുത്തെ പൗരോഹിത്യത്തിന്റെ ഒരു വെളിപ്പെടുത്തലാണ്.

malankalibrary.com

തന്റെ അധികാരത്തെ ചോദ്യം ചെയ്തവർക്ക് ഈശോ നൽകിയ അടയാളം അവിടുത്തെ അവകാശത്തെ ഉറപ്പിക്കുന്നതായിരുന്നു: "നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക. മൂന്നു ദിവസങ്ങൾക്കകം ഞാൻ അത് പുനരുദ്ധരിക്കും" (യോഹ 2:19). അന്നത്തെ പുരോഹിതർ നിലവിലിരുന്ന ദൈവാലയത്തെയും ആരാധനയെയും നശിപ്പിക്കുന്ന രീതിയിലാണ് അവരുടെ ശുശ്രൂഷ കൈകാര്യം ചെയ്തിരുന്നത്. ഇവിടെ 'നശിപ്പിക്കുക' എന്നു പറയുന്നത്, ആദ്ധ്യാത്മികമായ അർത്ഥത്തിലാണ്. അവർ ദൈവാലയവും ശുശ്രൂഷകളും കൈകാര്യം ചെയ്തിരുന്നത് അവരുടെ സ്വാർത്ഥപരമായ ലക്ഷ്യങ്ങളെ മുൻനിർത്തിയായിരുന്നു. അങ്ങനെ ഒരു വിധത്തിൽ അവർ ദൈവാലയം നശിപ്പിക്കുകയായിരുന്നു. പക്ഷേ, അത് പൂർണ്ണമായ അർത്ഥത്തിൽ യാഥാർത്ഥ്യമായത് ഈശോ യഹൂദപുരോഹിതന്മാരാൽ മരണത്തിന് വിധിക്കപ്പെട്ടപ്പോഴാണ്. യോഹന്നാൻശ്ലീഹാ പറയുന്നു: "എന്നാൽ അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്" (യോഹ 2:21). "മൂന്നു ദിവസങ്ങൾക്കകം ഞാൻ അത് പുനരുദ്ധരിക്കും" എന്ന വാക്കുകൾ വളരെ അർത്ഥവത്താണ്. തന്റെ ഉത്ഥാനത്തിലൂടെ പടുത്തുയർത്തുന്ന പുതിയ ദൈവാലയവും അതിനെ കേന്ദ്രീകരിച്ചുള്ള പുതിയ പൗരോഹിത്യവും പുരോഹിതശുശ്രൂഷയും ഇവിടെ ഈശോ പരസ്യമായി പ്രഖ്യാപിക്കുകയാണ്.

malankalibrary.com



# 2

# പൗരോഹിത്യം: പഴയനിയമസാദൃശ്യങ്ങളും പുതിയനിയമപൂർത്തീകരണവും

പഴയനിയമത്തിലൂടെയുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ പൂർത്തീകരണമാണല്ലോ പുതിയനിയമം. അത് മിശിഹായിലൂടെയുമാണ് (ഹെബ്രാ 1:1-2). അതുകൊണ്ട് പഴയനിയമ പൗരോഹിത്യം പുതിയനിയമത്തിൽ എങ്ങനെ പൂർത്തീകരിക്കപ്പെടുന്നു എന്ന് മനസ്സിലാക്കാൻ ശ്രമിക്കാം.

malankalibrary.com

## ദൈവമനുഷ്യനായ പുരോഹിതൻ

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട മനഷ്യരായിരുന്നു പഴയനിയമപുരോഹിതർ. എന്നാൽ പുതിയനിയമപുരോഹിതനായ മിശിഹാ വെറും മനുഷ്യനല്ല; ദൈവമനുഷ്യനാണ്. ദൈവമായിരുന്നവൻ മനുഷ്യാവതാരത്തിലൂടെ പൗരോഹിത്യത്തിലേക്കും ശുശ്രൂഷയിലേക്കും പ്രവേശിച്ചു: "ഇവനോ ശാരീരിക ജനനക്രമമനുസരിച്ചല്ല, പ്രത്യുത, അക്ഷയമായ ജീവന്റെ ശക്തി നിമിത്തമാണ് പുരോഹിതനായത്" (ഹെബ്രാ 7:16). മനുഷ്യാവതാരം മിശിഹായുടെ പൗരോഹിത്യസ്വീകരണമായിരുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും.

പുരോഹിതൻ പാലം പണിയുന്നവനാണ്. ലത്തീൻഭാഷയിൽ 'പൊന്തിഫെക്സ്' (Pontifex) എന്ന വാക്കിന്റെ അർത്ഥം പാലം പണിയുന്നവൻ എന്നാണ്. പാപത്താൽ ദൈവത്തിൽനിന്ന് അകന്ന മനുഷ്യൻ, ദൈവത്തിലേക്ക് സ്വയം കടന്നുവരാനാവാത്ത അവസ്ഥയിലായി. ഇങ്ങനെ സ്വയം രക്ഷിക്കുവാൻ പറ്റാത്ത അവസ്ഥയിലായ മനുഷ്യനെ രക്ഷിക്കുവാൻ ദൈവം മനുഷ്യനായി: "ജനങ്ങളുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യുന്നതിനുവേണ്ടി ദൈവികമായ കാര്യങ്ങളിൽ വിശ്വസ്തനും കരുണയുള്ളവനുമായ പ്രധാനപുരോഹിതനാകാൻ അവൻ എല്ലാക്കാര്യങ്ങളിലും തന്റെ സഹോദരരോട് സദൃശ്യനാകേണ്ടിയിരുന്നു" (ഹെബ്രാ 2:17). അങ്ങനെ, ഒരേ സമയം ദൈവവും മനുഷ്യനുമായ മിശിഹാ, യഥാർത്ഥ പുരോഹിതനായ മിശിഹാ, ദൈവത്തെയും മനുഷ്യനെയും പരസ്പരം ബന്ധിപ്പിച്ചു.

പുതിയനിയമ പുരോഹിതശുശ്രൂഷ വെറും മാനുഷികമായ തലത്തിലുള്ളതല്ല. ദൈവവും മനുഷ്യനുമായ ഈശോമിശിഹായുടെ പൗരോഹിത്യവ്യക്തിത്വത്തിലാണ് പുതിയനിയമപുരോഹിതർ പങ്കുചേരുന്നത്. അങ്ങനെ, മനുഷ്യരാണെങ്കിലും പൗരോഹിത്യസ്വീകരണത്തിലൂടെ മിശിഹായുടെ ദൈവികതയിൽ അവർ പങ്കുചേരുന്നു. പുരോഹിതർ മിശിഹായെ പ്രതിനിധാനം ചെയ്യുന്നവരാണ്. പ്രത്യേകമായി, ആരാധനക്രമാനുഷ്ഠാനങ്ങളിലും ആഘോഷങ്ങളിലും പുരോഹിതർ നേതൃത്വം വഹിക്കുമ്പോൾ മിശിഹാതന്നെയാണ് അവിടെ സന്നിഹിതനാകുന്നത് എന്ന് രണ്ടാം വത്തിക്കാൻ

malankalibrary.com

കൗൺസിൽ പഠിപ്പിക്കുന്നു (SC 7). അതുകൊണ്ടുതന്നെ പുരോഹിതന്റെ മാനുഷികബലഹീനതകളോ അയോഗ്യതകളോ ദൈവികശുശ്രൂഷയുടെ ഫലദായകത്വത്തിന് തടസ്സമായിത്തീരുന്നില്ല.

## നിത്യപുരോഹിതൻ

പഴയനിയമപുരോഹിതർ നിത്യപുരോഹിതരായിരുന്നില്ല. മരണത്തോടുകൂടി അവരുടെ പുരോഹിതശുശ്രൂഷയും അവസാനിച്ചിരുന്നു. എന്നാൽ "നീ നിത്യം പുരോഹിതനാണ് എന്ന് തന്നോടു പറഞ്ഞവന്റെ ശപഥത്തോടുകൂടിയാണ്" (ഹെബ്രാ 7:21) മിശിഹാ പുരോഹിതനായത്. "അവന് പിതാവോ മാതാവോ വംശപരമ്പരയോ ഇല്ല. അവന്റെ ദിവസങ്ങൾക്ക് ആരംഭമോ ആയുസ്സിന് അവസാനമോ ഇല്ല. ദൈവപുത്രന് സദൃശ്യനായ അവൻ എന്നേയ്ക്കും പുരോഹിതനാണ്" എന്ന് ഹെബ്രായലേഖനത്തിൽ പറയുന്നു (7:3). ദൈവം നിത്യനാണ്. നിത്യനായ ദൈവം മനുഷ്യനായതോടുകൂടി ദൈവമനുഷ്യനായ ഈശോമിശിഹായിൽ നിത്യപുരോഹിതൻ രൂപം കൊണ്ടു: "മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം നീ എന്നേക്കും പുരോഹിതനാണ്" (ഹെബ്രാ 5:6).

നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിലാണ് പുതിയനിയമപുരോഹിതർ പങ്കുചേരുന്നത്. പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുരോഹിതരുടെ മരണത്തോടെ അവസാനിക്കുന്നതല്ല പുതിയനിയമപുരോഹിതശുശ്രൂഷ. അത് തലമുറകൾ കടന്ന് അവസാനംവരെ നിലനില്ക്കുന്നു. ശ്ലൈഹിക കൈവയ്പിലൂടെ ലോകാവസാനം വരെ സഭയിൽ തുടരുന്ന ശുശ്രൂഷയാണ് പുതിയനിയമ പുരോഹിത ശുശ്രൂഷ.

## ദൈവത്താൽ വിളിക്കപ്പെടുന്ന പുരോഹിതൻ

ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുകയോ സ്വയം ഏറ്റെടുക്കുകയോ ചെയ്യുന്ന ഒരു പദവിയല്ല പൗരോഹിത്യം. ദൈവമാണ് പഴയനിയമ പുരോഹിതരെ തിരഞ്ഞെടുക്കുകയും പൗരോഹിത്യ ദൗത്യം ഭരമേല്പിക്കുകയും ചെയ്തിരുന്നത് എന്നത് വി. ഗ്രന്ഥത്തിൽ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്: 'അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല." (ഹെബ്രാ 5:4).

malankalibrary.com

നിത്യപുരോഹിതനായ ഈശോമിശിഹാ പിതാവായ ദൈവത്താൽ അഭിഷിക്തനായി അയയ്ക്കപ്പെട്ടവനാണ് (യോഹ 11:42, 17:8,21). "എന്റെ പ്രബോധനം എന്റെ സ്വന്തമല്ല, എന്നെ അയച്ചവന്റേതത്രേ" (യോഹ 7:16) എന്നും "എന്നിൽ വിശ്വസിക്കുന്നവൻ എന്നിലല്ല എന്നെ അയച്ചവനിലാണ് വിശ്വസിക്കുന്നത്" (യോഹ 12:44) എന്നും "ഏക സത്യദൈവമായ അവിടുത്തേയും അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ 17:3) എന്നും ഈശോ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

മിശിഹായുടെ പൗരോഹിത്യത്തിൽ ആദ്യമായി പങ്കുചേർക്കപ്പെട്ട ശ്ലീഹന്മാരും ദൈവത്താൽ വിളിക്കപ്പെട്ടവരാണ് (മർക്കോ. 1:14-20, 3:13-15). "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ 15:16). ശ്ലൈഹികകൈവയ്പിലൂടെ സഭയിൽ തുടരുന്ന പുതിയ നിയമ പൗരോഹിത്യത്തിന്റെ അടിസ്ഥാനം ദൈവത്തിന്റെ വിളിയാണ്.

## എന്നേക്കുമായി ജീവിതബലി അർപ്പിക്കുന്ന പുരോഹിതൻ

ലേവായ പുരോഹിതർ ബലിയർപ്പണത്തിനായി ആണ്ടിലൊരിക്കൽ അതിവിശുദ്ധസ്ഥലത്ത് പ്രവേശിച്ചിരുന്നു. പഴയനിയമപുരോഹിതർക്ക് തങ്ങളുടേയും ജനം മുഴുവന്റെയും പാപങ്ങൾക്കു പരിഹാരമായി ഈ ബലിയർപ്പണം വർഷംതോറും ആവർത്തിക്കേണ്ടിയുമിരുന്നു. എന്നാൽ ജീവിതമാകുന്ന ബലിയർപ്പണം എന്നേയ്ക്കുമായി അർപ്പിച്ചവനാണ് ഈശോമിശിഹാ: ".... ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ അവിടുന്ന് എനിക്കൊരു 'ശരീരം' സജ്ജമാക്കിയിരിക്കുന്നു; ദഹനബലികളിലും പാപപരിഹാരബലികളിലും അവിടുന്ന് സംപ്രീതനായില്ല. അപ്പോൾ, പുസ്തകത്തിന്റെ ആരംഭത്തിൽ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നതുപോലെ, ഞാൻ പറഞ്ഞു: ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ, ഞാൻ വന്നിരിക്കുന്നു....." (ഹെബ്രാ 10:5-10). ദൈവഹിതാനുസൃതമായ ജീവിതബലിയർപ്പണത്തിലൂടെ നിത്യമായ, അതിവിശുദ്ധിയുടെ സ്ഥലമായ സ്വർഗ്ഗത്തിലേക്ക് പ്രവേശിച്ച നിത്യപുരോഹിതനാണ് ഈശോമിശിഹാ: "സ്വർഗ്ഗത്തിലേക്ക് കടന്നുപോയ ശ്രേഷ്ഠനായ ഒരു പ്രധാനപുരോഹിതൻ, ദൈവപുത്രനായ ഈശോ, നമുക്കുള്ളതു

malankalibrary.com

കൊണ്ട് നമ്മുടെ വിശ്വാസത്തെ നമുക്കു മുറുകെപിടിക്കാം" (ഹെബ്രാ 4:14).

ജീവിതബലി അർപ്പിക്കാൻ വിളിക്കപ്പെട്ടവനാണ് പുതിയനിയമപുരോഹിതൻ. സഭാമക്കളേവരും പുരോഹിതനോടു ചേർന്ന് മിശിഹായുടെ ബലിയർപ്പണത്തിൽ പങ്കുചേരേണ്ടവരാണ് "ശരീരം സജ്ജമാക്കി" (ഹെബ്രാ 10:5) എന്നു പറയുമ്പോൾ ദൈവഹിതാനുസൃതമായ ജീവിതമാണ് ഉദ്ദേശിക്കുന്നത്. ദൈവേഷ്ടം നിറവേറ്റുന്ന നമ്മുടെ ജീവിതവുമായാണ് ഓരോ പ്രാവശ്യവും നാം ബലിയർപ്പണത്തിനായണയേണ്ടത്. മിശിഹായുടെ ബലിയർപ്പണത്തോടുചേർന്ന് നമ്മുടെ ജീവിതബലിയും അർപ്പിക്കുമ്പോൾ വി. കുർബാനയിൽ കേന്ദ്രീകൃതമായ ആരാധനക്രമജീവിതം വെറുമൊരു അനുഷ്ഠാനമായി മാറുന്നതിനു പകരം ദൈവാനുഭവത്തിന്റെ നിമിഷങ്ങളായി മാറും. ബലിയർപ്പണത്തിലൂടെ ദൈവഹിതപ്രകാരം നമ്മുടെ ജീവിതം രൂപീകരിക്കപ്പെടുകയും ചെയ്യും.

## പൂർണ്ണതയുടെ പുതിയനിയമം നല്കുന്ന പുരോഹിതൻ

പഴയ ഉടമ്പടിയിലെ ലേവായനിയമങ്ങൾ പൂർണ്ണതയുള്ളതായിരുന്നില്ല: "ലേവ്യപൗരോഹിത്യം വഴിയാണല്ലോ ജനങ്ങൾക്ക് നിയമം നല്കപ്പെട്ടത്. ആ പൗരോഹിത്യംവഴി പൂർണ്ണത പ്രാപിക്കാൻ കഴിയുമായിരുന്നെങ്കിൽ അഹറോന്റെ ക്രമത്തിൽ നിന്ന് വ്യത്യസ്തമായി മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം വേറൊരു പുരോഹിതനുണ്ടാവുക ആവശ്യമായിരുന്നോ" (ഹെബ്രാ 7:11-12). പഴയ ഉടമ്പടിയിലെ നിയമങ്ങൾ അപൂർണ്ണമാണെന്ന സൂചന ഈശോയും നല്കുന്നുണ്ട്. "നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കുവാനാണു ഞാൻ വന്നതെന്നു നിങ്ങൾ വിചാരിക്കരുത്. അസാധുവാക്കാനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത്" (മത്താ 5:17). നിയമങ്ങളുടെ പൂർത്തീകരണവുമായി കടന്നുവന്ന മിശിഹാ, പൂർണ്ണതപ്രാപിക്കാൻ കഴിവു നല്കുന്ന പുതിയ ഉടമ്പടിയുടെ നിയമം നല്കി: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ 13:34-35).

malankalibrary.com

സ്നേഹത്തിന്റെ കല്പന പാലിച്ചുകൊണ്ട് പരിപൂർണ്ണതയിൽ എത്തിച്ചേരാനുള്ള വിളിയാണ് ഓരോ ക്രൈസ്തവനും ലഭിച്ചിട്ടുള്ളത്. "....നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ. 5:48). പരിപൂർണ്ണതയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന സഭാസമൂഹത്തെ ആ വിളിക്കനുസൃതമായ ജീവിതം നയിക്കുവാൻ സഹായിക്കുക എന്ന കടമയാണ് പുതിയനിയമപുരോഹിതനിൽ നിക്ഷിപ്തമായിരിക്കുന്നത്. അജപാലകൻ എന്ന നിലയിൽ പരസ്പരം സ്നേഹിക്കുന്ന സഭാസമൂഹത്തെ രൂപപ്പെടുത്തുക എന്നതാണ് പുതിയനിയമപൗരോഹിത്യത്തിന്റെ ഒരു പ്രധാന ലക്ഷ്യം.

## പരിശുദ്ധാത്മ കൃപാവരത്താൽ പുരോഹിതനാകുന്നവൻ

പഴയനിയമ പൗരോഹിത്യം ലേവീഗോത്രത്തിൽപെട്ടവർക്ക് പിന്തുടർച്ചാവകാശമായി ലഭിച്ചിരുന്നതാണ്. അതായത് അവരുടെ പൗരോഹിത്യം വംശാവലി അനുസരിച്ചുള്ളതായിരുന്നു. എന്നാൽ വെറും മാനുഷികജന്മത്താൽ ലഭിച്ച പൗരോഹിത്യമല്ല മിശിഹായുടേത്. "അത്യുന്നതന്റെ ശക്തിയുടെ ആവാസത്താലാണ്" മനുഷ്യാവതാരത്തിലൂടെ അവിടുന്ന് പുരോഹിതശുശ്രൂഷയിലേക്ക് കടന്നത്: "ദൂതൻ മറുപടി പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1:35). മാമ്മോദീസാവേളയിൽ പരിശുദ്ധാരൂപിയുടെ പ്രത്യക്ഷീകരണത്തിലൂടെയാണ് അവിടുന്ന് പരസ്യമായി തന്റെ ദൗത്യനിർവ്വഹണത്തിലേക്ക് പ്രവേശിക്കുന്നത്. "അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങിവന്നു" (ലൂക്കാ 3:21-22). ഔദ്യോഗികമായി സുവിശേഷപ്രഘോഷണം ആരംഭിച്ച വേളയിൽ താൻ ആത്മാവിനാൽ നിറഞ്ഞവനാണെന്ന് അവിടുന്ന് പ്രഖ്യാപിക്കുന്നുണ്ട്: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ

malankalibrary.com

4:18-19). അത്ഭുതപ്രവർത്തനങ്ങൾക്കു പിന്നിലും പരിശുദ്ധാത്മാവിന്റെ ശക്തി പ്രവർത്തിക്കുന്നുണ്ടെന്ന സൂചന അവിടുന്ന് നല്കുന്നു: "ദൈവാത്മാവിനെക്കൊണ്ടാണ് ഞാൻ പിശാചുക്കളെ ബഹിഷ്ക്കരിക്കുന്നതെങ്കിൽ, ദൈവരാജ്യം നിങ്ങളിൽ വന്നു കഴിഞ്ഞിരിക്കുന്നു (മത്താ 12:28). മിശിഹായുടെ ഉയിർപ്പിലും പരിശുദ്ധാത്മാവ് പ്രവർത്തിച്ചിരുന്നു: "ഈശോയെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ, ഈശോമിശിഹായെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്ത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും" (റോമ 8:11). അങ്ങനെ ജനനം മുതൽ ഉത്ഥാനംവരെയും പരിശുദ്ധാത്മശക്തിയാൽ നയിക്കപ്പെട്ട പുരോഹിതശുശ്രൂഷ പൂർത്തിയാക്കിയവനാണ് ഈശോമിശിഹാ.

ഉത്ഥാനത്തിനുശേഷം പരിശുദ്ധാത്മാവിനെ നല്കിയാണ് മിശിഹാ ശ്ലീഹന്മാരെ തന്റെ പുരോഹിത ദൗത്യത്തിൽ പങ്കുചേർത്തത്. "ഇതുപറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു. നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20:22-23). ശ്ലൈഹിക കൈവയ്പിലൂടെയാണ് പുതിയനിയമപുരോഹിതർ അഭിഷിക്തരാകുന്നത്. "പ്രവചനപ്രകാരവും സഭാശ്രേഷ്ഠന്മാരുടെ കൈവയ്പുവഴിയും നിനക്കു നല്കപ്പെട്ട കൃപാവരം അവഗണിക്കരുത്" (1 തിമോ 4:14) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഇത് ഓർമ്മിപ്പിക്കുന്നു. "എന്റെ കൈവയ്പിലൂടെ നിനക്കു ലഭിച്ച ദൈവികവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്നു ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു" (2 തിമോ 1:6) എന്നു പറയുമ്പോൾ അരൂപിയിലുള്ള നവീകരണത്തെയാണ് സൂചിപ്പിക്കുന്നത്. കൂദാശകളെല്ലാം പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് പരികർമ്മം ചെയ്യപ്പെടുന്നത്.

## പരിശുദ്ധനും നിഷ്കളങ്കനും സ്വർഗ്ഗത്തിനുമേൽ ഉയർത്തപ്പെടുന്നവനുമായ പുരോഹിതൻ

പഴയനിയമപുരോഹിതർ ബലഹീനരായ മനുഷ്യരായിരുന്നു. തങ്ങളുടെ പാപങ്ങൾക്കുവേണ്ടിയും അവർക്ക് പരിഹാരബലി അർപ്പി

malankalibrary.com

ക്കേണ്ടിയിരുന്നു. എന്നാൽ "പരിശുദ്ധനും ദോഷരഹിതനും നിഷ്കളങ്കനും പാപികളിൽനിന്ന് വേർതിരിക്കപ്പെട്ടവനും സ്വർഗ്ഗത്തിനുമേൽ ഉയർത്തപ്പെട്ടവനുമായ പ്രധാന പുരോഹിതനാണ്" (ഹെബ്രാ 7:26) ഈശോമിശിഹാ. "ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തവൻ" (ഹെബ്രാ 4:15) ജനത്തിന്റെ പാപപരിഹാരത്തിനായി തന്നെത്തന്നെ അർപ്പിച്ചുകൊണ്ട് എന്നേക്കുമായി ഒരിക്കൽ ബലിയർപ്പിച്ചു (ഹെബ്രാ 7:27). ഈശോയുടെ പരിശുദ്ധി അവിടുത്തെ മനുഷ്യാവതാരത്തിൽത്തന്നെ പ്രഖ്യാപിക്കുന്നുണ്ട്: ".....ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1:35). പരസ്യജീവിതകാലഘട്ടത്തിൽ അംഗീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യമാണത്. "നീ ആരാണെന്ന് എനിക്കറിയാം - ദൈവത്തിന്റെ പരിശുദ്ധൻ" (മർക്കോ 1:24). ഈശോതന്നെ തന്റെ പരിശുദ്ധിയെ പ്രഖ്യാപിക്കുന്നുണ്ട്. "നിങ്ങളിൽ ആർക്ക് എന്നിൽ പാപം തെളിയിക്കാൻ കഴിയും?" (യോഹ 8:46).

പരിശുദ്ധനായ മിശിഹായുടെ ശരീരമാകുന്ന സഭാസമൂഹത്തിലെ അംഗങ്ങളും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണ്. 'നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ' (1 പത്രോ 1:15). ഇങ്ങനെയുള്ള ജനത്തിന് രൂപംകൊടുക്കുന്ന ശുശ്രൂഷ നിർവ്വഹിക്കുന്ന പുതിയനിയമപുരോഹിതരും പ്രത്യേകവിധത്തിൽ വിശുദ്ധി ജീവിക്കാൻ വിളിക്കപ്പെട്ടവരാണ്.

## പ്രത്യാശ നല്കുന്ന പുരോഹിതൻ

ലോകത്തിന് പ്രത്യാശയായാണ് മിശിഹാ കടന്നുവന്നത്. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനവും പ്രത്യാശയും" (ലൂക്കാ 2:14) എന്നാണ് ഈശോയുടെ ജനനവേളയിൽ സ്വർഗ്ഗീയദൂതർ ആലപിച്ചത്. പാപത്തിന്റെ അടിമത്തത്തിൽനിന്ന് നിത്യമായ മോചനവും അന്ത്യാത്മകമായ നിത്യജീവനിലുള്ള പ്രത്യാശയും നല്കാൻ പഴയനിയമപൗരോഹിത്യം അപര്യാപ്തമായിരുന്നു. എന്നാൽ പ്രത്യാശ നല്കുന്ന പുരോഹിതനായാണ് മിശിഹാ കടന്നുവന്നത്. നിത്യപുരോഹിതനായ മിശിഹായുടെ ജനനത്തിന്റെ സദ്‌വാർത്ത ഇടയന്മാർക്ക് നല്കിക്കൊണ്ട് കർത്താവിന്റെ ദൂതൻ പറഞ്ഞത് 'നിങ്ങൾക്കായി ഒരു രക്ഷകൻ' (ലൂക്കാ

malankalibrary.com

2:11) പിറന്നിരിക്കുന്നു എന്നാണ്. രക്ഷ നിത്യജീവനാണ്. പാപത്തിന്റെ അടിമത്തത്തിലായിരുന്ന ലോകത്തെ രക്ഷയിലേക്ക്, പ്രത്യാശയിലേക്ക് നയിക്കുന്ന പുരോഹിതനായാണ് മിശിഹാ രംഗപ്രവേശനം ചെയ്തത്: “ഈ പ്രത്യാശ നമ്മുടെ ആത്മാവിന്റെ സുരക്ഷിതവും സുസ്ഥിരവുമായ നങ്കൂരം പോലെയാണ്. നമ്മുടെ മുന്നോടിയായി ഈശോ മെൽക്കിസെദേക്കിന്റെ ക്രമപ്രകാരം എന്നേയ്ക്കും പുരോഹിതനായിക്കൊണ്ട് ഏതു വിരിക്കുള്ളിൽ പ്രവേശിച്ചുവോ അതേ വിരിക്കുള്ളിലേക്ക് ഈ പ്രത്യാശ കടന്നു ചെല്ലുന്നു” (ഹെബ്രാ 7:19-20).

നിത്യജീവനിലേക്ക് വഴി തുറക്കുന്ന പുരോഹിതനായി കടന്നുവന്ന മിശിഹായുടെ പുരോഹിതശുശ്രൂഷയാണ് സഭയിൽ ഇന്നും തുടരുന്നത്. രക്ഷ പ്രത്യാശയാണ്. രക്ഷാകരരഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നതിലൂടെ സഭാമക്കളെ പുരോഹിതർ പ്രത്യാശയിലേക്ക് നയിക്കുന്നു. അതുകൊണ്ട് പ്രത്യാശ നല്കുന്ന ശുശ്രൂഷയാണ് പുതിയനിയമപൗരോഹിത്യ ശുശ്രൂഷ.

malankalibrary.com



3

# ശുശ്രൂഷാപൗരോഹിത്യം: പുതിയനിയമവീക്ഷണത്തിൽ

**പു**തിയനിയമപൗരോഹിത്യത്തിന്റെ ഉറവിട ത്തെയും സുവിശേഷകേന്ദ്രീകൃതമായ പുരോഹിത ശുശ്രൂഷയുടെ സ്വഭാവത്തെയും കുറിച്ചുള്ള ഒരു വിശ കലനമാണ് ഇവിടെ നടത്തുന്നത്.

## 1. മിശിഹാ: പുതിയനിയമപുരോഹിതൻ

പുതിയനിയമത്തിൽ പുതിയനിയമപുരോഹിത രെക്കുറിച്ച് പരാമർശിക്കുന്നില്ല. മറ്റു വാക്കുകളിൽ പറ ഞ്ഞാൽ, സഭയിലെ പുരോഹിതശുശ്രൂഷകരെ സൂചി പ്പിക്കാൻ 'പുരോഹിതൻ' എന്ന വാക്ക് പുതിയനിയ

malankalibrary.com

മത്തിൽ ഉപയോഗിക്കുന്നില്ല. കാരണം പുതിയനിയമത്തിൽ ഒരേയൊരു പുരോഹിതൻ മാത്രമേയുള്ളു - ഈശോമിശിഹാമാത്രം. ഹെബ്രായലേഖനത്തിൽ മിശിഹായെ 'പ്രധാന പുരോഹിതൻ' (2:17-18) 'ഉന്നതപുരോഹിതൻ' (3:1) 'ശ്രേഷ്ഠപുരോഹിതൻ' (4:14) എന്നൊക്കെ വിശേഷിപ്പിക്കുന്നുണ്ട്."...ഇവൻ എന്നേക്കും നിലനില്ക്കുകനിമിത്തം ഇവന്റെ ആചാര്യത്വവും എന്നേക്കും നിലനില്ക്കുന്നു" (ഹെബ്രാ 7:24). കൈമാറപ്പെടാത്ത, നിത്യമായ ഈശോയുടെ ഈ പൗരോഹിത്യത്തിൽ പുതിയനിയമപുരോഹിതർ പങ്കുചേരുകയാണു ചെയ്യുന്നത്. അതുകൊണ്ട് പുരോഹിതശുശ്രൂഷ നിർവ്വഹിക്കപ്പെടുമ്പോൾ നിത്യപുരോഹിതനായ ഈശോതന്നെയാണ് അവിടെ സന്നിഹിതനാകുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനക്രമത്തെ സംബന്ധിക്കുന്ന കോൺസ്റ്റിറ്റ്യൂഷനിൽ ഇത് വ്യക്തമാക്കന്നുണ്ട്: "...മിശിഹാ തന്റെ സഭയിൽ, പ്രത്യേകിച്ച് ആരാധനക്രമസംബന്ധമായ കർമ്മങ്ങളിൽ സദാ സന്നിഹിതനാണ്. ശുശ്രൂഷകനിൽ മാത്രമല്ല - കുരിശിൽ സ്വയാർപ്പണം ചെയ്ത അവിടുന്നുതന്നെയാണ് പുരോഹിതശുശ്രൂഷയിലൂടെ ഇപ്പോൾ അതേ അർപ്പണം നടത്തുന്നത്" (SC 7).

## 2. ശ്ലീഹന്മാർ: ഈശോയുടെ പൗരോഹിത്യപങ്കാളികൾ

മിശിഹായുടെ പൗരോഹിത്യത്തിന്റെ തുടർച്ചയാണ് ശുശ്രൂഷാപൗരോഹിത്യം. ശ്ലീഹന്മാർക്കാണ് മിശിഹായുടെ പൗരോഹിത്യത്തിൽ ആദ്യമായി ഭാഗഭാഗിത്വം ലഭിച്ചത്. മിശിഹാ ലോകത്തിലേക്ക് കടന്നുവന്നത് പാപമോചകനായിട്ടാണ്: "അടുത്തദിവസം ഈശോ തന്റെ അടുത്തേക്കു വരുന്നതു കണ്ട് അവൻ പറഞ്ഞു: ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ 1:29). നിത്യപുരോഹിതനായ മിശിഹായുടെ പുരോഹിതശുശ്രൂഷയുടെ ലക്ഷ്യവും മറ്റൊന്നായിരുന്നില്ല. ഈ പുരോഹിതശുശ്രൂഷ സഭയിൽ തുടരുവാനുള്ള ദൗത്യം അവിടുന്ന് തന്റെ ഉത്ഥാനത്തിനുശേഷം ശ്ലീഹന്മാരെ ഭരമേല്പിച്ചു. "... എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതരുൾ ചെയ്തിട്ട് അവൻ അവരുടെമേൽ ഊതി." അവൻ തുടർന്നു; "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെട്ടവയായിരിക്കും. നിങ്ങൾ

malankalibrary.com

ആരുടെയെങ്കിലും പാപങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും (യോഹ 20:21-33). മിശിഹായുടെ പൗരോഹിത്യദൗത്യത്തിൽ പങ്കുചേർന്ന ശ്ലീഹന്മാർ തങ്ങളുടെ ശ്ലൈഹികശുശ്രൂഷയിലൂടെ അവിടുത്തെ പുരോഹിതശുശ്രൂഷ ആദിമസഭയിൽ തുടർന്നു.

## 3. ശുശ്രൂഷാ പൗരോഹിത്യം ശ്ലൈഹികകൈവയ്പിലൂടെ

ക്രിസ്തീയ പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുരോഹിതൻ ശ്ലീഹന്മാരുടെ കൈവയ്പിലൂടെയാണ് പൗരോഹിത്യത്തിലേക്ക് കടന്നുവരുന്നത്. 'പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു' എന്ന് പരി. കുർബാനയിലെ പ്രാർത്ഥനയിൽ നാം അനുസ്മരിക്കുന്നുണ്ട്. സുവിശേഷപ്രഘോഷണമായിരുന്നു ശ്ലീഹന്മാരുടെ ദൗത്യം. തങ്ങളുടെ പ്രഘോഷണത്തിലൂടെ രൂപംകൊള്ളുന്ന വിശ്വാസികളുടെ സമൂഹത്തിൽ സുവിശേഷപ്രഘോഷണം എന്ന ദൗത്യം തുടരുവാൻ കൈവയ്പിലൂടെ തങ്ങളുടെ പിൻഗാമികളെ ശ്ലീഹന്മാർ നിയമിച്ചിരുന്നു. "എന്റെ കൈവയ്പുവഴി നീ സ്വീകരിച്ചിരിക്കുന്ന ദൈവദാനം നീ ഉജ്ജ്വലിപ്പിക്കണമെന്ന് ഞാൻ അനുസ്മരിപ്പിക്കുന്നു" (2 തിമോത്തി 1:6) എന്ന പൗലോസ്ശ്ലീഹായുടെ ഉദ്ബോധനവും ഇത് സൂചിപ്പിക്കുന്നു. ഇങ്ങനെ നിയമിക്കപ്പെടുന്നവർ 'ശ്രേഷ്ഠന്മാർ' (പ്രെസ്ബിത്തറോയി) എന്ന പേരിൽ അറിയപ്പെട്ടിരുന്നു (നട 20:17). ഈ ശ്രേഷ്ഠന്മാരുടെ കൈവയ്പിലൂടെയാണ് പുരോഹിതശുശ്രൂഷയ്ക്കുള്ള വ്യക്തികൾ തുടർന്നും നിയമിതരായിരുന്നത്. "പ്രവചനപ്രകാരവും സഭാ ശ്രേഷ്ഠന്മാരുടെ കൈവയ്പാലും നിനക്കു നല്കപ്പെട്ടിരിക്കുന്ന കൃപാവരം നീ അവഗണിക്കരുത്" (1 തിമോ 4:14) എന്ന് വി. പൗലോസ്ശ്ലീഹാ തിമോത്തിയോസിനെ ഓർമ്മിപ്പിക്കുന്നുണ്ട്. ഇങ്ങനെ പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ കൈവയ്പിലൂടെ സഭാസമൂഹത്തിൽ ശ്ലൈഹികദൗത്യം അഥവാ മിശിഹായുടെ പുരോഹിതദൗത്യം തുടരുവാൻ നിയമിതരായവരാണ് ക്രൈസ്തവപുരോഹിതർ.

## 4. പൗരോഹിത്യശുശ്രൂഷയുടെ വിവിധ വശങ്ങൾ

പൗരോഹിത്യശുശ്രൂഷ സഭയിൽ തുടരുന്നത് മൂന്നു വിധത്തിലാണ്: അവ ശ്ലൈഹികശുശ്രൂഷ, അജപാലനശുശ്രൂഷ, ആരാധനക്രമശുശ്രൂഷ എന്നിവയാണ്.

malankalibrary.com

## പൗരോഹിത്യശുശ്രൂഷ: ശ്ലൈഹികശുശ്രൂഷ

ശ്ലീഹന്മാർ മിശിഹായുടെ സുവിശേഷത്തിനുവേണ്ടി അഭിഷേകം ചെയ്യപ്പെട്ടവരാണ് (മർക്കോ 16:15; റോമ 1:1). അപ്പസ്തോലപ്രമുഖ നായ പത്രോസ് പതിനൊന്നു ശ്ലീഹന്മാരോടുംകൂടെ നടത്തിയ സുവി ശേഷപ്രഘോഷണത്തിന്റെ ഫലമായാണ് ആദിമസഭ രൂപംകൊണ്ടത് (നട 2:37-41). അതുകൊണ്ട് പുരോഹിതരുടെ പ്രഥമ കർത്തവ്യം സുവിശേഷപ്രഘോഷണമാണ്. സുവിശേഷപ്രഘോഷണത്തെ പുരോ ഹിതശുശ്രൂഷയെന്ന് വി. പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നുണ്ട്: "ദൈവത്തിന്റെ കൃപ എന്നെ വിജാതീയർക്കുവേണ്ടി ഈശോമിശി ഹായുടെ ശുശ്രൂഷകനാക്കിയിരിക്കുകയാണല്ലോ. വിജാതീയരാകു ന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീ കൃതവും ആകാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്നു" (റോമ 15:16). സുവിശേഷപ്രഘോ ഷണത്തിലൂടെ വിശ്വസിക്കുന്ന സമൂഹമായി സഭയെ പടു ത്തുയർത്തുക എന്ന ദൗത്യമാണ് പുരോഹിതരിൽ നിക്ഷിപ്തമായി രിക്കുന്നത് (റോമ 1:1-5). ദൈവരാജ്യപ്രഘോഷണത്തിലൂടെ സുവി ശേഷത്തിൽ വിശ്വസിക്കുവാൻ ജനങ്ങളെ ആഹ്വാനം ചെയ്ത ഈശോയെ (മർക്കോ 1:14-15) പുരോഹിതൻ ഇവിടെ പ്രതിനിധീക രിക്കുന്നു.

## പുരോഹിതശുശ്രൂഷ: അജപാലനശുശ്രൂഷ

പുരോഹിതശുശ്രൂഷയുടെ രണ്ടാമത്തെ വശം അജപാലനശു ശ്രൂഷയാണ്. ശ്ലീഹന്മാരുടെ പിൻഗാമികളായി നിയമിക്കപ്പെട്ട ശ്രേഷ്ഠ ന്മാർക്ക് കൊടുത്ത നിർദ്ദേശങ്ങൾ ഇത് വ്യക്തമാക്കുന്നുണ്ട്: "ആക യാൽ നിങ്ങളെയും അജഗണം മുഴുവനെയുംപറ്റി ശ്രദ്ധയുള്ളവരാ യിരിക്കുവിൻ. മിശിഹാ സ്വന്തം രക്തംകൊണ്ടു നേടിയ സഭയെ പരി പാലിക്കാൻ പരിശുദ്ധാത്മാവ് നിങ്ങളെ അജപാലകരായി നിയമി ച്ചിരിക്കുന്നു" (നട 20:28). തങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ മേയിക്കുവാനും ആദ്ധ്യാത്മികമായി അന്വേഷിക്കുവാനും അവർക്ക് നല്ല മാതൃകകളായിത്തീരുവാനും തന്റെ ലേഖനത്തിലൂടെ പത്രോസ് ശ്ലീഹായും സഭാശുശ്രൂഷകരെ ഓർമ്മി പ്പിക്കുന്നുണ്ട്: "ഒരു സഹശ്രേഷ്ഠനും മിശിഹായുടെ സഹനങ്ങ

malankalibrary.com

ളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തിന്റെ പങ്കുകാരനും എന്ന നിലയിൽ ഞാൻ നിങ്ങളുടെയിടയിലെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നു: നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബന്ധം മൂലമായിരിക്കരുത്. ദൈവത്തെപ്രതി സന്മനസ്സോടെ ആയിരിക്കണം; ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം; അജഗണത്തിന്റെമേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്, സൻമാതൃത നല്കിക്കൊണ്ടായിരിക്കണം. ഇടയന്മാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്ത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്കു ലഭിക്കും" (1 പത്രോ 5:1-5). അജപാലനശുശ്രൂഷയിലൂടെ സുവിശേഷം ജീവിക്കുന്ന സമൂഹത്തിന് രൂപംകൊടുക്കാനുള്ള കടമയാണ് ഇവിടെ വ്യക്തമാകുന്നത്. ഇവിടെ പുരോഹിതൻ നല്ല ഇടയനായ ഈശോയെ (യോഹ 10:11) ആണ് പ്രതിനിധീകരിക്കുന്നത്.

### പൗരോഹിത്യശുശ്രൂഷ: ആരാധനക്രമശുശ്രൂഷ

അന്ത്യത്താഴത്തിൽ വിശുദ്ധകുർബാന സ്ഥാപനസന്ദർഭത്തിൽ ശ്ലീഹന്മാർക്ക് ഈശോ ഏല്പിച്ചുകൊടുത്ത ശുശ്രൂഷയാണ് വി. കുർബാനയിൽ കേന്ദ്രീകൃതമായ ആരാധനക്രമശുശ്രൂഷ. "പിന്നെ അവൻ അപ്പമെടുത്ത്, കൃതജ്ഞതാസ്തോത്രം ചെയ്ത്, മുറിച്ച്, അവർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: ഇതു നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്. എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ" (ലൂക്കാ 22:19). സഭാസമൂഹമൊന്നിച്ചുകൂടി അപ്പം മുറിക്കൽ ശുശ്രൂഷ നടത്തുമ്പോൾ പൗലോസ്ശ്ലീഹാ അതിനു നേതൃത്വം നല്കുന്നതായി നടപടി 20:7-12-ൽ കാണുന്നു. എല്ലാ കൂദാശകളും ആരാധനക്രമ ആഘോഷങ്ങളും വി. കുർബാനയിലേക്ക് ഉന്നം വച്ചിരിക്കുന്നു. ആരാധനക്രമത്തിന്റെ കേന്ദ്രമായ വി. കുർബാനയിൽ കാർമ്മികൻ എന്ന നിലയിൽ നിത്യപുരോഹിതനും ബലിയർപ്പകനും ബലിവസ്തുവുമായ മിശിഹായുടെ പ്രതിനിധിയായാണ് പുരോഹിതൻ വർത്തിക്കുന്നത്. സഭയുടെ പ്രാർത്ഥനാജീവിതം ലിറ്റർജിയിൽനിന്ന് ഉരുത്തിരിയുന്നതും ലിറ്റർജിയിലേക്ക് നയിക്കുന്നതുമായിരിക്കണം. അതുകൊണ്ട് സഭാസമൂഹത്തിന്റെ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുക്കുക എന്നത് പുരോഹിതശുശ്രൂഷയുടെ

malankalibrary.com

പ്രധാനപ്പെട്ട ഒരു ദൗത്യമാണ്.

സഭാസമൂഹവുമായി അവശ്യം ബന്ധപ്പെട്ട ശുശ്രൂഷയാണ് പുരോഹിതരുടേത്. സുവിശേഷപ്രഘോഷണത്തിലൂടെ സമൂഹത്തെ വിശ്വസിക്കുന്ന സഭാസമൂഹമായി കെട്ടിപ്പടുത്ത്, അജപാലനശുശ്രൂഷയിലൂടെ സഭയെ കൂട്ടായ്മയായി രൂപന്തരപ്പെടുത്തി, ആരാധനക്രമശുശ്രൂഷയിലൂടെ സഭയെ ആരാധിക്കുന്നതും പ്രാർത്ഥിക്കുന്നതുമായ സമൂഹമാക്കിത്തീർക്കുന്ന ദൗത്യമായാണ് പുതിയനിയമ പുരോഹിതശുശ്രൂഷയെ മനസ്സിലാക്കേണ്ടത്. അങ്ങനെ തങ്ങൾക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരെ ആദിമസഭാസമൂഹത്തിന്റെ ചൈതന്യത്തിലാക്കി തീർക്കാനുള്ള ശുശ്രൂഷയാണ് പുരോഹിതശുശ്രൂഷ. ആദിമ ക്രൈസ്തവസമൂഹത്തിന്റെ രൂപരേഖ ഇപ്രകാരമാണ്: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (നട 2:42)

malankalibrary.com



4

# പുതിയനിയമപൗരോഹിത്യവും പരിശുദ്ധാത്മാവും

**ശ്ലൈ**ഹിക കൈവയ്പിലൂടെ നല്കപ്പെടുന്ന പുതിയനിയമപൗരോഹിത്യം മിശിഹായുടെ പൗരോഹിത്യത്തിന്റെ തുടർച്ചയാണ്. ഈ പൗരോഹിത്യത്തിന്റെ പ്രധാനശില്പി, മിശിഹായുടെ പൗരോഹിത്യാഭിഷേകത്തിൽ പ്രവർത്തിച്ച പരിശുദ്ധാത്മാവു തന്നെയാണ്. നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യശുശ്രൂഷാജീവിതത്തിൽ പരിശുദ്ധാരൂപിയുടെ പ്രവർത്തനത്തിന്റെ മൂന്ന് പ്രധാനഘട്ടങ്ങൾ കാണുവാൻ സാധിക്കും: 1. ജനനം, 2. പ്രഖ്യാപനം, 3. സ്ഥിരീകരണം.

malankalibrary.com

**ജനനം:** മനുഷ്യാവതാരത്തിലൂടെയാണ് മിശിഹാ തന്റെ പുരോഹിതശുശ്രൂഷയിലേക്ക് കടന്നുവന്നത്. മനുഷ്യാവതാരരഹസ്യത്തെപ്പറ്റി പരി. മറിയത്തോടു സംസാരിച്ച വേളയിൽ കർത്താവിന്റെ ദൂതൻ പറഞ്ഞതിപ്രകാരമാണ്: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും" (ലൂക്കാ 1:35). ദൈവമനുഷ്യനായ, നിത്യപുരോഹിതനായ, മിശിഹായുടെ ജനനത്തിനു പിന്നിൽ പ്രവർത്തിച്ചത് പരിശുദ്ധാത്മാവാണ് എന്ന് ഇത് വ്യക്തമാക്കുന്നു.

**പ്രഖ്യാപനം:** നിത്യപുരോഹിതനായ ഈശോ പരസ്യജീവിതത്തിലേക്ക് പ്രവേശിച്ചത് മാമ്മോദീസായിലൂടെയാണ്. മാമ്മോദീസാ മിശിഹായുടെ പൗരോഹിത്യപ്രഖ്യാപനമായിരുന്നു എന്നു പറയാം. "സ്നാനം കഴിഞ്ഞയുടൻ ഈശോ വെള്ളത്തിൽ നിന്നു കയറി. അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽനിന്നു കേട്ടു" (മത്താ 3:16-17). മിശിഹായെ പുരോഹിതനായി ലോകത്തിനുമുമ്പിൽ അവതരിപ്പിക്കുന്ന ഈ അവസരത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വളരെ വ്യക്തമാണ്. പിന്നീട്, ഔദ്യോഗികമായി പുരോഹിതശുശ്രൂഷ ആരംഭിക്കുമ്പോൾ, തന്റെ പൗരോഹിത്യത്തിന്റെ അന്തഃസത്ത സുവിശേഷപ്രഘോഷണമാണെന്നും അതിനായി താൻ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട് അയയ്ക്കപ്പെട്ടിരിക്കുകയാണെന്നും അവിടുന്ന് പ്രഖ്യാപിക്കുന്നുണ്ട്: "കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19).

പരസ്യജീവിതകാലഘട്ടത്തിൽ തന്റെ ജീവിതത്തിലൂടെയും വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും അത്ഭുതങ്ങളിലൂടെയും അവസാനം തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും അവിടുന്ന് തന്റെ സുവിശേഷപ്രഘോഷണം പൂർത്തിയാക്കുകയായിരുന്നു. പരസ്യജീവിതത്തിലുടനീളമുള്ള മിശിഹായുടെ സുവിശേഷപ്രഘോഷണത്തിനു പിന്നിൽ പ്രവർത്തിച്ചത് പരിശുദ്ധാത്മാവിന്റെ ശക്തിയാണ്. തന്റെ അത്ഭുതങ്ങളെ ദുർവ്യാഖ്യാനം ചെയ്ത ഫരിസേയ

malankalibrary.com

രോട് അവിടുന്ന് പറഞ്ഞു: "ദൈവാത്മാവിനെക്കൊണ്ടാണു ഞാൻ പിശാചുക്കളെ ബഹിഷ്കരിക്കുന്നതെങ്കിൽ ദൈവരാജ്യം നിങ്ങളിൽ വന്നു കഴിഞ്ഞിരിക്കുന്നു" (മത്താ 12:28). തന്റെ സുവിശേഷപ്രഘോഷണത്തെ തെറ്റായി വ്യാഖ്യാനിക്കുകയും തിരസ്കരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ അവിടുന്ന് ഇപ്രകാരം പറയുന്നു: "ആകയാൽ, ഞാൻ നിങ്ങളോടു പറയുന്നു: മനുഷ്യന്റെ എല്ലാ പാപവും ദൈവദൂഷണവും ക്ഷമിക്കപ്പെടും; എന്നാൽ, ആത്മാവിനെതിരായ ദൂഷണം ക്ഷമിക്കപ്പെടുകയില്ല. മനുഷ്യപുത്രനെതിരായി ആരെങ്കിലും ഒരു വാക്കു പറഞ്ഞാൽ അത് ക്ഷമിക്കപ്പെടും. എന്നാൽ, പരിശുദ്ധാത്മാവിനെതിരായി ആരെങ്കിലും സംസാരിച്ചാൽ ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല" (മത്താ 12:31-32). ഈശോയുടെ പ്രവർത്തനങ്ങളുടെയും ജീവിതം മുഴുവന്റേയും പിന്നിൽ പരിശുദ്ധാത്മാവാണ് പ്രവർത്തിക്കുന്നത് എന്ന സൂചനയാണ് ഇത് നല്കുന്നത്.

ലൂക്കാ സുവിശേഷകൻ പരിശുദ്ധാത്മാവിനെ ഉന്നതത്തിൽ നിന്നുള്ള, അത്യുന്നതന്റെ 'ശക്തി'യായാണ് അവതരിപ്പിക്കുന്നത് (1:34; 24:49). മിശിഹായുടെ പുരോഹിതനടുത്ത ബലിയർപ്പണത്തിന്റെ അത്യുച്ചിയായ പീഡാനുഭവവേളയിൽ ഈ പരിശുദ്ധാത്മാവിന്റെ ശക്തി പ്രവർത്തിക്കുന്നതായി ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട്: "അപ്പോൾ അവനെ ശക്തിപ്പെടുത്താൻ സ്വർഗ്ഗത്തിൽനിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു" (22:42-43). അരൂപിയുടെ ശക്തിയാലാണ് മിശിഹാ തന്റെ പുരോഹിതനടുത്ത ജീവിതബലിയർപ്പണം പൂർത്തിയാക്കുന്നത്.

**സ്ഥിരീകരണം:** ഉത്ഥാനമായിരുന്നു മിശിഹായുടെ പൗരോഹിത്യ ശുശ്രൂഷയുടെ പൂർത്തീകരണം. പുത്രന്റെ ജീവിതബലിയിൽ പ്രസാദിച്ച പിതാവ് ഉത്ഥാനത്തിലൂടെ മിശിഹായെ പൗരോഹിത്യത്തിൽ എന്നേക്കുമായി സ്ഥിരീകരിച്ചു. ഉത്ഥാനത്തിലൂടെയുള്ള മിശിഹായുടെ പൗരോഹിത്യ സ്ഥിരീകരണത്തിലുള്ള പരിശുദ്ധാത്മാവിന്റെ പങ്ക് വളരെ വ്യക്തമാണ്. "ഈശോയെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുണ്ടെങ്കിൽ, ഈശോമിശിഹായെ ഉയിർപ്പിച്ചവൻ നിങ്ങളുടെ മർത്ത്യശരീരങ്ങൾക്കും നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനാൽ ജീവൻ പ്രദാനം ചെയ്യും" (റോമ 8:11).

malankalibrary.com



5

# പുതിയനിയമപൗരോഹിത്യം ശ്ലീഹന്മാരിൽ

**ശ്ലീ**ഹന്മാരുടെ പൗരോഹിത്യസ്വീകരണത്തിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനം പ്രകടമാണ്. ഇതും വിവിധ ഘട്ടങ്ങളിലായി പൂർത്തിയാകുന്നതായി കാണാം.

**ജനനം:** ശ്ലീഹന്മാർ പൗരോഹിത്യത്തിലേക്ക് പ്രവേശിപ്പിക്കപ്പെട്ടത് ഈശോയിലൂടെ നല്കപ്പെട്ട ദൈവവിളിയിലൂടെയാണ്. ശ്ലൈഹിക ശുശ്രൂഷയുടെ നിർവ്വഹണത്തിനായി ഈശോയാൽ വിളിക്കപ്പെട്ടതോടുകൂടി അവർ ഒരു പുതിയ ജീവിതത്തിലേക്ക്

malankalibrary.com

പ്രവേശിക്കുകയായിരുന്നു. ഇതിനെ പൗരോഹിത്യത്തിലേക്കുള്ള ശ്ലീഹന്മാരുടെ ജനനം എന്ന് വിശേഷിപ്പിക്കാം. “പിന്നെ, അവൻ മലമുകളിലേക്കു കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു” (മർക്കോ 3:13-15). ഈ വിളിയാലാണ് അവർ പൗരോഹിത്യത്തിലേക്ക് പ്രവേശിച്ചത്. ഈ വിളിയുടെ പിന്നിൽ പ്രവർത്തിച്ചത് പരിശുദ്ധാത്മാവു തന്നെയാണ്. “എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല” (യോഹ 6:44) എന്ന് ഈശോ അരുൾച്ചെയ്തിട്ടുണ്ട്. പൗരോഹിത്യത്തിലേക്കുള്ള വിളിയുടെ സ്വീകരണത്തിനു പിന്നിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്.

**പ്രഖ്യാപനം:** തന്റെ സുവിശേഷപ്രഘോഷണത്തിൽ പങ്കുചേരുവാൻ അധികാരപ്പെടുത്തി പന്ത്രണ്ടു ശ്ലീഹന്മാരെ പറഞ്ഞയയ്ക്കുന്ന രംഗം അവരുടെ പൗരോഹിത്യപ്രഖ്യാപനത്തിന്റെ ആദ്യഘട്ടമായി കരുതാം (മത്താ 9:35-10:8). തന്റെ സുവിശേഷപ്രഘോഷണത്തിന്റെ അതേ ശൈലിയാണ് ഈശോ ശിഷ്യരുടെ സുവിശേഷപ്രഘോഷണശൈലിയായി പ്രഖ്യാപിക്കുന്നത്. അതുകൊണ്ട് അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതും പരിശുദ്ധാത്മാവാണ്. വി. കുർബാന സ്ഥാപനത്തിനുശേഷം ഈശോ അരുളിച്ചെയ്തു: “എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ” (ലൂക്കാ 22:19). ഇത് ശ്ലീഹന്മാരുടെ പൗരോഹിത്യത്തിന്റെ പരസ്യപ്രഖ്യാപനത്തിന്റെ രണ്ടാംഘട്ടമായി കരുതാം. തന്റെ സുവിശേഷപ്രഘോഷണത്തിന്റെ പൂർണ്ണരൂപമായ ജീവിതബലി കൂദാശാപരമായി തുടർന്നർപ്പിക്കാൻ അവർ നിയമിക്കപ്പെടുകയായിരുന്നു. മിശിഹായുടെ പ്രവർത്തനങ്ങളുടേയും ജീവിതം മുഴുവന്റെയും പിന്നിൽ പരിശുദ്ധാരൂപി പ്രവർത്തിച്ചിരുന്നതുകൊണ്ട് പൗരോഹിത്യത്തിന്റെ ഈ പരസ്യപ്രഖ്യാപനത്തിനു പിന്നിലും അരൂപിയുടെ സാന്നിദ്ധ്യമുണ്ട് എന്നത് വ്യക്തമാണ്.

**സ്ഥിരീകരണം:** തന്റെ ഉത്ഥാനത്തിനുശേഷം മിശിഹാ ശ്ലീഹന്മാരെ പൗരോഹിത്യപദവിയിൽ സ്ഥിരീകരിക്കുന്നതായി കാണാം:

malankalibrary.com

"..... പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20:21-23). നിത്യപുരോഹിതനായ മിശിഹാ, നിശ്വസനത്തിലൂടെ തന്റെ അരൂപിയെയാണ് അവർക്ക് നല്കുന്നത്. നിശ്വസനം ജീവനാണ്. അതായത്, ഈ നിശ്വസനം സ്വീകരിച്ചതിലൂടെ നിത്യപുരോഹിതനായ ഈശോ അവരിൽ ജീവിക്കുന്നു. അങ്ങനെ ലോകാവസാനത്തോളം സഭയിൽ ശ്ലൈഹികകൈവയ്പിലൂടെ തലമുറതലമുറകളായി നിർവ്വഹിക്കപ്പെടേണ്ട ശുശ്രൂഷാ പൗരോഹിത്യം എന്നേക്കുമായി സ്ഥിരീകരിക്കപ്പെട്ടു.

malankalibrary.com



6

# പുതിയനിയമപൗരോഹിത്യം ക്രൈസ്തവപുരോഹിതരിൽ

**ഈ**ശോയുടെ പുരോഹിതശുശ്രൂഷയിൽ പങ്കുചേരാൻ വിളിക്കപ്പെടുന്നവരുടെ പൗരോഹിത്യത്തിലേക്കുള്ള ജനനവും പ്രഖ്യാപനവും സ്ഥിരീകരണവുമെല്ലാം പൗരോഹിത്യാഭിഷേകത്തിൽ നടക്കുന്നുവെന്നു പറയാം. പരിശുദ്ധാത്മാവിന്റെ കൃപാവരത്താലാണല്ലോ ശ്ലൈഹികകൈവയ്പിലൂടെ ഇന്നും പൗരോഹിത്യാഭിഷേകം നടക്കുന്നത്.

### ശ്ലീഹന്മാരിൽനിന്നും ശ്രേഷ്ഠന്മാരിലേക്ക്

ശ്ലൈഹിക കൈവയ്പിലൂടെയാണ് അനന്തര

malankalibrary.com

തലമുറകൾ പൗരോഹിത്യശുശ്രൂഷയിൽ പങ്കുചേർന്നിരുന്നത് എന്നത് നാം കണ്ടുകഴിഞ്ഞു. ഇങ്ങനെ ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുചേർന്നിരുന്നവരെ പുതിയ നിയമത്തിൽ 'ശ്രേഷ്ഠന്മാർ' (പ്രെസ്ബിത്തറോയി) എന്നു വിളിച്ചിരുന്നു. ശ്ലീഹന്മാർ സുവിശേഷപ്രഘോഷണം നിർവ്വഹിച്ചുകൊണ്ട് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്കു മാറിമാറിപ്പോകുന്നവരായിരുന്നു. അതുകൊണ്ട് സുവിശേഷം സ്വീകരിച്ച ഒരു സമൂഹം രൂപപ്പെട്ടുകഴിയുമ്പോൾ അവരോടൊത്തു താമസിച്ച് ആ സഭാസമൂഹത്തിൽ തുടർന്ന് സുവിശേഷപ്രഘോഷണം നിർവ്വഹിക്കുവാൻ തങ്ങളുടെ പിൻഗാമികളെ നിയമിക്കുവാൻ ശ്ലീഹന്മാർ നിർബന്ധിതരായി. അങ്ങനെ നിയമിക്കപ്പെട്ടവരാണ് ശ്രേഷ്ഠന്മാർ. ശ്ലൈഹികദൗത്യം തന്നെയാണ് അവർ നിർവ്വഹിച്ചിരുന്നത്.

പത്രോസിന്റെ ഒന്നാം ലേഖനത്തിൽ ഇങ്ങനെ വായിക്കുന്നു: "ഒരു സഹശ്രേഷ്ഠനും മിശിഹായുടെ സഹനങ്ങളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തിന്റെ പങ്കുകാരനും എന്ന നിലയിൽ ഞാൻ നിങ്ങളുടെയിടയിലെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നു" (1 പത്രോ 5:1). ഇവിടെ ശ്രേഷ്ഠന്മാരെ ഉപദേശിച്ചുകൊണ്ട് സ്വയം ഒരു സഹശ്രേഷ്ഠനെന്ന് വി. പത്രോസ് ശ്ലീഹാ വിശേഷിപ്പിക്കുന്നു. ശ്ലീഹന്മാരുടെ ദൗത്യം തന്നെയാണ് ശ്രേഷ്ഠന്മാർ തുടരുന്നതെന്ന് ഇത് സൂചിപ്പിക്കുന്നു. ശ്രേഷ്ഠന്മാരുടെ തിരഞ്ഞെടുപ്പിനു പിന്നിലും പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവാണ്. എഫേസൂസിൽ നിന്നുള്ള ശ്രേഷ്ഠന്മാരോടുള്ള വി. പൗലോസിന്റെ വാക്കുകൾ ഇത് വ്യക്തമാക്കുന്നു: "കർത്താവ്, സ്വന്തം രക്തത്താൽ നേടിയെടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ചിരിക്കുന്ന അജപാലകരാണ് നിങ്ങൾ" (ശ്ലീഹ 20:28).

ആദിമസഭയിൽ ശ്ലീഹന്മാരും ശ്രേഷ്ഠന്മാരും ഒരുമിച്ചു പ്രവർത്തിച്ചിരുന്നു എന്നതിന്റെ സൂചനകൾ നടപടി പുസ്തകത്തിലുണ്ട്. വിജാതീയ ക്രൈസ്തവരുടെ പരിച്ഛേദനത്തെക്കുറിച്ച് തെറ്റായ പ്രബോധനമുണ്ടായപ്പോൾ "ജറുസലേമിൽചെന്ന് ശ്ലീഹന്മാരും ശ്രേഷ്ഠന്മാരുമായി ഈ പ്രശ്നം ചർച്ച ചെയ്യാൻ പൗലോസും ബർണ്ണബാസും അവരുടെ കൂട്ടത്തിൽപ്പെട്ട മറ്റു ചിലരും നിയോഗിക്കപ്പെട്ടു' (ശ്ലീഹ 15:2) എന്നു പറയുന്നുണ്ട്. "ജറുസലേമിൽ എത്തി

malankalibrary.com

യപ്പോൾ സഭയും ശ്ലീഹന്മാരും ശ്രേഷ്ഠന്മാരും അവരെ സ്വീകരിച്ചു" (ശ്ലീഹ 15:4). ജറുസലേം സൂനഹദോസിൽ പങ്കെടുത്തവരെപ്പറ്റി പറയുമ്പോഴും 'അപ്പസ്തോലന്മാരും ശ്രേഷ്ഠന്മാരും' (ശ്ലീഹ 15:6) എന്ന് എടുത്തുപറയുന്നുണ്ട്. ശ്ലൈഹികശുശ്രൂഷ ശ്രേഷ്ഠന്മാരിലൂടെ തുടർന്നിരുന്നു എന്നതിന്റെ വ്യക്തമായ തെളിവുകളാണിവ.

യഹൂദക്രൈസ്തവരുടെ ഇടയിൽ ശ്രേഷ്ഠന്മാർ (പ്രെസ്ബിത്തറോയി) എന്നറിയപ്പെട്ടിരുന്നവർത്തന്നെയാണ് പുതിയനിയമകാലഘട്ടത്തിൽ ഗ്രീക്കുസഭകളിൽ 'മെത്രാന്മാർ' (എപ്പിസ്ക്കോപ്പോയി) എന്ന് അറിയപ്പെട്ടിരുന്നത്. തിമോത്തിയോസിനെഴുതിയ ഒന്നാം ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ മെത്രാൻസ്ഥാനത്തെപ്പറ്റി പരാമർശിക്കുന്നു (3:1-2). ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിലെ അഭിസംബോധനയിലും പ്രെസ്ബിത്തറോയി (ശ്രേഷ്ഠന്മാർ) എന്നതിനു പകരം 'എപ്പിസ്ക്കോപ്പോയി' (മെത്രാന്മാർ) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. "ഈശോമിശിഹായുടെ ദാസന്മാരായ പൗലോസും തിമോത്തിയോസും ഫിലിപ്പിയിലെ മെത്രാന്മാരും ഡീക്കന്മാരുമുൾപ്പെടെ ഈശോമിശിഹായിലുള്ള സകല വിശുദ്ധർക്കുമെഴുതുന്നത്" (ഫിലി 1:1). ഇവിടെ ശ്രേഷ്ഠന്മാരുടെ സ്ഥാനത്ത് മെത്രാന്മാരെയാണ് കാണുന്നത്. ആദിമസഭയിൽ ശ്രേഷ്ഠന്മാരെന്നും മെത്രാന്മാരെന്നും അറിയപ്പെട്ടിരുന്നത് ഒരേ വ്യക്തികൾ തന്നെയായിരുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

**പൗരോഹിത്യകൃപാവരം**

ശ്ലൈഹികകൈവയ്പിലൂടെ നല്കപ്പെടുന്ന കൃപാവരം പരിശുദ്ധാത്മാവുതന്നെയാണ്. ഒരുവനെ പുരോഹിതനാക്കുന്ന, പുരോഹിത ശുശ്രൂഷ നിർവ്വഹിക്കാൻ പ്രാപ്തനാക്കുന്ന, പരിശുദ്ധാത്മാവാണ് കൃപാവരം. വി. കുർബാനയിൽ കാർമ്മികന്റെ സമാധാനാശംസയ്ക്കു മറുപടിയായി "അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ" എന്നാണ് സമൂഹം പ്രത്യുത്തരിക്കുന്നത്. പുരോഹിതനിൽ കുടികൊള്ളുന്ന പൗരോഹിത്യത്തിന്റെ ആത്മാവിനെയാണ് ഇവിടെ സൂചിപ്പിക്കുക. വെറും മനുഷ്യനായ ഒരുവനെ പുരോഹിതനാക്കുന്നത് പരിശുദ്ധാരൂപിയാണെന്ന ഓർമ്മിപ്പിക്കലാണിത്.

malankalibrary.com

**കൃപാവരമുദ്ര**

പൗരോഹിത്യം മുദ്ര പതിപ്പിക്കുന്ന കൂദാശയാണ്. "പ്രവചന പ്രകാരവും സഭാശ്രേഷ്ഠന്മാരുടെ കൈവയ്പുവഴിയും നിനക്കു നല്കപ്പെട്ട കൃപാവരം അവഗണിക്കരുത്" (1 തിമോ 4:14). ഈ കൃപാവരം പൗരോഹിത്യത്തിന്റെ ആത്മാവാണ്; പരിശുദ്ധാത്മാവാണ്. പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടവനിൽ സ്ഥിരമായി വസിക്കുന്ന പരിശുദ്ധാത്മാവാകുന്ന കൃപാവരമാണ് ഈ മുദ്ര പതിപ്പിക്കുന്നത്. പൗരോഹിത്യ ശുശ്രൂഷയിൽനിന്ന് നീക്കപ്പെട്ടാലും മാറി നിന്നാലും ഈ മുദ്ര മായില്ല.

**വീണ്ടും ജ്വലിപ്പിക്കേണ്ട കൃപാവരം**

സ്ഥിരമായി നിലകൊള്ളുന്നതായതിനാൽ ഈ കൃപാവരം വീണ്ടും ഉജ്ജ്വലിപ്പിക്കേണ്ടതുണ്ട്. അഗ്നി പരിശുദ്ധാത്മാവിന്റെ പ്രതീകമാണല്ലോ. ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ശ്ലീഹന്മാരുടെ മേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്നത് അഗ്നിയുടെ രൂപത്തിലായിരുന്നു (ശ്ലീഹ 2:3). വീണ്ടും വീണ്ടും ഊതിക്കത്തിച്ചില്ലെങ്കിൽ അഗ്നി ചാമ്പലായി തീരും. പലപ്പോഴും അഗ്നിയോട് ഉപമിക്കുന്ന അരൂപിയേയും പുനരുജ്ജ്വലിപ്പിക്കേണ്ട ആവശ്യമുണ്ട്. അതുകൊണ്ടാണ് "എന്റെ കൈവയ്പിലൂടെ നിനക്കു ലഭിച്ച ദൈവികവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്നു ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു" (2 തിമോ 1:6) എന്ന് വി. പൗലോസ് ശ്ലീഹാ തിമോത്തിയോസിനെ ഓർമ്മിപ്പിക്കുന്നത്.

**അരൂപിയെ ഉജ്ജ്വലിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ**

**പ്രാർത്ഥന**

പരിശുദ്ധാരൂപിയോടുള്ള തുറവിയാണ് പ്രാർത്ഥന. അരൂപിയോട് തുറന്ന നിലപാടു സ്വീകരിക്കുകയും സഹകരിക്കുകയും ചെയ്യുന്നതിലൂടെയാണ് പ്രാർത്ഥന അനുഭവമായിത്തീരുന്നത്. അരൂപിയുമായുള്ള പ്രതിപ്രവർത്തനമാണ് പ്രാർത്ഥന എന്ന് വി. പൗലോസ്ശ്ലീഹ പഠിപ്പിക്കുന്നു: "നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് നമു

malankalibrary.com

ക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നു" (റോമ 8:26). പ്രാർത്ഥിക്കുംതോറും അരൂപിയുടെ പ്രവർത്തനം നമ്മിൽ സജീവമാകും. അതുകൊണ്ട് പുരോഹിതൻ പ്രാർത്ഥനയുടെ മനുഷ്യനാകണം. നിരന്തരമായ പ്രാർത്ഥനാജീവിതത്തിലൂടെ മാത്രമേ പൗരോഹിത്യകൃപാവരത്തെ എന്നും നവീനമായി സംരക്ഷിക്കാൻ സാധിക്കൂ.

അരൂപിയെ ഉജ്ജ്വലിപ്പിക്കുന്നതിന് വ്യക്തിപരവും സഭാത്മകവുമായ പ്രാർത്ഥന ആവശ്യമാണ്. സഭ അടിസ്ഥാനപരമായി പ്രാർത്ഥിക്കുന്ന സമൂഹമാണ്. "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (ശ്ലീഹ 2:42). ഇവിടെ പ്രാർത്ഥന എന്നു പറയുന്നത് മൂലഭാഷയിൽ 'നിശ്ചിതപ്രാർത്ഥനകൾ' എന്ന് അർത്ഥം വരുന്ന പദമാണ്. അതുകൊണ്ട് സഭയുടെ നിശ്ചിതപ്രാർത്ഥനകളിൽ പരിശീലിപ്പിക്കപ്പെട്ട ഒരു പ്രാർത്ഥനാജീവിതമാണ് പുരോഹിതൻ നയിക്കേണ്ടത്. അങ്ങനെയുള്ള പ്രാർത്ഥനാജീവിതം പൗരോഹിത്യകൃപാവരത്തെ പുനരുജ്ജ്വലിപ്പിക്കും.

**ദൈവവചനം**

ദൈവത്തിന്റെ അരൂപി എപ്പോഴും ദൈവവചനവുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. 'അരൂപിയുടെ വാൾ' എന്നാണല്ലോ ദൈവവചനത്തെ പൗലോസ് ശ്ലീഹാ വിശേഷിപ്പിക്കുന്നത് (എഫേ 6:17). അരൂപിയുടെ ശക്തി ദൈവവചനത്തിലൂടെയാണ് ലഭിക്കുന്നത് എന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. അതുകൊണ്ട് അരൂപിക്ക് ശക്തമായി പ്രവർത്തിക്കണമെങ്കിൽ അരൂപിയുടെ വാൾ ആകുന്ന ദൈവവചനം സജീവമായി സന്നിഹിതമാകണം.

പുരോഹിതന്റെ പ്രഥമദൗത്യം വചനശുശ്രൂഷയാണ്. വചനം പഠിക്കുകയും വചനാധിഷ്ഠിതമായ ജീവിതം നയിക്കുകയും ചെയ്തുകൊണ്ട് വചനശുശ്രൂഷ സജീവമായി നിർവ്വഹിക്കുന്നെങ്കിൽ അത് അരൂപിയെ ഉജ്ജ്വലിപ്പിക്കുവാൻ സഹായകരമാകും. പുരോഹിതന്റെ വചനശുശ്രൂഷ കൂടുതൽ ഫലപ്രദമാവുകയും ചെയ്യും.

malankalibrary.com

**ശുശ്രൂഷ**

പൗരോഹിത്യകടമകളുടെ ശരിയായ നിർവ്വഹണത്തിലൂടെ അരൂപിയെ ഉജ്ജ്വലിപ്പിക്കാനാവും. തന്നിൽ നിക്ഷിപ്തമായിരിക്കുന്ന പുരോഹിതശുശ്രൂഷയിൽ നിരന്തരമായും സജീവമായും പുരോഹിതൻ ഏർപ്പെടേണ്ടതുണ്ട്. ഉപയോഗിക്കാത്ത യന്ത്രങ്ങൾ തുരുമ്പെടുക്കുന്നതുപോലെ, വേണ്ടവിധം വിനിയോഗിച്ചില്ലെങ്കിൽ പരിശുദ്ധാരൂപിയുടെ ദാനഫലങ്ങൾ ഫലപ്രാപ്തിയിലെത്താതെ പോകും. അജപാലന ശുശ്രൂഷയിലുള്ള ഉത്സാഹവും നിരന്തരമായ പ്രവർത്തനങ്ങളും അരൂപിയെ ഉജ്ജ്വലിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ്.

ചുരുക്കത്തിൽ, തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും വചനാധിഷ്ഠിതമായ ജീവിതത്തിലൂടെയും സജീവമായ അജപാലനശുശ്രൂഷയിലൂടെയും പരിശുദ്ധാരൂപിയെ പുനരുജ്ജ്വലിപ്പിച്ചുകൊണ്ട് ജീവിക്കാനുള്ള വിളിയാണ് പൗരോഹിത്യം.

malankalibrary.com



7

# പൗരോഹിത്യവും ശിഷ്യത്വവും

**മ്**ശിഹാശിഷ്യത്വമാണ് ക്രിസ്തീയ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം. ശിഷ്യത്വത്തിലേക്കുള്ള വിളിയുടെ പ്രത്യേകതകൾ മനസ്സിലാക്കിയാൽമാത്രമേ പൗരോഹിത്യ ആദ്ധ്യാത്മികതയുടെ സ്വഭാവം മനസ്സിലാക്കാൻ കഴിയുകയുള്ളൂ. സമാന്തരസുവിശേഷങ്ങളും യോഹന്നാന്റെ സുവിശേഷവും രണ്ടു വിധത്തിലാണ് ശിഷ്യത്വത്തിലേക്കുള്ള വിളി അവതരിപ്പിക്കുന്നത്. അവയുടെ വെളിച്ചത്തിൽ പൗരോഹിത്യ ആദ്ധ്യാത്മികതയുടെ പ്രത്യേകതകൾ കണ്ടെടുക്കുവാൻ നമുക്കു കഴിയണം.

malankalibrary.com

## ശ്ലൈഹികത്വവും ശിഷ്യത്വവും

ശ്ലൈഹിക കൈവയ്പിലൂടെയാണ് പുതിയനിയമപൗരോഹിത്യത്തിൽ ഒരുവൻ പങ്കുചേരുന്നത്. ശ്ലൈഹികശുശ്രൂഷയാണ് പുതിയ നിയമപൗരോഹിത്യത്തിന്റെ അടിസ്ഥാനപരമായ ശുശ്രൂഷയും. ശ്ലീഹന്മാർ ഈശോയുടെ ശിഷ്യന്മാരിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരാണ്. അതുകൊണ്ട് ശിഷ്യത്വം ശ്ലൈഹികത്വത്തിനുള്ള വ്യവസ്ഥയാണ്. ഈശോ ശ്ലീഹന്മാരെ വിളിക്കുന്ന രംഗം ഇത് വ്യക്തമാക്കുന്നുണ്ട്: "പിന്നെ അവൻ മലമുകളിലേക്കു കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു" (മർക്കോ 3:13-15). 'തന്നോടുകൂടി ആയിരിക്കുക' എന്നത് ശിഷ്യത്വത്തെയും 'പ്രസംഗിക്കാൻ അയയ്ക്കുക' എന്നത് ശ്ലൈഹികത്വത്തെയും സൂചിപ്പിക്കുന്നു. ശിഷ്യത്വം ജീവിക്കുന്നവർക്കേ ശ്ലൈഹികത്വം കൈകാര്യം ചെയ്യാനാവൂ എന്ന് ഇത് വ്യക്തമാക്കുന്നു.

ശിഷ്യത്വം ജീവിക്കുന്നവരിൽനിന്നുമാണല്ലോ ദീർഘമായ പ്രാർത്ഥനയ്ക്കു ശേഷം ഈശോ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തത്: "ആ ദിവസങ്ങളിൽ അവൻ പ്രാർത്ഥിക്കാനായി ഒരു മലയിലേക്കു പോയി. അവിടെ ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ട് രാത്രി മുഴുവൻ ചെലവഴിച്ചു. പ്രഭാതമായപ്പോൾ അവൻ ശിഷ്യന്മാരെ അടുത്തു വിളിച്ച് അവരിൽനിന്നു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് അവർക്ക് ശ്ലീഹന്മാർ എന്നു പേരു നല്കി" (ലൂക്കാ 6:12-13). പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാസ് സ്കറിയോത്തായ്ക്കു പകരം ഒരാളെ തിരഞ്ഞെടുക്കുവാൻ ഒന്നിച്ചുകൂടിയപ്പോൾ ശ്ലൈഹികശുശ്രൂഷാസ്ഥാനം ഏറ്റെടുക്കുവാൻ യോഗ്യതയായി പരിഗണിക്കപ്പെട്ടത് ശിഷ്യത്വം തന്നെയാണ്: "യോഹന്നാന്റെ മാമ്മോദീസാ മുതൽ നമ്മിൽനിന്ന് ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ട നാൾവരെ, ഈശോ നമ്മോടൊപ്പം സഞ്ചരിച്ചിരുന്ന കാലം മുഴുവനും നമ്മുടെകൂടെയുണ്ടായിരുന്നവരിൽ ഒരുവനായിരിക്കണം അവൻ" (ശ്ലീഹ 1:22).

## ശിഷ്യത്വവും ആദ്ധ്യാത്മികതയും

'ഈശോയോടുകൂടി ആയിരിക്കുക' എന്നു പറയുന്നത് വെറും

malankalibrary.com

ചരിത്രപരമായ ഒരു വസ്തുതയല്ല. ഈശോയോടൊത്തു സഞ്ചരിക്കുവാനും ഈശോയുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുവാനും മാത്രമുള്ള ഒരാഹ്വാനമായിരുന്നില്ല അത്. ശിഷ്യത്വത്തിൽ തന്നെ അനുഗമിക്കുവാനുള്ള ആഹ്വാനമാണ്. ഈശോയുമായുള്ള ഒരു ഉറ്റ സ്നേഹവും ഐക്യവുമാണ് ശിഷ്യത്വം ആവശ്യപ്പെടുന്നത്. സൗഖ്യം പ്രാപിച്ച പിശാചുബാധിതൻ ഈശോയോടുകൂടി ആയിരിക്കാൻ ആഗ്രഹിച്ചു. പക്ഷേ അതിന് ഈശോ അയാളെ അനുവദിച്ചില്ല (മർക്കോ 5;18-19). ഈശോയുടെ പീഡാനുഭവ വിവരണത്തിൽ പത്രോസിന്റെ ശിഷ്യത്വം വെളിപ്പെട്ടത് "നീയും അവനോടുകൂടെ ആയിരുന്നു" (മർക്കോ 14:67) എന്ന വാക്കുകളിലൂടെയാണ്. ഈശോയോട് പൂർണ്ണമായ പ്രതിബദ്ധതയുള്ള ശിഷ്യസഹജമായ ജീവിതമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മുന്തിരിച്ചെടിയും ശാഖകളുംപോലെ, ഈശോയുമായുള്ള പരസ്പര ഐക്യത്തിന്റെയും സഹവാസത്തിന്റെയും ജീവിതമാണ് ശിഷ്യത്വം: "ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു" (യോഹ 15:5). ഈ ശിഷ്യത്വമാണ് പുരോഹിതന്റെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം.

### പരിപൂർണ്ണതയിലേക്കുള്ള വിളി

ഈശോയെ അനുഗമിക്കുവാനുള്ള ശിഷ്യത്വത്തിലേക്കുള്ള വിളി പരിപൂർണ്ണതയിലേക്കുള്ള വിളിയാണ്. തന്നെ അനുഗമിക്കുവാൻ ഒരു യുവാവിനെ ആഹ്വാനം ചെയ്യുന്ന ഈശോയുടെ വാക്കുകൾ ഇത് വ്യക്തമാക്കുന്നുണ്ട്: "നീ പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ, പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്താ 19:21). 'പരിപൂർണ്ണത' എന്ന വാക്ക് മത്തായിയുടെ സുവിശേഷത്തിൽ രണ്ടു സന്ദർഭങ്ങളിലേ ഉപയോഗിക്കുന്നുള്ളൂ. ഒന്ന്, ഇവിടെയും മറ്റൊന്ന്, മത്താ 5:48-ലും. രണ്ട് സന്ദർഭങ്ങളിലും വ്യക്തമാകുന്നത് 'പരിപൂർണ്ണത' സ്നേഹത്തിന്റെ പൂർണ്ണതയാണെന്നാണ്. പ്രമാണങ്ങൾ ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രായോഗികമാനങ്ങളാണ്. പക്ഷേ അവ പലപ്പോഴും അരുതുകളിൽ ഒതുങ്ങിനില്ക്കുന്നു. എന്നാൽ ആകേണ്ടതുകളിലേക്കു കടന്നു ദൈവത്തെയും മനുഷ്യനെയും സ്നേഹിക്കുവാൻ സാധിക്കുന്നതാണ് പരിപൂർണ്ണത. ദൈവത്തിന്റെ സ്നേഹത്തിനു

malankalibrary.com

സാമാനമായ ഒന്നാണത്: "അതുകൊണ്ട് നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5:48). പുരോഹിതരുടെ ആദ്ധ്യാത്മികതയുടെ തലത്തിൽ ഈ സ്നേഹത്തെ അജപാലനസ്നേഹം എന്നു വിശേഷിപ്പിക്കാം. ഈ അജപാലനസ്നേഹമായിരിക്കണം പുരോഹിതന്റെ ആദ്ധ്യാത്മികതയുടെ മുഖമുദ്ര.

## പൗരോഹിത്യവും ശിഷ്യത്വവും: യോഹന്നാന്റെ കാഴ്ചപ്പാടിൽ

ഈശോയുടെ ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന പുരോഹിതന്റെ ആദ്ധ്യാത്മികതയുടെ സവിശേഷതകൾ എന്തായിരിക്കണമെന്ന് ശിഷ്യരുടെ വിളി രേഖപ്പെടുത്തിയിട്ടുള്ള സുവിശേഷഭാഗങ്ങൾ സൂചിപ്പിക്കുന്നുണ്ട്. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 1:35-51 വരെയുള്ള സുവിശേഷഭാഗത്തിന്റെ വെളിച്ചത്തിൽ താഴെപ്പറയുന്ന സവിശേഷതകൾ പുരോഹിതനുണ്ടാവണം.

### 1. പുരോഹിതൻ: കേൾക്കുന്നവൻ

ആദ്യം ഈശോയെ അനുഗമിച്ച ശിഷ്യന്മാർ യോഹന്നാൻ മാംദാനയുടെ രണ്ടു ശിഷ്യന്മാരായിരുന്നു. അവർ ഈശോയെക്കുറിച്ചുള്ള സ്നാപകന്റെ സാക്ഷ്യം കേട്ട് ഈശോയെ അനുഗമിച്ചവരാണ്. അന്ത്രയോസും യോഹന്നാനും (യോഹ 1:35-37). 'കേട്ടു' എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് വെറും ബാഹ്യമായ ഒരു കേൾവിയല്ല. ഈശോയെ അനുഗമിക്കുന്ന ജീവിതത്തിലേക്ക് നയിക്കുകയും വളർത്തുകയും ചെയ്യുന്ന കേൾവിയാണ്. ഈശോയെക്കുറിച്ചുള്ള സാക്ഷ്യം അഥവാ ഈശോയുടെ സ്വരം കേൾക്കുവാൻ എല്ലാവർക്കും സാദ്ധ്യമല്ല. "സത്യത്തിൽനിന്നുള്ളവൻ എന്റെ സ്വരം കേൾക്കുന്നു" എന്നാണ് ഈശോ പറയുന്നത് (യോഹ 18:37). ദൈവത്തിന്റെ വചനം കേൾക്കാൻ ദൈവത്തിൽനിന്നുള്ളവനേ സാദ്ധ്യമാകൂ (യോഹ 8:47). 'ദൈവത്തിൽനിന്നുള്ളവൻ' എന്നു പറഞ്ഞാൽ 'ദൈവൈക്യത്തിൽ ജീവിക്കുന്നവൻ' എന്നാണർത്ഥം. ഇത് പ്രാർത്ഥനാജീവിതത്തെയാണ് സൂചിപ്പിക്കുന്നത്. പ്രാർത്ഥനയുടെ പ്രധാന ലക്ഷ്യം ദൈവത്തോടു സംസാരിക്കുക എന്നതിനെക്കാൾ ദൈവത്തെ കേൾക്കുക, ദൈവത്തിന്റെ ഇഷ്ടം അറിയുക, എന്നുള്ളതാണ്. അതുകൊണ്ട് ശിഷ്യത്വം ജീവിക്കുന്ന പുരോഹിതൻ എപ്പോഴും ദൈവത്തിന്റെ മുമ്പിൽ ശ്രവണാത്മകമായ

malankalibrary.com

പ്രാർത്ഥനാജീവിതം നയിക്കണം.

### 2. പുരോഹിതൻ: ഈശോയെ അനുഗമിക്കുന്നവൻ

'ഈശോയെ അനുഗമിക്കുക' എന്നതിന്റെ അർത്ഥം ഈശോയെ സർവ്വോപരി സ്നേഹിക്കുക എന്നതാണ്. ഇത് പത്രോസിന്റെ ജീവിതത്തിൽ ഉദാഹരിക്കപ്പെടുന്നുണ്ട്. പത്രോസിനോട് "ഇപ്പോൾ എന്നെ അനുഗമിക്കാൻ നിനക്കു കഴിയുകയില്ല. എന്നാൽ പിന്നീടു നീ അനുഗമിക്കും" എന്ന് ഈശോ പറഞ്ഞപ്പോൾ, പത്രോസ് പറഞ്ഞു: "കർത്താവേ, ഇപ്പോൾ തന്നെ നിന്നെ അനുഗമിക്കാൻ എനിക്കു കഴിയാത്തത് എന്തുകൊണ്ട്? നിനക്കുവേണ്ടി എന്റെ ജീവൻ ഞാൻ ത്യജിക്കും" (യോഹ 13:37). ജീവനെക്കാളുപരി ഈശോയെ സ്നേഹിക്കുന്നവനാണ് ഈശോയെ അനുഗമിക്കുന്നവൻ. ഉത്ഥാനത്തിനുശേഷം ഈശോയുടെ സ്നേഹത്തിൽ പുനരുദ്ധരിക്കപ്പെട്ട പത്രോസിന്റെ രക്തസാക്ഷിത്വം പ്രഖ്യാപിച്ചുകൊണ്ടാണ് 'എന്നെ അനുഗമിക്കുക' എന്ന് ഈശോ പറയുന്നത്: "ഇത് അവൻ പറഞ്ഞത്, ഏതുവിധത്തിലുള്ള മരണത്താൽ പത്രോസ് ദൈവത്തെ മഹത്ത്വപ്പെടുത്തും എന്നു സൂചിപ്പിക്കാനാണ്. അതിനുശേഷം ഈശോ അവനോട് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു" (യോഹ 21:19). അതുകൊണ്ട് ഈശോയെപ്രതി ജീവൻ പോലും ത്യജിക്കാൻ സന്നദ്ധമാകുന്ന സ്നേഹത്തിലേക്ക് പുരോഹിതൻ വളരണം.

### 3. പുരോഹിതൻ: ഈശോയുടെ വാസസ്ഥലം അന്വേഷിക്കുന്നവൻ

തന്നെ അനുഗമിച്ച ശിഷ്യന്മാരോട് ഈശോ ചോദിക്കുന്നു "നിങ്ങൾ എന്തന്വേഷിക്കുന്നു? അവർ ചോദിച്ചു: റബ്ബീ, അങ്ങ് എവിടെയാണ് വസിക്കുന്നത്?" (യോഹ 1:38). ഈശോയുടെ വാസസ്ഥലം ആയിരിക്കണം ഒരു പുരോഹിതന്റെ ഏറ്റം വലിയ അന്വേഷണ വിഷയം. ഈ ലോകത്തിലുള്ളവയൊന്നും തേടാതെ ഈശോയെ മാത്രം തേടുകയും ഈശോയോടൊത്തായിരിക്കുവാൻ ദാഹിക്കുകയും ചെയ്യുന്നവനായിരിക്കണം പുരോഹിതൻ.

### 4. പുരോഹിതൻ: വിശ്വാസജീവിതം നയിക്കുന്നവൻ

"നീ എവിടെ വസിക്കുന്നു" എന്ന ചോദ്യത്തിനു മറുപടിയായി

malankalibrary.com

ഈശോ പറയുന്നു: "വന്നു കാണുക" (യോഹ 1:39). യോഹന്നാന്റെ സുവിശേഷത്തിൽ 'വരിക' 'കാണുക' എന്നീ വാക്കുകൾ രണ്ടും വിശ്വാസത്തെയാണ് സൂചിപ്പിക്കുന്നത്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ, 'തന്റെ പക്കലേക്കു വരിക' എന്നു പറയുന്നത് 'തന്നിൽ വിശ്വസിക്കുക' എന്നു പറയുന്നതിനു തുല്യമാണ് (യോഹ 6:35-36). അതുപോലെതന്നെ 'കാണുക' എന്ന വാക്കിനും യോഹന്നാന്റെ സുവിശേഷത്തിൽ 'വിശ്വസിക്കുക' എന്ന അർത്ഥമാണുള്ളത് (യോഹ 6:40). അതുകൊണ്ട് പുരോഹിതർ വിശ്വാസത്തിൽ അടിയുറച്ച ജീവിതം നയിക്കുന്നവരാകണം. എങ്കിലേ, വിശ്വാസികളുടെ സമൂഹമായ സഭയെ പടുത്തയർത്തുന്ന ശുശ്രൂഷ നിർവ്വഹിക്കുവാൻ പുരോഹിതനു കഴിയൂ.

### 5. പുരോഹിതൻ: ഈശോയോടൊത്തു വസിക്കുന്നവൻ

ഈശോയെ ആദ്യം അനുഗമിച്ച രണ്ടു ശിഷ്യന്മാർ ഈശോയെ വന്നുകണ്ട് ഈശോയോടൊപ്പം വസിച്ചു എന്നാണ് യോഹന്നാൻ പറയുന്നത് (യോഹ 1:39). 'വസിക്കുക' എന്നത് യോഹന്നാന്റെ സുവിശേഷത്തിൽ ദൈവൈക്യത്തെ സൂചിപ്പിക്കുന്ന ഒരു വാക്കാണ്. ഈശോയും ശിഷ്യരും തമ്മിലുള്ള ബന്ധത്തെ ഉദാഹരിക്കുവാൻ യോഹന്നാൻ ഉപയോഗിക്കുന്ന മുന്തിരിച്ചെടിയും ശാഖകളും എന്ന രൂപകത്തിൽ 'വസിക്കുക' എന്ന വാക്ക് മിശിഹായുമായുള്ള പരസ്പര സഹവാസത്തെയാണ് സൂചിപ്പിക്കുന്നത്. "നിങ്ങൾ എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കും" (യോഹ 15:4). പുരോഹിതന്റെ ആദ്ധ്യാത്മികതയുടെ അന്തസ്സത്തയും മറ്റൊന്നല്ല. ഈശോയുമായുള്ള പരസ്പര സഹവാസത്തിന്റെ ഫലമായി സാവകാശം മിശിഹായിലേക്ക് രൂപാന്തരപ്പെടുന്ന ശിഷ്യത്വത്തിന്റെ ആദ്ധ്യാത്മികത പുരോഹിതന്റെ ആദ്ധ്യാത്മിക ജീവിതത്തിന് അടിത്തറയാവണം.

## പൗരോഹിത്യവും ശിഷ്യത്വവും സമാന്തരസുവിശേഷങ്ങളിൽ

### ശിഷ്യത്വത്തിലേക്കുള്ള വിളി

പൗരോഹിത്യം ഒരു ദൈവവിളിയാണ്. ദൈവത്താൽ വിളിക്കപ്പെട്ടവനല്ലാതെ ആർക്കും ക്രിസ്തീയപൗരോഹിത്യം സ്വീകരിക്കാൻ സാദ്ധ്യമല്ല: "അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും സ്വയം ഈ ബഹുമതി ഏറ്റെടുക്കുകയല്ല" (ഹെബ്രാ

malankalibrary.com

5:4). ഈശോ തന്റെ പൗരോഹിത്യശുശ്രൂഷ ആരംഭിച്ചത് ദൈവത്തിന്റെ സുവിശേഷപ്രഘോഷണത്തിലൂടെയാണെങ്കിൽ (മർക്കോ 1:14-15), അതെത്തുടർന്ന് ആദ്യമായി ചെയ്തത് തന്റെ പൗരോഹിത്യത്തിൽ പങ്കുചേരാനുള്ളവരെ വിളിക്കുകയായിരുന്നു (മർക്കോ 1:16-20). പൗരോഹിത്യത്തിലേക്കുള്ള വിളി ഈശോയുടെ ശിഷ്യത്വത്തിലേക്കുള്ള വിളിയാണ്. ഈ വിളിയുടെ സ്വഭാവം മനസ്സിലാക്കി അതിനു പ്രത്യുത്തരം നല്കി ജീവിക്കുവാൻ പുരോഹിതനു കഴിയണം. ഈ വിളിയുടെ സ്വഭാവം ഈ സുവിശേഷഭാഗം വ്യക്തമാക്കുന്നുണ്ട്. ശിഷ്യത്വത്തിലേക്കുള്ള വിളിയുടെ വിവിധഘടകങ്ങൾ ഈ സുവിശേഷ വിവരണം സൂചിപ്പിക്കുന്നു.

## 1. ദൈവത്തിന്റെ കടന്നുപോകൽ

"അവൻ ഗലീലിക്കടൽത്തീരത്തുകൂടെ കടന്നുപോകുമ്പോൾ, ശിമയോനെയും അവന്റെ സഹോദരൻ അന്ത്രയോസിനെയും കണ്ടു" (മർക്കോ 1:16). ഈശോയുടെ കടന്നുപോകൽ ശിമയോന്റെയും അന്ത്രയോസിന്റെയും ജീവിതത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായിരുന്നു. അവരുടെ ജീവിതത്തിൽ ഒരു വഴിത്തിരിവിനിടയാക്കിയ കടന്നുപോകലായിരുന്നു അത്. വെറും മീൻപിടുത്തക്കാരായിരുന്നവരെ മനുഷ്യരെ പിടിക്കുന്നവരാക്കുന്ന ഒരു കടന്നുപോകൽ. ദൈവവിളിയുടെ പിന്നിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ രക്ഷാകരമായ കടന്നുപോകലിനെയാണ് ഇത് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ കടന്നുപോകൽ, ആരുടെ മുമ്പിലൂടെ കടന്നുപോകുന്നുവോ ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം രക്ഷാകരമാണ്. ആ വ്യക്തിയിൽ ദൈവം പൂർത്തിയാക്കാനിരിക്കുന്ന രക്ഷാകരപ്രവർത്തനത്തോട് സഹകരിക്കുവാനുള്ള ഒരു വിളിയാണ് ഈ കടന്നുപോകൽ ഉൾക്കൊള്ളുന്നത്. പഴയനിയമത്തിൽ ഉടമ്പടിപത്രിക മൂശെയിലൂടെ ഇസ്രായേലിനു നൽകുന്നതിന് ഒരുക്കമായി "കർത്താവ് അവന്റെ മുമ്പിലൂടെ കടന്നുപോയി" (പുറ 34:6) എന്നു പറയുന്നുണ്ട്. ദൈവവിളി നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ രക്ഷാകരമായ ഒരു കടന്നുപോകൽ ഉൾക്കൊള്ളുന്നതാണ്. ഈ കടന്നുപോകൽ വിശ്വാസത്തിന്റെ കണ്ണുകളിലൂടെ തിരിച്ചറിയുന്നവർക്കേ ദൈവവിളി വേണ്ടവിധത്തിൽ സ്വീകരിക്കാനും അതിനു പ്രത്യുത്തരം നൽകാനും കഴിയൂ.

malankalibrary.com

### 2. ദൈവത്തിന്റെ തിരഞ്ഞെടുപ്പ്

"കടന്നുപോകുമ്പോൾ ഈശോ ശിമയോനെയും അവന്റെ സഹോദരൻ അന്ത്രയോസിനേയും കണ്ടു" എന്നു പറയുന്നത് അവരെ ശിഷ്യത്വത്തിലേക്ക് തിരഞ്ഞെടുത്തു എന്നതിന്റെ സൂചനയാണ്. ഈശോയുടെ കണ്ണുകൾ അവരെ വെറും ബാഹ്യമായി മാത്രം കാണുന്ന കണ്ണുകളായിരുന്നില്ല. അവരുടെ ആന്തരികതലങ്ങളിലേക്കു കടന്നുചെല്ലുന്ന ഒരു നോട്ടമായിരുന്നു ഈശോയുടേത്. മറ്റുള്ളവർ കാണാത്ത പലതും കാണുന്ന കണ്ണുകളായിരുന്നു ഈശോയുടേത്. തന്റെ ഉപജീവനത്തിനുള്ള തുക മുഴുവൻ നിക്ഷേപിച്ച വിധവയുടെ കാണിക്കയും (ലൂക്കാ 21:4) ഈശോയെ അനുഗമിക്കാൻ ദൈവവിളിയുണ്ടായിരുന്ന കുരുടൻ ബർതിമേയൂസിനെയും (മർക്കോ 10:46-52) ഈശോയുടെ കണ്ണുകൾ കണ്ടു. തന്റെ ശിഷ്യത്വത്തിലേക്കു കടന്നുവരുവാനും അതിലൂടെ തന്റെ സുവിശേഷപ്രഘോഷണ ദൗത്യത്തിൽ പങ്കുചേരുവാനുമുള്ള ശിമയോന്റെയും അന്ത്രയോസിന്റെയും സാദ്ധ്യതകളെല്ലാം കണ്ടുകൊണ്ട് അവരെ തിരഞ്ഞെടുക്കുന്ന ഒരു നോട്ടമായിരുന്നു ഈശോയുടേത്. ഈശോ തന്നെ പിന്നീട് അതു വ്യക്തമായി പറയുന്നുണ്ടല്ലോ: "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ 15:16). ദൈവത്തിന്റെ മുൻകൂട്ടിയുള്ള ഒരു തിരഞ്ഞെടുപ്പിന്റെ ഫലമായിട്ടാണ് നാം പുരോഹിതരായതെങ്കിൽ ദൈവത്തോടുള്ള ഉത്തരവാദിത്വബോധത്തോടുകൂടിവേണം പൗരോഹിത്യവിളി കൈകാര്യം ചെയ്യുവാൻ.

### 3. ഈശോയെ അനുഗമിക്കാനുള്ള വിളി

"ഈശോ അവരോടു പറഞ്ഞു: എന്നെ അനുഗമിക്കുവിൻ" (മർക്കോ 1:17). ശിഷ്യത്വത്തിലേക്കുള്ള വിളി ഈശോയെ അനുഗമിക്കുവാനുള്ള വിളിയാണ്. ഈശോയെ അനുഗമിക്കുക എന്നു വച്ചാൽ ഈശോയുടെ ജീവിതത്തിലും ശുശ്രൂഷയിലും പങ്കാളിയാവുക എന്നാണ്. "തന്നോടുകൂടെ ആയിരിക്കുവാനും തനിക്കുവേണ്ടി അയയ്ക്കപ്പെടുവാനും" എന്ന് മർക്കോ 3:14-ൽ സുവിശേഷകൻ അത് വിശദീകരിക്കുന്നുണ്ട്. ഈശോയുമായുള്ള ജീവിതപങ്കാളിത്തം ശിഷ്യത്വത്തിന്റെ അടിസ്ഥാന സ്വഭാവമാണ്. ഈശോയുമായുള്ള സ്നേഹബന്ധവും പരസ്പരപങ്കുവയ്ക്കലുകളും

malankalibrary.com

ശിഷ്യത്വം ഉൾക്കൊള്ളുന്നു. "ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല. കാരണം യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു" (യോഹ 15:15). ഈ ജീവിതപങ്കാളിത്തം പുരോഹിതൻ നിലനിർത്തേണ്ടത് പ്രാർത്ഥനാ ജീവിതത്തിലൂടെയാണ്. 'പ്രാർത്ഥിക്കുക' എന്നതിനർത്ഥം 'സ്നേഹിക്കുക' എന്നാണ്. ദൈവമനുഷ്യബന്ധത്തിന് പ്രകാശനം കൊടുക്കുന്നതും ആ ബന്ധത്തെ വളർത്തുന്നതുമാണ് പ്രാർത്ഥന. ഈശോയുടെ ശുശ്രൂഷയിലുള്ള പങ്കാളിത്തം സുവിശേഷ കേന്ദ്രീകൃതമായ പൗരോഹിത്യ ശുശ്രൂഷയിലൂടെയാണ് പുരോഹിതൻ ജീവിക്കേണ്ടത്.

### 4. പൂർണ്ണമായ സമർപ്പണം

"ഉടനെ വലയുപേക്ഷിച്ച് അവർ അവനെ അനുഗമിച്ചു" (മർക്കോ 1:18) എന്നു പറയുന്നത് പൂർണ്ണമായ സമർപ്പണത്തെ സൂചിപ്പിക്കുന്നു. "എല്ലാം ഉപേക്ഷിച്ച് അവർ അവനെ അനുഗമിച്ചു" (ലൂക്കാ 5:11) എന്ന് ലൂക്കാ സുവിശേഷകൻ പറയുന്നുണ്ട്. ശിഷ്യത്വം പൂർണ്ണമായ സമർപ്പണം ആവശ്യപ്പെടുന്നു. ഈ ലോകത്തിലുള്ള എല്ലാവരെക്കാളും എല്ലാറ്റിനെക്കാളുമുപരി ഈശോയെ സ്നേഹിക്കുവാനും ഈശോയോട് പ്രതിബദ്ധത പുലർത്തുവാനും ശിഷ്യനു കഴിയണം. "വലയുപേക്ഷിച്ച്" എന്നു പറയുന്നത് ഈ സമർപ്പണത്തിന്റെ പ്രതീകമാണ്. യോഹന്നാന്റെ സുവിശേഷത്തിൽ പത്രോസും മറ്റ് ശിഷ്യന്മാരും വലയെടുത്ത് മീൻപിടിക്കാൻ പോയത് ശിഷ്യത്വം ഉപേക്ഷിച്ച് പോകുന്നതിന്റെ പ്രതീകമാണ് (യോഹ 21:1 മുതൽ). ഈശോ പത്രോസിനെയും മറ്റ് ശിഷ്യന്മാരെയും തിരിച്ചുവിളിച്ചിട്ട് "നീ ഇവരെക്കാൾ കൂടുതൽ എന്നെ സ്നേഹിക്കുന്നുവോ" (യോഹ 21:15) എന്നു ചോദിക്കുന്നത് ശിഷ്യത്വം ആവശ്യപ്പെടുന്ന ഈ സമർപ്പണത്തെയാണ് സൂചിപ്പിക്കുന്നത്. പുരോഹിതജീവിതത്തിൽ ഈശോയോടുള്ള ഈ സ്നേഹവും പ്രതിബദ്ധതയും പ്രായോഗികമാകേണ്ടത് സഭാശുശ്രൂഷയിലൂടെയും സഭാശുശ്രൂഷയ്ക്ക് പ്രേരകമാകേണ്ട അജപാലനസ്നേഹത്തിലൂടെയുമാണ്.

malankalibrary.com



8

# പുരോഹിതൻ: അരൂപിയാൽ നയിക്കപ്പെടുന്നവൻ

**ശി**ഷ്യത്വം പൗരോഹിത്യ ആദ്ധ്യാത്മികതയുടെ അടിസ്ഥാനമാണെങ്കിൽ ശിഷ്യത്വത്തിന്റെ ഒരു പ്രധാന പ്രത്യേകത ശിഷ്യൻ ഗുരുവിനെ അനുകരിക്കുന്നവനാകണം എന്നതാണ്. മിശിഹാനുകരണം പുരോഹിതന്റെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനമാകണം. ആരംഭം മുതൽ അവസാനംവരെ മിശിഹായിൽ നാം കാണുന്ന ഒരു പ്രത്യേകത അവിടുന്ന് ഓരോ നിമിഷവും അരൂപിയാൽ നയിക്കപ്പെട്ടിരുന്നു എന്നതാണ്. ആദ്ധ്യാത്മിക ജീവിതം അരൂപിയിലുള്ള ജീവിതമാണ്; അരൂപിയാൽ

malankalibrary.com

നയിക്കപ്പെടുന്ന ജീവിതമാണ്. അതുകൊണ്ട് ഈശോയുടെ ജീവിതത്തിൽ ഇത് എപ്രകാരമായിരുന്നു എന്നു മനസ്സിലാക്കി പുരോഹിതൻ എപ്രകാരം അരൂപിയാൽ നയിക്കപ്പെടണം എന്ന് പരിശോധിക്കാം.

### 1. അരൂപിയുടെ നിറവിൽ ജീവിക്കുന്നവൻ

"കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്" (ലൂക്കാ 4:18) എന്നു പറഞ്ഞുകൊണ്ടാണ് ഈശോ തന്റെ പൗരോഹിത്യശുശ്രൂഷ ആരംഭിക്കുന്നത്. പരിശുദ്ധാത്മാവ് ഈശോയുടെമേൽ ഉണ്ട് എന്നു പറയുമ്പോൾ പരിശുദ്ധാത്മാവ് ഈശോയുടെ ജീവിതത്തിൽ നിറഞ്ഞുനിന്നിരുന്നു എന്നാണർത്ഥം. ഈശോയുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളേയും സ്വാധീനിച്ചിരുന്നത് പരിശുദ്ധാത്മാവാണ്. അവിടുത്തെ വിചാരങ്ങളും വികാരങ്ങളും വാക്കുകളും പ്രവൃത്തികളുമെല്ലാം പരിശുദ്ധാത്മാവിന്റെ സ്വാധീനത്തിലായിരുന്നു. ഈശോയുടെ സമർപ്പണത്തിന്റെയും ദൗത്യത്തിന്റെയും അടിസ്ഥാനം പരിശുദ്ധാത്മാവായിരുന്നു. പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവ് (റോമ 1:4) ആയതിനാൽ ഈശോയുടെ ജീവിതം എല്ലാ തലങ്ങളിലും പരിശുദ്ധമായിരുന്നു. അതായത്, അവിടുത്തെ ജീവിതവും ശുശ്രൂഷയും പൂർണ്ണമായും പരിശുദ്ധനായ ദൈവത്തിന്റെ ഹിതമനുസരിച്ച് ക്രമീകരിക്കപ്പെട്ടിരുന്നു. ഇത് പല സന്ദർഭങ്ങളിലും ഈശോ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. പിതാവു ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ല" (യോഹ 5:19). ഇതുപോലെ പുരോഹിതനും സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ച് പൂർണ്ണമായും ദൈവഹിതം നിർവ്വഹിച്ച് ദൈവാരൂപിയുടെ നിറവിൽ ജീവിക്കുന്നവനാകണം.

### 2. ആത്മാവിനാൽ നയിക്കപ്പെടുന്നവൻ

"പരിശുദ്ധാത്മാവ് നിറഞ്ഞവനായി യോർദ്ദാനിൽനിന്നു മടങ്ങിയ ഈശോയെ ആത്മാവ് മരുഭൂമിയിലേക്കു നയിച്ചു" (ലൂക്കാ 4:1) എന്ന് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നു. ഇതേ വാചകം മത്തായി സുവിശേഷകൻ ഇങ്ങനെ രേഖപ്പെടുത്തുന്നു: 'അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് ഈശോയെ ആത്മാവു മരുഭൂമിയിലേക്കു നയിച്ചു" (മത്താ 4:1). പരിശുദ്ധാത്മാവിന്റെ നയിക്കൽ മരുഭൂമിയോടും പ്രലോഭനങ്ങളോടും ബന്ധപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ഈ നയി

malankalibrary.com

ക്കൽ രക്ഷാകരചരിത്ര പശ്ചാത്തലത്തിൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു. പഴയനിയമചരിത്രത്തിൽ ഈജിപ്തിന്റെ അടിമത്തത്തിൽനിന്നും വിമോചിതരായി പ്രലോഭനവേദിയായ മരുഭൂമിയിലൂടെ വാഗ്ദത്തഭൂമിയിലേയ്ക്കുള്ള യാത്രയിൽ പുത്രനായ ഇസ്രായേൽ പിതാവായ ദൈവത്താൽ നയിക്കപ്പെട്ടു (പുറ 4:22-23). അതുപോലെ, ദൈവപുത്രനായ ഈശോ പിതാവായ ദൈവത്തിന്റെ അരൂപിയാൽ പ്രലോഭനങ്ങളെ അതിജീവിച്ച് ദൈവപുത്രത്വത്തിന്റെ മഹത്ത്വത്തിലേയ്ക്ക് നയിക്കപ്പെടുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു. ക്രിസ്തീയജീവിതവും ഇതുപോലെ അരൂപിയാൽ നയിക്കപ്പെടുന്ന ഒരു ജീവിതമാണെന്ന് വി. പൗലോസും സാക്ഷ്യപ്പെടുത്തുന്നുണ്ട്: "ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവപുത്രന്മാരാണ്" (റോമ 8:14). ഇത് വെറും വ്യക്തിഗതമായ ഒരു നയിക്കപ്പെടലല്ല. മാമ്മോദീസായിലൂടെ ദൈവമക്കൾക്കടുത്ത ഒരു കുടുംബമായിത്തീർന്ന സഭയുടെ ഈലോക ജീവിതത്തിലുള്ള അന്ത്യോന്മുഖമായ നയിക്കപ്പെടലാണ്. ഈ സഭാത്മകമായ നയിക്കപ്പെടലിൽ പുരോഹിതന് നിർണ്ണായകമായ സ്ഥാനമുണ്ട്. പ്രലോഭനങ്ങളെ അതിജീവിച്ച് നിരന്തരം അരൂപിയാൽ നയിക്കപ്പെടുന്ന ജീവിതം നയിക്കുവാൻ സഭാതനയരെ പ്രാപ്തരാക്കുന്ന ശുശ്രൂഷയാണ് പുരോഹിതന്റേത്. ഈ ശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കണമെങ്കിൽ പുരോഹിതൻ തന്നെ ഈശോയെ അനുകരിച്ച് പ്രലോഭനങ്ങളെ ചെറുത്തുനിന്നുകൊണ്ട് പൂർണ്ണമായും ദൈവാരൂപിയാൽ നയിക്കപ്പെടണം.

### 3. ദൈവവചനത്താൽ ജീവിക്കുന്നവൻ

ഒന്നാമത്തെ പ്രലോഭനം ശരീരത്തിന്റെ വിശപ്പിന്റെ പ്രലോഭനമാണ്. ശരീരത്തിന്റെ വിശപ്പ് തീർച്ചയായും ഈശോയ്ക്ക് അനുഭവപ്പെട്ടിരിക്കും. അത് എല്ലാവർക്കും ഈ ലോകത്തിൽ അനുഭവപ്പെടുന്നതുമാണ്. പക്ഷേ, അതിനപ്പുറമുള്ള ഒരു വിശപ്പാണ് ഈശോയെ നയിച്ചിരുന്നത്. ദൈവത്തിനുവേണ്ടിയുള്ള വിശപ്പ്. ദൈവത്തിനുവേണ്ടിയുള്ള ലോകത്തിന്റെ വിശപ്പ് അടക്കാനാണ് ഈശോ ലോകത്തിലേക്കു വന്നതും. ഈശോയുടെ അത്ഭുതങ്ങളെല്ലാം ദൈവസ്നേഹത്തിന്റെ സ്പർശനങ്ങളായിരുന്നു. വെറും മാനുഷിക ആവശ്യങ്ങൾ നിറവേറ്റുക എന്നതിൽ ഒതുങ്ങിനിന്ന പ്രവർത്തികളായിരുന്നില്ല. അവയിലൂടെ ആത്യന്തികമായി ദൈവവചനത്തിലേക്കും ദൈവികജീവനിലേക്കും മനുഷ്യനെ നയിക്കുവാനാണ് ഈശോ ശ്രമിച്ചത്.

malankalibrary.com

പുരോഹിതനും ഇതുപോലെയുള്ള പ്രലോഭനങ്ങളുണ്ടാകാം. ഈ ലോകത്തിന്റെ ആവശ്യങ്ങൾ സാധിക്കുന്നതിനും താല്പര്യങ്ങൾ നേടുന്നതിനും അതിന് തന്റെ കഴിവുകൾ ഉപയോഗിക്കുന്നതിനുമുള്ള പ്രലോഭനങ്ങൾ പുരോഹിതനുണ്ടായെന്നു വരാം. മനുഷ്യരുടെ ഭൗതികമായ ആവശ്യങ്ങൾ മാത്രം സാധിച്ചുകൊടുക്കുന്ന ശുശ്രൂഷചെയ്ത് അവരുടെ താല്ക്കാലികമായ അഭിനന്ദനങ്ങൾ നേടുവാനുള്ള പ്രലോഭനവും ഉണ്ടായെന്നുവരാം. അവയെ എല്ലാം അതിജീവിച്ച് ദൈവവചനംകൊണ്ട് ജീവിക്കുവാനും അങ്ങനെ ജീവിക്കുവാൻ മനുഷ്യരെ പരിശീലിപ്പിക്കത്തക്ക വിധം വചനശുശ്രൂഷ നിർവ്വഹിക്കുവാനും പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നു.

## 4. ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കുന്നവൻ

ഇസ്രായേൽജനത്തിനുണ്ടായതുപോലെ ദൈവത്തെ പരീക്ഷിക്കുവാനുള്ള ഒരു പ്രലോഭനമാണ് ഈശോയ്ക്ക് രണ്ടാമത് അനുഭവപ്പെട്ടത്. അവർക്ക് ആവശ്യമുള്ളതെല്ലാം ദൈവം ചെയ്തുകൊടുക്കണം, കൊടുക്കും, എന്ന നിലപാട് ഇസ്രായേൽ സ്വീകരിക്കുകയും അങ്ങനെ ദൈവത്തെ പരീക്ഷിക്കുകയും ചെയ്തു (പുറ 17:7). ഇത് ശരിയായ ദൈവാശ്രയത്വത്തിനു വിരുദ്ധമാണ്. ദൈവത്തിൽ ആശ്രയിക്കുക എന്നു വച്ചാൽ നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ച് ദൈവം എപ്പോഴും പ്രവർത്തിക്കും, അല്ലെങ്കിൽ പ്രവർത്തിക്കണം എന്നു നിർബന്ധം പിടിക്കുകയല്ല. നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മുടെ യഥാർത്ഥ നന്മയക്കുപകരിക്കുന്നവ തക്കസമയത്ത്, വേണ്ടരീതിയിൽ, ചെയ്യുമെന്നുള്ള വിശ്വാസമാണ്. നമ്മുടെ ബുദ്ധിമുട്ടുകളിലും സഹനങ്ങളിലും ദൈവത്തിന്റെ സ്നേഹത്തിൽ, ദൈവത്തിലുള്ള പ്രത്യാശയിൽ ഉറപ്പോടെ നില നില്ക്കാൻ സാധിക്കുക എന്നതാണ് യഥാർത്ഥത്തിലുള്ള ദൈവാശ്രയത്വം. അങ്ങനെ, ദൈവകൃപയിൽ ആശ്രയിച്ച് ജീവിക്കുവാനും, അങ്ങനെ ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുവാനും പുരോഹിതനു കഴിയണം.

## 5. അനുസരണാജീവിതം നയിക്കുന്നവൻ

വാഗ്ദാനനാട്ടിലേക്കുള്ള ഇസ്രായേലിന്റെ പ്രവേശനവും അവിടുത്തെ വാസവും അരൂപിയിലുള്ള ജീവിതത്തിലൂടെ നാം സ്വായത്തമാക്കേണ്ട ദൈവൈക്യത്തിന്റെ പ്രതീകമാണ്. പക്ഷേ, അതിനുള്ള

malankalibrary.com

മാർഗ്ഗം അനുസരണയുടേതും സ്നേഹത്തിന്റേതുമാണെന്ന് ഇസ്രായേലിനെ ദൈവം ഓർമ്മിപ്പിക്കുന്നുണ്ട് (നിയമ 6:4-9). അനുസരണക്കേടു കാണിച്ചതിന്റെ ഫലമായി മോശയ്ക്ക് വാഗ്ദാനനാട്ടിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല - കാണാനേ പറ്റിയുള്ളൂ (നിയമ 34:4). ആത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതത്തിന്റെ മുഖമുദ്ര അനുസരണമാണ്. ഈശോയുടെ ജീവിതം മനുഷ്യാവതാരം മുതൽ മരണംവരെയുള്ള അനുസരണാജീവിതമായിരുന്നു (ഫിലി 2:5-9).

ഈശോയ്ക്കുണ്ടായ മൂന്നാമത്തെ പ്രലോഭനം അനുസരണാജീവിതത്തിലൂടെ ദൈവത്തെ കർത്താവായി അംഗീകരിക്കുന്നതിനുപകരം സാത്താനെ ആരാധിക്കുവാനുള്ള പ്രലോഭനമാണ്. സ്വയം ശൂന്യമാക്കലിലൂടെയുള്ള അനുസരണത്തിന്റെ കുരിശ് ഒഴിവാക്കാനുള്ള പത്രോസിന്റെ നിലപാടിനെ സാത്താന്റെ പ്രലോഭനമായാണ് ഈശോ വിശേഷിപ്പിച്ചത് (മത്താ 16:23). ഇതും ആത്മാവിനാൽ നയിക്കപ്പെടാൻ വിളിക്കപ്പെട്ട പൗരോഹിത്യജീവിതത്തിൽ ഉണ്ടാകാവുന്ന പ്രലോഭനമാണ്. ഈ പ്രലോഭനത്തെ അതിജീവിച്ച് നിരന്തരമായ അനുസരണത്തിന്റെയും സ്നേഹത്തിന്റേയും ജീവിതം നയിക്കുവാൻ പുരോഹിതൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഇങ്ങനെ, പ്രലോഭനങ്ങളെയെല്ലാം അതിജീവിച്ച് ജീവിതത്തിലുട നീളം അരൂപിയാൽ നയിക്കപ്പെട്ട നിത്യപുരോഹിതനായ ഈശോയുടെ മാതൃക പുരോഹിതന്റെ ആദ്ധ്യാത്മികതയ്ക്ക് അടിസ്ഥാനമാകണം.

malankalibrary.com



൭

# പുരോഹിതൻ: സുവിശേഷ പ്രഘോഷകൻ

**നി**ത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിന്റെ തുടർച്ചയാണല്ലോ ക്രൈസ്തവപൗരോഹിത്യം. അതുകൊണ്ട് മിശിഹായുടെ ജീവിതത്തിന്റെയും ശുശ്രൂഷയുടെയും വെളിച്ചത്തിൽമാത്രമേ പുരോഹിതശുശ്രൂഷയുടെ സ്വഭാവവും പ്രത്യേകതകളും നമുക്കു മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.

malankalibrary.com

## 1. പുരോഹിതശുശ്രൂഷ: സുവിശേഷ ശുശ്രൂഷ

ക്രൈസ്തവപുരോഹിതന്റെ ശുശ്രൂഷ അവശ്യം സുവിശേഷ കേന്ദ്രീകൃതമായ ഒരു ശുശ്രൂഷയാണ്. കാരണം, ഈശോയുടെ ജീവിതവും ശുശ്രൂഷയും സുവിശേഷകേന്ദ്രീകൃതമായിരുന്നു. ഈശോയുടെ ജനനം മനുഷ്യകുലത്തിന് സുവിശേഷമായിരുന്നു. "ഇതാ, സർവ ലോകത്തിനും മഹാസന്തോഷം പ്രദാനം ചെയ്യുന്ന സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു.... നിങ്ങൾക്കായി ഒരു രക്ഷകൻ ..... ജനിച്ചിരിക്കുന്നു" (ലൂക്കാ 2:10). ഈശോയുടെ പരസ്യജീവിതം ഉദ്ഘാടനം ചെയ്യപ്പെട്ടതും സുവിശേഷപ്രഘോഷണത്തോടുകൂടെയാണ്. മാമ്മോദീസാനുഭവത്തോടുകൂടെ പരിശുദ്ധാത്മാവിന്റെ നിറവിൽ ഈശോ രംഗപ്രവേശനം ചെയ്തുകൊണ്ടു പറഞ്ഞു: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്കാ 4:18). പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ഈശോ ഗലീലിയിലേക്കു വന്നത് സുവിശേഷം പ്രഘോഷിച്ചുകൊണ്ടാണ്: "ഈശോ ദൈവത്തിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ട് ഗലീലിയിലേക്കു വന്നു" (മർക്കോ 1:14). മിശിഹായുടെ പ്രബോധനങ്ങളും പ്രവർത്തനങ്ങളും ഉപമകളും അത്ഭുതങ്ങളും ജീവിതവുമെല്ലാം പുതിയനിയമപൗരോഹിത്യശുശ്രൂഷ സുവിശേഷകേന്ദ്രീകൃതമായ ഒരു ശുശ്രൂഷയാണെന്നു വ്യക്തമാക്കുന്നു.

## 2. ശ്ലൈഹികശുശ്രൂഷ: സുവിശേഷശുശ്രൂഷ

മിശിഹായുടെ പൗരോഹിത്യം സഭയിലേക്കു കടന്നുവന്നത് ശ്ലീഹന്മാരിലൂടെയാണല്ലോ. ശ്ലീഹന്മാരെയെല്ലാം ഈശോ അയയ്ക്കുന്നത് സുവിശേഷം പ്രഘോഷിക്കുവാനാണ്. "അവൻ അവരോടു പറഞ്ഞു: നിങ്ങൾ ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ 16:15). 'ശ്ലീഹാ' എന്ന അപരനാമത്തിനർഹനായ വിശുദ്ധ പൗലോസ് താൻ സുവിശേഷപ്രഘോഷണത്തിനായി പ്രത്യേകം നിയോഗിക്കപ്പെട്ടവനാണെന്ന് സ്വയം ഏറ്റു പറയുന്നുണ്ട്: "ഈശോമിശിഹായുടെ ദാസനും ശ്ലീഹാ ആയിരിക്കുവാൻ വിളിക്കപ്പെട്ടവനും ദൈവത്തിന്റെ സുവിശേഷത്തിനായി പ്രത്യേകം നിയോഗിക്കപ്പെട്ടവനുമായ പൗലോസ് എഴുതുന്നത്" (റോമ 1:1). ശ്ലൈഹികകൈവയ്പിലൂടെയാണല്ലോ

malankalibrary.com

ക്രൈസ്തവ പൗരോഹിത്യം തലമുറതലമുറകളായി ഇന്നും നല്കപ്പെടുന്നത്. അതുകൊണ്ട്, ശ്ലീഹന്മാരുടെ പിൻഗാമികളെന്ന നിലയിൽ തിരുസ്സഭ പൗരോഹിത്യപദവികൾ കൈകാര്യം ചെയ്യുന്നവരെല്ലാം - മെത്രാന്മാരും, വൈദികരും, ഡീക്കന്മാരും - സുവിശേഷകേന്ദ്രീകൃതമായി ശുശ്രൂഷ ചെയ്യേണ്ടവരാണ്.

### 3. സുവിശേഷത്തിനു പുരോഹിതശുശ്രൂഷ

സുവിശേഷത്തിന്റെ ശുശ്രൂഷയ്ക്കായി ദൈവത്താൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെടുകയും നിയോഗിക്കപ്പെടുകയും ചെയ്ത വിശുദ്ധ പൗലോസ് തന്റെ സുവിശേഷശുശ്രൂഷയെ പുരോഹിതശുശ്രൂഷയെന്ന് വിശേഷിപ്പിക്കുന്നുണ്ട്: "വിജാതീയരാകുന്ന ബലിവസ്തു സ്വീകാര്യവും പരിശുദ്ധാത്മാവിനാൽ പവിത്രീകൃതവും ആകാൻവേണ്ടി ഞാൻ ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യുന്നു (റോമ 15:16). സുവിശേഷങ്ങളിലോ മറ്റ് പുതിയ നിയമഗ്രന്ഥങ്ങളിലോ സഭാശുശ്രൂഷകരെ ആരേയും പുരോഹിതർ എന്നു വിശേഷിപ്പിക്കാത്ത പശ്ചാത്തലത്തിൽ ഇതിന് പ്രത്യേക പ്രാധാന്യമുണ്ട്. വെറും ആരാധനാപരമായ ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ടല്ല സുവിശേഷകേന്ദ്രീകൃതമായ ശുശ്രൂഷ ചെയ്തുകൊണ്ടാണ് ഈ വിശുദ്ധീകരണം സാധ്യമാക്കുന്നത്. സുവിശേഷപ്രഘോഷണം മാനസാന്തരപ്പെടാനും സുവിശേഷത്തിൽ വിശ്വസിക്കുവാനുമുള്ള ആഹ്വാനം നല്കുന്നു. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1:15). മാനസാന്തരപ്പെട്ട് സുവിശേഷം സ്വീകരിച്ച് ജീവിക്കുന്ന മനുഷ്യജീവിതമാണ് ദൈവത്തിനു സ്വീകാര്യവും പവിത്രീകൃതവുമായ ജീവിതം. അങ്ങനെ, വിജാതീയരാകുന്ന അഥവാ അവിശ്വാസികളാകുന്ന മനുഷ്യർ വിശ്വാസികളായി. ദൈവത്തിനു സ്വീകാര്യമായ ബലിവസ്തുവായി മാറുന്നു. അതുകൊണ്ട് സുവിശേഷശുശ്രൂഷ പുരോഹിതശുശ്രൂഷയുടെ സ്വഭാവം ഉൾക്കൊള്ളുന്നു. ഇതുകൊണ്ടായിരിക്കണം പൗരോഹിത്യശുശ്രൂഷയെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ പ്രമാണരേഖയിൽ പുരോഹിതന്റെ പ്രഥമദൗത്യമായി സുവിശേഷപ്രഘോഷണത്തെ എടുത്തുകാണിക്കുന്നത് (PO 4).

malankalibrary.com

## 4. സുവിശേഷശുശ്രൂഷയും സഭാനിർമ്മിതിയും

സുവിശേഷശുശ്രൂഷയാണ് സഭാഗാത്രത്തെ നിർമ്മിക്കുന്ന അടിസ്ഥാനശുശ്രൂഷ. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിലൂടെയാണ് സഭ ഉത്ഭവിച്ചത്. പന്തക്കുസ്താനുഭവത്തെത്തുടർന്ന് പത്രോസ് മറ്റു പതിനൊന്നു പേരോടുംകൂടെ എഴുന്നേറ്റുനിന്ന് സുവിശേഷപ്രഘോഷണം ആരംഭിച്ചു (ശ്ലീഹ 2:14). പ്രഘോഷണത്തിന്റെ അവസാനം സുവിശേഷം സ്വീകരിച്ചവരുടെ സമൂഹമായി ആദിമ സഭ രൂപം കൊള്ളുന്നു: “അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു” (ശ്ലീഹ 2:41). മാമ്മോദീസാ സ്വീകരിച്ച് ശ്ലീഹന്മാരോടു ചേർന്നുനില്ക്കുന്ന വിശ്വാസികളുടെ സമൂഹമായി സഭ ഇവിടെ രൂപപ്പെടുകയാണ്. സുവിശേഷപ്രഘോഷണത്തിലൂടെ മാനസാന്തരപ്പെട്ട് വിശ്വസിച്ചവരുടെ സമൂഹമായി രൂപപ്പെട്ട സഭ പിന്നീട് വളരുന്നതും സുവിശേഷപ്രഘോഷണത്തിലൂടെയും പ്രബോധനത്തിലൂടെയുമാണ്. “അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിയ്ക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു” (ശ്ലീഹ 2:42). സഭയെ വിശ്വാസികളുടെ സമൂഹമായി കെട്ടിപ്പടുക്കുന്ന പുരോഹിതശുശ്രൂഷയാണ് സുവിശേഷശുശ്രൂഷ അഥവാ വചനശുശ്രൂഷ. സുവിശേഷപ്രഘോഷണത്തിനുള്ള പ്രത്യുത്തരം മാനസാന്തരവും വിശ്വാസവുമാണ്: “അവന്റെ നാമത്തെപ്രതി വിശ്വാസത്തിന്റെ വിധേയത്വം സകലജാതികളുടെയിടയിലും ഉളവാകേണ്ടതിന് ഞങ്ങൾ കൃപയും ശ്ലൈഹികസ്ഥാനവും പ്രാപിച്ചിരിക്കുന്നു” (റോമ 1:5). അതുകൊണ്ട് പുരോഹിതന്റെ നിരന്തരമായ സുവിശേഷശുശ്രൂഷയാണ് സഭയെ വിശ്വാസികളുടെ സമൂഹമായി കെട്ടിപ്പടുക്കുന്നത്.

malankalibrary.com



10

# പുരോഹിതനും സുവിശേഷോപദേശങ്ങളും

സുവിശേഷോപദേശങ്ങൾ' എന്നു വിശേഷിപ്പിക്കപ്പെടുന്ന അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്ന വ്രതത്രയങ്ങൾ സാധാരണഗതിയിൽ സന്ന്യാസിനീസന്ന്യാസികളാണ് അവരുടെ ജീവിതശൈലിയായി സ്വീകരിക്കാറുള്ളത്. അവ പ്രത്യേക വ്രതങ്ങളായി അവർ സ്വീകരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. എന്നാൽ, ഇടവക വൈദികരെ സംബന്ധിച്ചിടത്തോളം ഇങ്ങനെ വ്രതബദ്ധമായ ഒരു ജീവിതം അവരിൽനിന്നും പ്രതീക്ഷിക്കുന്നില്ല.

malankalibrary.com

എങ്കിലും സുവിശേഷപ്രഘോഷണകേന്ദ്രീകൃതമായ ശുശ്രൂഷ ചെയ്യുന്നവരെന്ന നിലയിൽ സുവിശേഷോപദേശങ്ങൾ ജീവിക്കുവാനുള്ള ഒരു വിളിയാണ് പുരോഹിതന്റേത്. ജീവിതംകൊണ്ടും വാക്കുകൾകൊണ്ടും പ്രവൃത്തികൾക്കൊണ്ടും സുവിശേഷപ്രഘോഷണം നിർവ്വഹിച്ച ഈശോയോട് അനുരൂപപ്പെടണമെങ്കിൽ ഓരോ പുരോഹിതനും ഈശോയുടെ സുവിശേഷോപദേശങ്ങൾ ജീവിക്കണം.

### 1. ഈശോയുടെ ജീവിതത്തിൽ

ദൈവരാജ്യത്തിന്റെ അഥവാ ദൈവഭരണത്തിന്റെ സുവിശേഷമാണ് ഈശോ പ്രഘോഷിച്ചത്. ദൈവം ഭരിക്കുക എന്നു പറഞ്ഞാൽ, ദൈവം ജീവിതത്തിൽ കർത്തൃത്വം നടത്തുക എന്നാണർത്ഥമാക്കുന്നത്. മനുഷ്യകുലത്തിന്റെമേൽ ദൈവം ഭരണം നടത്തുന്ന വ്യവസ്ഥിതിയാണ് ദൈവരാജ്യമെങ്കിൽ, ഈ ദൈവരാജ്യത്തിലെ ആദ്യ അംഗം ഈശോ തന്നെയായിരുന്നു. അവിടുത്തെ ജീവിതം പൂർണ്ണമായും പിതാവായ ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിക്കുന്ന ഒന്നായിരുന്നു: "ഈശോ പറഞ്ഞു: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പിതാവു ചെയ്തുകാണുന്നതല്ലാതെ പുത്രനു സ്വന്തം ഇഷ്ടമനുസരിച്ച് ഒന്നും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല" (യോഹ 5:19). മനുഷ്യാവതാരം മുതൽ മരണംവരെ ഓരോ നിമിഷവും ദൈവഹിതത്തിനു പൂർണ്ണമായും വിധേയപ്പെട്ട ഒരു അനുസരണാജീവിതമാണ് ഈശോ നയിച്ചതെന്ന് വി. പൗലോസ് ശ്ലീഹാ പ്രസ്താവിക്കുന്നു (ഫിലി 2:5-8). ആധികാരികമായി പഠിപ്പിക്കുവാൻ ഒരുവൻ വിവാഹിതനായിരിക്കണമെന്ന് യഹൂദനിയമം അനുശാസിച്ചിരുന്ന പാരമ്പര്യപശ്ചാത്തലത്തിൽ അവിവാഹിതനായി പ്രബോധനരംഗത്തേക്കിറങ്ങിയ ഈശോയുടെ ജീവിതം ബ്രഹ്മചര്യത്തിന്റെ പ്രാധാന്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ദരിദ്രനായി ജനിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്ത ഈശോയുടെ ജീവിതം അനുഗൃഹീതമായ ദാരിദ്ര്യചൈതന്യത്തിലേക്കും വിരൽചൂണ്ടുന്നു.

### 2. പുരോഹിതനും അനുസരണവും

ഈശോയുടെ സുവിശേഷാധിഷ്ഠിതജീവിതത്തിന്റെ അടിസ്ഥാനം അനുസരണമായിരുന്നെങ്കിൽ പുരോഹിതനും തന്റെ ജീവി

malankalibrary.com

തത്തിൽ അനുസരണത്തിന് പ്രഥമസ്ഥാനം നല്കണം. പുരോഹിതാഭിഷേകക്രമത്തിൽ മറ്റു കർമ്മങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് വിശ്വാസവും അനുസരണവും ഏറ്റുപറയുന്നു എന്നുള്ളത് പുരോഹിതജീവിതക്രമത്തിൽ അനുസരണത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കുന്നു. അനുസരണം എന്നത് സ്വന്തം ഇഷ്ടം മാറ്റിവച്ച് ദൈവഹിതം നിർവ്വഹിക്കുവാനുള്ള ആന്തരിക മനോഭാവമാണ്. ഈശോ നിരന്തരം ഈ മനോഭാവത്തോടെ ജീവിച്ചതായി കാണുന്നു. "ഗുരോ ഭക്ഷണം കഴിച്ചാലും" എന്ന് ശിഷ്യന്മാർ ആവശ്യപ്പെട്ടപ്പോൾ അവിടുന്നു പറഞ്ഞു: "എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുകയാണ് എന്റെ ഭക്ഷണം" (യോഹ 4:34). അനുസരണം സ്നേഹത്തിന്റെ ഒരു രൂപമാണ്. മനസ്സിന്റെ ഐക്യമാണല്ലോ ഏറ്റവും വലിയ ഐക്യം. 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം അഥവാ കല്പനകൾ പാലിക്കുന്നു' എന്നാണല്ലോ ഈശോ അരുൾചെയ്യുന്നത് (യോഹ 14:21). അതുപോലെതന്നെ, പിതാവിനോടും ശിഷ്യഗണത്തോടുമുള്ള സ്നേഹബന്ധം അനുസരണയിലൂടെയാണ് പ്രാവർത്തികമാകേണ്ടതെന്ന് ഈശോ വ്യക്തമാക്കുന്നു: "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ, നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും" (യോഹ 15:10).

### 3. അനുസരണവും ബലിയർപ്പണവും

പുരോഹിതനെ സംബന്ധിച്ചിടത്തോളം അനുസരണാ ജീവിതം തന്റെ ബലിയർപ്പണത്തോട് അഭേദ്യമായി ബന്ധപ്പെട്ടതാണ്. ഈശോയുടെ ബലിയാണല്ലോ പുരോഹിതൻ അർപ്പിക്കുക. ഈശോ ബലിയായി അർപ്പിച്ചത് തന്റെ ശരീരരക്തങ്ങളാണ്. ഈശോയുടെ ബലിയർപ്പണത്തെക്കുറിച്ച് ഹെബ്രായ ലേഖനത്തിൽ ഇങ്ങനെ പറയുന്നു: "ഇതിനാൽ അവൻ ലോകത്തിലേക്ക് പ്രവേശിച്ചപ്പോൾ ഇങ്ങനെ അരുളിച്ചെയ്തു: ബലികളും കാഴ്ചകളും അവിടുന്ന് ആഗ്രഹിച്ചില്ല. എന്നാൽ, അവിടുന്ന് എനിക്കൊരു ശരീരം സജ്ജമാക്കിയിരിക്കുന്നു. അപ്പോൾ.... ഞാൻ പറഞ്ഞു: ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു.... ആ ഹിതമനുസരിച്ച് ഈശോമിശിഹായുടെ ശരീരം എന്നേക്കുമായി

malankalibrary.com

ഒരിക്കൽ സമർപ്പിക്കപ്പെട്ടതുവഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു” (ഹെബ്രാ 10:5-10). ഈശോയുടെ ശരീരം എന്നു പറയുന്നത് അവിടുത്തെ ഈലോകജീവിതമാണ്. ഈ ലോകത്തിലേക്ക് പ്രവേശിച്ച നിമിഷം മുതൽ മരണംവരെ പിതാവിന്റെ ഇഷ്ടം നിറവേറ്റിയ തന്റെ ജീവിതമാണ് ഈശോ പിതാവായ ദൈവത്തിന് ബലിയായി അർപ്പിച്ചത്. ദൈവത്തിനു സ്വീകാര്യമായ ബലിയും അതുതന്നെയായിരുന്നു. മറ്റുവാക്കുകളിൽ, മരണംവരെയുള്ള തന്റെ അനുസരണാജീവിതമായിരുന്നു ഈശോയുടെ ബലിയർപ്പണം. കൗദാശികമായി ഈ ബലി അർപ്പിക്കുന്ന പുരോഹിതനും മറ്റൊരു ബലി അർപ്പിക്കുവാനായിട്ടില്ല. തന്റെ അനുസരണാജീവിതമാകുന്ന ബലിവസ്തു ഈശോയുടെ ശരീരത്തോടു ചേർത്തുവച്ച് ബലിയർപ്പിക്കുന്ന പുരോഹിതനാണ് ഈശോയോട് താദാത്മ്യപ്പെട്ട് ബലിയർപ്പിക്കുന്നത്.

### 4. അനുസരണത്തിന്റെ മൂന്നു മാനങ്ങൾ

പുരോഹിതന്റെ അനുസരണത്തിന് മൂന്നു മാനങ്ങളുണ്ട്. ശ്ലൈഹികപരം, സമൂഹപരം, അജപാലനപരം സഭയുടെ ഹയരാർക്കിക്കൽ ഘടനാതലത്തിലുള്ള അനുസരണാജീവിതത്തെയാണ് ‘ശ്ലൈഹികപരം’ എന്നു വിശേഷിപ്പിക്കുന്നതെങ്കിൽ, പൗരോഹിത്യ കൂട്ടായ്മയിലുള്ള അനുസരണയെയാണ് ‘സമൂഹപരം’ എന്നു വിശേഷിപ്പിക്കുന്നത്. അജഗണത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ജീവിക്കേണ്ട അനുസരണയെയാണ് ‘അജപാലനപരം’ എന്ന് വിശേഷിപ്പിക്കുക.

#### 1. ശ്ലൈഹികപരമായ അനുസരണം

സഭയെ ഹയരാർക്കിക്കൽ ഘടനയിൽ അംഗീകരിക്കുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്ന അനുസരണയാണ് ശ്ലൈഹികപരമായ അനുസരണം. സാർവ്വത്രികസഭയുടെ തലവനായ മാർപാപ്പയോടും മെത്രാൻ സമിതിയോടും സ്വന്തം രൂപതയുടെ മെത്രാനോടും കൂട്ടായ്മയില്ലാത്ത ഒരു പുരോഹിത ശുശ്രൂഷ സഭയിൽ സാദ്ധ്യമല്ല. കാരണം, സഭ അതിന്റെ സ്വഭാവത്താലേ ഒരു കൂട്ടായ്മയാണ്. ശ്ലൈഹികപരമായ അനുസരണം സഭയ്ക്ക് ശ്ലൈഹികമായ ആധികാരികത നൽകിയ മിശിഹായോടുള്ള അനുസരണ

malankalibrary.com

മാണ്. അത് ദൈവവുമായുള്ള കൂട്ടായ്മയുടെ പ്രകാശനവുമാണ്. “നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു” (മത്താ 10:40). ശ്ലൈഹിക പരമായ അനുസരണം ശ്ലൈഹിക കൂട്ടായ്മയുടെ ചൈതന്യത്തിൽ ജീവിക്കുമ്പോൾ അത് പൗരോഹിത്യത്തിന് അനുയോജ്യവും അജപാലന ശുശ്രൂഷയ്ക്ക് ആധികാരികതയും നൽകും. കാരണം സഭാകൂട്ടായ്മയിൽ അനുസരണയിൽ വർത്തിക്കുന്ന വ്യക്തിക്കാണ് സഭയിൽ മറ്റുള്ളവരിൽനിന്നും അനുസരണം ആവശ്യപ്പെടാൻ അവകാശമുള്ളത്.

**2. സമൂഹപരമായ അനുസരണം**

ഇത് ക്രിസ്തീയ പൗരോഹിത്യത്തിന്റെ സ്വഭാവത്തിൽ നിന്നും ഉരുത്തിരിയുന്നതാണ്. ക്രിസ്തീയ കാഴ്ചപ്പാടിൽ പൗരോഹിത്യം ഒന്നേയുള്ളു. അത് മിശിഹായുടേതാണ്. പുതിയനിയമവ്യവസ്ഥിതിയിൽ ഒരു പുരോഹിതനേ ഉള്ളൂ. അത് ഈശോമിശിഹാ തന്നെയാണ്. എല്ലാവരും ഈ ഏക പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിക്കുന്നവരുമാണ്. അതുകൊണ്ട് ഒറ്റപ്പെട്ട പൗരോഹിത്യശുശ്രൂഷയ്ക്കോ, ഒറ്റപ്പെട്ട പൗരോഹിത്യഅനുസരണയ്ക്കോ പുതിയ നിയമവ്യവസ്ഥിതിയിൽ സ്ഥാനമില്ല. പുരോഹിതഗണം ഒന്നുചേർന്ന് കൂട്ടായ്മയിൽ വേണം മെത്രാനോടും, മെത്രാനിലൂടെ പത്രോസിന്റെ പിൻഗാമിയായ മാർപാപ്പയോടും അനുസരണത്തിൽ വർത്തിക്കേണ്ടത്.

ഇങ്ങനെയുള്ള അനുസരണം പുരോഹിതനിൽനിന്നും ത്യാഗപൂർണ്ണമായ ജീവിതം ആവശ്യപ്പെടുന്നു. സ്വന്തം താല്പര്യങ്ങളും കാഴ്ചപ്പാടുകളും മുറുകെപ്പിടിക്കാതെ സഹോദരവൈദികരുടെ കഴിവുകളും വരദാനങ്ങളും നന്നായി ഉപയോഗിക്കുവാൻ ഇടം കൊടുക്കുന്ന നിലപാട് വൈദികർ സ്വീകരിക്കണം. എല്ലാത്തരത്തിലുമുള്ള അസൂയയും മാത്സര്യവും ഒഴിവാക്കണം. ഏക പുരോഹിത ഗണത്തിന്റെ അംഗങ്ങളെന്ന നിലയിൽ പൗരോഹിത്യകൂട്ടായ്മയോടുള്ള പ്രതിബദ്ധതയിൽ മാത്രമേ സ്വന്തം തീരുമാനങ്ങളും നിലപാടുകളും എടുക്കാവൂ. സമൂഹപരമായ അനുസരണം എല്ലാ പുരോഹിതരിലും ഒരു കൂട്ടുത്തരവാദിത്വമനോഭാവം വളർത്തണം.

malankalibrary.com

### 3. അജപാലനപരമായ അനുസരണം

അജപാലനപരമായ അനുസരണം തന്റെ ശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെട്ടിരിക്കുന്ന അജഗണങ്ങളോടുള്ള പ്രതിബദ്ധതയിൽ നിന്നും ഉരുത്തിരിയുന്നതാണ്. അവരുടെ ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും സംരക്ഷിക്കാൻവേണ്ടി സ്വയം ത്യജിക്കാൻ തയ്യാറാകുന്ന ഒരു നിലപാടാണ് ഇത്. സുവിശേഷത്തിനുവേണ്ടിയും വിശ്വാസം, ശരണം, ഉപവി എന്ന ദൈവിക പുണ്യങ്ങൾക്കുവേണ്ടിയും രക്ഷാകരമായ ദൈവാനുഭവത്തിനുവേണ്ടിയുമുള്ള ദൈവജനത്തിന്റെ ദാഹം പുരോഹിതനെ അജപാലനപരമായ അനുസരണത്തിനു പ്രേരിപ്പിക്കണം.

## പുരോഹിതനും ദാരിദ്ര്യവും

### ദരിദ്രനായ ഈശോ

ദരിദ്രനായി ജനിച്ച്, ദരിദ്രനായി ജീവിച്ച്, ദരിദ്രനായി മരിച്ച ഈശോയോട് പുരോഹിതനെ അനുരൂപപ്പെടുത്തുന്ന സുവിശേഷോപദേശമാണ് ദാരിദ്ര്യം. "അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി. തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻ വേണ്ടിത്തന്നെ" (2 കൊറി 8:9). സുവിശേഷപ്രഘോഷണത്തിൽ കേന്ദ്രീകൃതമായ ശുശ്രൂഷ എന്ന നിലയിൽ പുരോഹിതശുശ്രൂഷയിൽ ദാരിദ്ര്യത്തിന് ഒരു പ്രത്യേക സ്ഥാനമുണ്ട്. "ദരിദ്രരെ സുവിശേഷം അറിയിക്കുവാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്കാ 4:18) എന്നാണ് പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി രംഗപ്രവേശനം ചെയ്ത ഈശോ അരുളിച്ചെയ്തത്. ദൈവരാജ്യത്തിന്റെ അവകാശികളാക്കുന്ന സുവിശേഷഭാഗ്യങ്ങളിൽ ഒന്നാമത്തേത് ദാരിദ്ര്യം തന്നെയാണ്: "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാണ്" (മത്താ 5:3).

'യാഹ്‌വേയുടെ ദരിദ്രർ' എന്ന് പഴയനിയമത്തിൽ വിശേഷിപ്പിക്കപ്പെടുന്നവരാണ് സുവിശേഷാത്മകദാരിദ്ര്യത്തിന്റെ മാതൃകകൾ. സാമ്പത്തികദാരിദ്ര്യം അനുഭവിക്കുന്നവർ മാത്രമല്ല പീഡിതരും ഹതഭാഗ്യരും വേദനിക്കുന്നവരും എല്ലാം യാഹ്‌വേയുടെ ദരിദ്ര

malankalibrary.com

രിൽപെടും (സങ്കീ 9:10; 22:25). ദൈവത്തിന്റെ കരങ്ങളിൽ പൂർണ്ണമായി സമർപ്പിച്ച ദരിദ്രനായ ജറെമിയായ്ക്കു തുല്യരാണവർ (ജറെ 20:12 മുതൽ). ദരിദ്രരെ കുറിക്കുവാൻ പഴയനിയമത്തിൽ ഉപയോഗിക്കുന്ന 'അനവീം' എന്ന ഹീബ്രുവാക്ക് 'എളിമയുള്ളവർ' എന്നും വിവർത്തനം ചെയ്യാം (സങ്കീ 10:17, 18:28). ഇത് ഏറ്റം അന്വർത്ഥമായിരിക്കുന്നത് ഈശോമിശിഹായിലാണ്. 'ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ" (മത്താ 11:29) എന്നരുളിച്ചെയ്ത ഈശോയാണ് സുവിശേഷദാരിദ്ര്യത്തിൽ പുരോഹിതനു മാതൃക.

## ദൈവാശ്രയത്വവും ഹൃദയസ്വാതന്ത്ര്യവും

സുവിശേഷദാരിദ്ര്യം ജീവിക്കുവാനുള്ള വിളി ഉദാഹരിക്കുന്ന ഒരു വിവരണമാണ് സുവിശേഷം രേഖപ്പെടുത്തുന്ന 'ധനികനായ യുവാവി'ന്റേത് (മത്താ 19:16-22). "നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണ് പ്രവർത്തിക്കേണ്ടത്?" എന്നു ചോദിച്ച യുവാവിനോട് ഈശോ പറഞ്ഞു: "നന്മയെപ്പറ്റി നീ എന്നോടു ചോദിക്കുന്നതെന്തിന്? നല്ലവൻ ഒരുവൻ മാത്രം" (19:17). നന്മകളുടെയെല്ലാം ഉറവിടമായി ദൈവത്തെ അംഗീകരിക്കുന്നവർക്കേ ദാരിദ്ര്യം ജീവിക്കാനാവൂ എന്ന് ഇത് സൂചിപ്പിക്കുന്നു.

നാം നമുക്കുള്ളതിന്റെയെല്ലാം ഉടമസ്ഥരല്ല, കാര്യസ്ഥരാണ്. ദൈവം മാത്രമാണ് എല്ലാത്തിന്റെയും ഉടയവൻ എന്ന് അംഗീകരിക്കുന്നവർക്കേ, തനിക്കുള്ളത് എന്തായിരുന്നാലും അത് ഉപേക്ഷിക്കുവാനും ആവശ്യമുള്ളവരുമായി പങ്കുവയ്ക്കുവാനുമുള്ള ഹൃദയസ്വാതന്ത്ര്യം ഉണ്ടാവുകയുള്ളു: "നീ പരിപൂർണ്ണനാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക... പിന്നെ വന്ന് എന്നെ അനുഗമിക്കുക" (19:21) എന്നു പറഞ്ഞപ്പോൾ ആ യുവാവ് സങ്കടത്തോടെ തിരിച്ചുപോകുവാൻ കാരണം ദൈവാശ്രയത്വത്തിന്റെ കുറവാണ്. ഏതു ജീവിതസാഹചര്യത്തിലും, ഉള്ളായ്മയിലും ഇല്ലായ്മയിലും, ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ഉള്ളതിനോട് ആവശ്യകമായ ഹൃദയ അകൽച്ച പാലിക്കുവാനും ഉള്ളത് ആവശ്യംപോലെ മറ്റുള്ളവരുമായി പങ്കു

malankalibrary.com

വയ്ക്കുവാനുമുള്ള ഹൃദയസ്വാതന്ത്ര്യം ഉണ്ടാകും. ഇതാണ് യഥാർത്ഥ ദാരിദ്ര്യ ചൈതന്യം.

## ദാരിദ്ര്യചൈതന്യവും അജപാലനശുശ്രൂഷയും

അജപാലന ശുശ്രൂഷയ്ക്ക് പൂർണ്ണമായും സംലഭ്യനാകുവാൻ ദാരിദ്ര്യചൈതന്യം പുരോഹിതനെ പ്രാപ്തനാക്കുന്നു. തനിക്കു സ്വന്തമായി ഉണ്ടാകാവുന്ന നേട്ടങ്ങളോ കോട്ടങ്ങളോ പരിഗണിക്കാതെ തന്റെ ശുശ്രൂഷ എവിടെയെല്ലാം ആവശ്യമാണോ അവിടെയെല്ലാം നൽകുവാനുള്ള ഹൃദയസ്വാതന്ത്ര്യം പുരോഹിതനു ലഭിക്കുന്നത് ദാരിദ്ര്യചൈതന്യത്തിലൂടെയാണ്. ദാരിദ്ര്യചൈതന്യമുള്ള പുരോഹിതൻ താൻ നിയോഗിക്കപ്പെടുന്ന ഏതു ശുശ്രൂഷയും എവിടെയും സ്വീകരിക്കുവാൻ സന്നദ്ധനാവും.

സമൂഹ ജീവിതത്തിൽ സജീവ പങ്കാളിയും ഉത്തരവാദിത്വപൂർണ്ണമായ നേതൃത്വം വഹിക്കുന്നവനുമെന്ന നിലയിൽ, ഭരണപരമായ കാര്യങ്ങളിൽ സത്യസന്ധത പാലിക്കുവാൻ ദാരിദ്ര്യചൈതന്യം പുരോഹിതനെ സഹായിക്കുന്നു. പൊതുസമ്പത്ത് സ്വന്തമെന്ന നിലയിൽ കൈകാര്യം ചെയ്യാതെ ദൈവത്തോടും മറ്റുള്ളവരോടുമുള്ള ഉത്തരവാദിത്വബോധത്തോടെ കൈകാര്യം ചെയ്യുവാനും ദാരിദ്ര്യചൈതന്യം പുരോഹിതനെ പ്രാപ്തനാക്കുന്നു. ഈശോയെ അനുകരിച്ച് ദരിദ്രരോട് പക്ഷം ചേരുന്ന ഒരു അജപാലനശൈലിക്ക് രൂപം കൊടുക്കുവാനും ദാരിദ്ര്യചൈതന്യം സഹായകമാകും.

ഭൗതികസമ്പത്തിൽ സുരക്ഷിതത്വം കണ്ടെത്തുന്ന ഉപഭോഗസംസ്കാരത്തിന്റെ പിടിയിലമർന്നിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ പുരോഹിതദാരിദ്ര്യത്തിന്റെ പ്രവാചകമൂല്യം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. ദൈവത്തിൽമാത്രം സുരക്ഷിതത്വം കണ്ടെത്തുകയും ഉള്ളതു മുഴുവൻ പരസ്പരം പങ്കുവയ്ക്കുകയും ചെയ്യുന്ന സുവിശേഷദാരിദ്ര്യജീവിതശൈലി ആദിമസഭയുടെ മുഖമുദ്രയായിരുന്നു. അതാണ് അനേകർക്ക് സുവിശേഷം സ്വീകരിക്കുവാൻ പ്രേരകമായതും (ശ്ലീഹ 2:42-47). ഇന്ന് തീർച്ചയായും ഇതിന് ഏറെ പ്രസക്തിയുണ്ട്.

സഭയുടെ അടിസ്ഥാനജീവിതശൈലി എന്ന നിലയിൽ

malankalibrary.com

ദാരിദ്ര്യത്തിനു പ്രാധാന്യമുണ്ടെങ്കിൽ സഭാനേതൃത്വത്തിലുള്ള പുരോഹിതജീവിതത്തിലും ശുശ്രൂഷയിലും ഇതിന്റെ പ്രാധാന്യം എത്ര വലുതായിരിക്കും!

## പുരോഹിതനും ബ്രഹ്മചര്യവും

### ബ്രഹ്മചാരിയായ ഈശോ

സുവിശേഷ പ്രഘോഷകനെന്ന നിലയിൽ പുരോഹിതന്റെ ജീവിതത്തെ രൂപപ്പെടുത്തുന്ന സുവിശേഷോപദേശങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ബ്രഹ്മചര്യം. സുവിശേഷപ്രഘോഷണം തന്റെ പുരോഹിതാഭിഷേകത്തിന്റെ ലക്ഷ്യമായി അവതരിപ്പിക്കുന്ന ഈശോ (ലൂക്കാ 4:18) ഒരു ബ്രഹ്മചാരിയായിരുന്നു. ഇസ്രായേലിൽ 'റബ്ബി' എന്ന നിലയിലുള്ള ആധികാരികതയ്ക്ക് വിവാഹം ഒരു വ്യവസ്ഥയായിരുന്ന പശ്ചാത്തലത്തിൽ ഗുരുവിന്റെ പ്രതിഛായയുമായി കടന്നുവന്ന ഈശോ ബ്രഹ്മചാരിയായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ്.

ദൈവരാജ്യത്തിന്റെ സുവിശേഷവുമായി കടന്നുവന്ന ഈശോയുടെ ബ്രഹ്മചര്യജീവിതമാണ് ദൈവരാജ്യത്തെപ്രതി ഈ സുവിശേഷോപദേശം ജീവിക്കാൻ എല്ലാവർക്കും പ്രചോദനം നൽകുന്നത്. ഈശോയുടെ ബ്രഹ്മചര്യജീവിതം ഒരു സ്വാഭാവിക കുടുംബത്തിൽ ഒതുങ്ങിനില്ക്കാതെ തന്റെ സുവിശേഷപ്രഘോഷണത്തിലൂടെ രൂപം കൊള്ളുവാൻ പോകുന്ന ദൈവമക്കളുടെ സാർവ്വത്രികകുടുംബത്തിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി സ്വയം സംലഭ്യനാകുവാൻ, അവിടുത്തെ പ്രാപ്തനാക്കി. തന്റെ അമ്മയും സഹോദരങ്ങളും തന്നെ കാണുവാൻ വന്നപ്പോൾ ഈശോ പറഞ്ഞ വാക്കുകൾ ഇത് സൂചിപ്പിക്കുന്നുണ്ട്: "ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ?... സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (മത്താ 12:48-50). ദൈവരാജ്യത്തിന്റെ കൂദാശയായ സഭാകുടുംബത്തിനുവേണ്ടി സ്വയം ബലിയായി നല്കിയ ഈശോയുടെ പുരോഹിത ജീവിതത്തിന്റെ അടയാളമായിരുന്നു അവിടുത്തെ ബ്രഹ്മചര്യം. ദൈവപിതാവ് ചിലർക്ക് പ്രത്യേകമായി നൽകുന്ന ഒരുവരം എന്ന നിലയിൽ (മത്താ 19:11) ബ്രഹ്മചര്യം

malankalibrary.com

സുവിശേഷോപദേശങ്ങളിൽ ഏറ്റം ശ്രേഷ്ഠമാണെന്നും അവിഭക്തമായ ഹൃദയത്തോടെ ദൈവത്തിനു ശുശ്രൂഷ ചെയ്യുവാൻ ബ്രഹ്മചര്യം സഹായകരമാണെന്നും (1 കൊറി 7:32-34) ദൈവരാജ്യത്തെ പ്രതി സ്വീകരിക്കുന്ന ഈ സുവിശേഷോപദേശം പുരോഹിതന്റെ അജപാലനസ്നേഹത്തിന്റെ അടയാളവും പ്രചോദനവും ലോകത്തിന്റെ ആത്മീയ ഫലപുഷ്ടിയുടെ ഉറവിടവുമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ അഭിപ്രായപ്പെടുന്നു (LG 42).

## ബ്രഹ്മചര്യം: ദൈവരാജ്യത്തിന്റെ അടയാളം

ബ്രഹ്മചര്യം ദൈവരാജ്യത്തിന്റെ അഥവാ സ്വർഗ്ഗരാജ്യത്തിന്റെ അടയാളമാണ്. മരിച്ചവരുടെ പുനരുത്ഥാനം നിഷേധിക്കുന്ന സദുക്കായർ തന്നെ സമീപിച്ച് ചോദിച്ച ചോദ്യത്തിന് മറുപടി നല്കവേ, ഈശോ ഇങ്ങനെ പറഞ്ഞു: "ഈ യുഗത്തിന്റെ സന്താനങ്ങൾ വിവാഹം ചെയ്യുകയും ചെയ്തുകൊടുക്കുകയും ചെയ്യുന്നു. എന്നാൽ വരാനിരിക്കുന്ന യുഗത്തെ പ്രാപിക്കുന്നതിനും മരിച്ചവരിൽ നിന്നുയിർക്കുന്നതിനും യോഗ്യരായവർ വിവാഹം ചെയ്യുകയോ ചെയ്തുകൊടുക്കുകയോ ഇല്ല. പുനരുത്ഥാനത്തിന്റെ മക്കൾ എന്ന നിലയിൽ അവർ ദൈവദൂതന്മാർക്കു തുല്യരും ദൈവമക്കളുമാണ്" (ലൂക്കാ 20:34-36). മരണമുള്ള ജീവിതത്തിലാണ് വിവാഹ ജീവിതത്തിനും സന്താനോൽപാദനത്തിനും പ്രസക്തി. നിത്യജീവിതത്തിൽ വിവാഹജീവിതത്തിനു പ്രസക്തിയില്ല. അതുകൊണ്ട് ബ്രഹ്മചര്യജീവിതം സ്വർഗ്ഗോന്മുഖമായ ജീവിതത്തിന്റെ ഒരടയാളമാണ്. ദൈവരാജ്യം അവശ്യം അന്ത്യോന്മുഖമാണല്ലോ. അതുകൊണ്ട് ദൈവരാജ്യത്തിന്റെ സുവിശേഷകേന്ദ്രീകൃതമായ ശുശ്രൂഷ നിർവ്വഹിക്കുന്ന പുരോഹിതർക്ക് ബ്രഹ്മചര്യജീവിതം തികച്ചും പ്രസക്തമാണ്.

## ബ്രഹ്മചര്യജീവിതവും അജപാലനസ്നേഹവും

പുരോഹിതന്റെ അജപാലനസ്നേഹം നല്ല ഇടയനായ ഈശോയുടെ സ്നേഹത്തിൽ അധിഷ്ഠിതമാണ്. ഈശോയുടെ ഇടയനടുത്ത സ്നേഹത്തിന് മണവാളനടുത്ത സ്നേഹത്തിന്റെ സ്വഭാവമുണ്ട്. കാരണം, ഈശോയുടെ അജഗണമായ സഭ അവിടുത്തെ മണവാട്ടിയാണ്. വി. യോഹന്നാന്റെ സുവിശേഷത്തിലും വി. പൗലോസിന്റെ ലേഖനങ്ങളിലും ഈശോയും സഭയുമായുള്ള ബന്ധത്തെ

malankalibrary.com

മണവാളനും മണവാട്ടിയും തമ്മിലുള്ള ബന്ധമായി അവതരിപ്പിക്കുന്നുണ്ട്. ഈശോ സ്നാനം നല്കുന്നുവെന്നും എല്ലാവരും അവന്റെ അടുത്തേക്കു പോകുന്നുവെന്നും യോഹന്നാൻ മാംദാനയുടെ ശിഷ്യന്മാർ പരാതിപറഞ്ഞപ്പോൾ അദ്ദേഹം പറയുന്നു: "മണവാട്ടിയുള്ളവനാണ് മണവാളൻ. അടുത്തുനിന്നു മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ അവന്റെ സ്വരത്തിൽ വളരെ സന്തോഷിക്കുന്നു. അതുപോലെ എന്റെ ഈ സന്തോഷം ഇപ്പോൾ പൂർണ്ണമായിരിക്കുന്നു. അവൻ വളരുകയും ഞാൻ കുറയുകയും വേണം" (യോഹ 3:29-30).

ഭാര്യാഭർത്താക്കന്മാരെ ഉപദേശിച്ചുകൊണ്ട് വി. പൗലോസ് ശ്ലീഹാ പറയുന്നു: "ഭർത്താക്കന്മാരേ, മിശിഹാ സഭയെ സ്നേഹിക്കുകയും, അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം" (എഫേ 5:25-26). സുറിയാനി സഭാപാരമ്പര്യത്തിലും സഭ മിശിഹായുടെ മണവാട്ടിയാണെന്നുള്ള കാഴ്ചപ്പാട് വളരെ വ്യാപകമാണ്. അതുകൊണ്ട് മിശിഹായുടെ മണവാളനടുത്ത സ്നേഹമാണ് പുരോഹിതരുടെ അജപാലന സ്നേഹത്തിൽ പ്രതിഫലിക്കേണ്ടത്. ബ്രഹ്മചര്യവ്രതം സ്നേഹത്തിന്റെ വ്രതമാണ്. ഇടവക വൈദികർ വ്രതബദ്ധരല്ലെങ്കിലും അജപാലകരെന്ന നിലയിൽ മിശിഹായുടെ അജഗണത്തോടുള്ള മണവാളനടുത്ത സ്നേഹം ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ്. ഇതിന് ബ്രഹ്മചര്യജീവിതം അവർക്ക് പ്രത്യേകം സഹായകരമാണ്.

malankalibrary.com



11

# പുരോഹിതൻ: പ്രബോധകൻ

**പു**രോഹിതന്റെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം സുവിശേഷപ്രഘോഷണമാണെന്നു നാം കണ്ടുകഴിഞ്ഞു. സുവിശേഷപ്രഘോഷണത്തിന്റെ അവിഭാജ്യഘടകമാണ് പ്രബോധനം. സുവിശേഷപ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച സമൂഹത്തിന് അവശ്യം നല്കേണ്ടതാണ് വിശ്വാസപരിശീലനം. അപ്രകാരം വിശ്വാസപരിശീലനത്തിനുതകുന്ന പ്രബോധനം പുരോഹിതന്റെ സുവിശേഷപ്രഘോഷണശുശ്രൂഷയുടെ അവശ്യഘടകമാണ്. സഭ ജന്മം

malankalibrary.com

കൊണ്ട സന്ദർഭത്തിൽത്തന്നെ ഇതു വ്യക്തമായി കാണാം. പത്രോസ്ശ്ലീഹാ മറ്റു പതിനൊന്നു പേരോടുചേർന്നു നിന്നുകൊണ്ടു നടത്തിയ സുവിശേഷപ്രഘോഷണത്തിലൂടെയാണ് ആദിമക്രൈസ്തവസമൂഹം രൂപംകൊണ്ടത്: "അവന്റെ വചനം സ്വീകരിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം ആളുകൾ അവരോടു ചേർന്നു" (ശ്ലീഹ 2:41). അപ്രകാരം വിശ്വാസികളുടെ സമൂഹമായിത്തീർന്ന ആദിമക്രൈസ്തവസമൂഹം ശ്ലീഹന്മാരുടെ പ്രബോധനത്തിൽ സദാ താല്പര്യത്തോടെ പങ്കുചേർന്നിരുന്നതായി അടുത്ത വാക്യത്തിൽ പറയുന്നു: "അവർ ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (ശ്ലീഹ 2:42). അതുകൊണ്ട് വിശ്വാസപ്രബോധനം സുവിശേഷപ്രഘോഷണത്തിന്റെ ഒരവശ്യഘടകമായി കരുതണം.

**ഈശോ: പ്രബോധകൻ**

ഈശോയുടെ പരസ്യജീവിതകാലഘട്ടത്തിൽ എല്ലാവരും ഈശോയെ 'ഗുരോ' എന്നു സംബോധന ചെയ്യുന്നതായിട്ടാണ് കാണുന്നത് (മർക്കോ 10:17; ലൂക്കാ 18:18). ചെറുപ്പംമുതലേ പ്രബോധനത്തിൽ ഈശോ താല്പര്യം കാണിക്കുകയും അതിനു പ്രാധാന്യം കൊടുക്കുകയും ചെയ്തിരുന്നു (ലൂക്കാ 2:41-52). പരസ്യജീവിതകാലത്ത് യഹൂദരുടെ സിനഗോഗുകളിലും ദൈവാലയത്തിലും പതിവായി അവിടുന്നു പഠിപ്പിച്ചുകൊണ്ടിരുന്നുവെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട് (ലൂക്കാ 4:16; യോഹ 7:14). ഗ്രാമപ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ചുകൊണ്ട് അവിടുന്നു പഠിപ്പിച്ചിരുന്നതായി മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തുന്നു (മർക്കോ 6:7). 'പഠിപ്പിച്ചും പ്രസംഗിച്ചും സുഖപ്പെടുത്തിയും' എന്നത് ഈശോയുടെ ജീവിതശൈലിയായി മത്തായി സുവിശേഷകൻ അവതരിപ്പിക്കുന്നുണ്ട് (മത്താ 9:35). ഭക്ഷണം കഴിക്കാൻപോലും സമയം കിട്ടാതെ ശുശ്രൂഷ ചെയ്തിരുന്ന സാഹചര്യത്തിൽ വിശ്രമത്തിനായി വിജനസ്ഥലത്തേക്കുപോയ ഈശോ, അവിടെ ചെന്നപ്പോൾ, അവിടെ കൂടിയിരുന്ന ജനങ്ങളെ കണ്ടപ്പോൾ, അവരുടെമേൽ അനുകമ്പതോന്നി, പല കാര്യങ്ങളും അവരെ പഠിപ്പിക്കാൻ തുടങ്ങിയതായി സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (മർക്കോ 6:35). തന്റെ പരസ്യജീവിതകാലത്ത് സുവിശേഷപ്രഘോഷണത്തിനായി

malankalibrary.com

ഈശോ പറഞ്ഞുവിട്ട ശ്ലീഹന്മാരും, അവർ 'ചെയ്തതും' 'പഠിപ്പിച്ചതും' ഈശോയെ അറിയിക്കുന്നുണ്ട് (മർക്കോ 5:30). ഉത്ഥാനശേഷം സുവിശേഷപ്രഘോഷണത്തിനായി ശിഷ്യന്മാരെ പറഞ്ഞുവിടുമ്പോൾ, ശിഷ്യത്വപ്രക്രിയയുടെ ഭാഗമായി പ്രബോധനത്തെക്കുറിച്ച് എടുത്തുപറയുന്നുണ്ട് (മത്താ 28:19).

### ശ്ലീഹന്മാർ: പ്രബോധകന്മാർ

ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിൽ പ്രബോധനത്തിന് വലിയ പ്രാധാന്യം നല്കിയിരുന്നതായിട്ടാണ് നടപടിഗ്രന്ഥവും പുതിയനിയമലേഖനങ്ങളും സാക്ഷ്യപ്പെടുത്തുന്നത്. ആദിമസഭാംഗങ്ങൾ സദാ താല്പര്യപൂർവ്വം ശ്ലൈഹികപ്രബോധനത്തിൽ പങ്കുചേരുന്നവരായിരുന്നു (ശ്ലീഹ 2:42). സഭയിൽ സാമൂഹികപ്രശ്നങ്ങളുണ്ടായപ്പോൾ അതു കൈകാര്യം ചെയ്യുവാൻ ഡീക്കന്മാരെ ഏല്പിച്ചിട്ട്, പ്രാർത്ഥനയിലും വചനശുശ്രൂഷയിലും ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ് ശ്ലീഹന്മാർ തീരുമാനമെടുത്തത് (ശ്ലീഹ 6:1-7). ജറുസലേമിൽനിന്നു ഗാസായിലേക്കുള്ള യാത്രാമദ്ധ്യേ, തിരുവചനം വായിച്ചുകൊണ്ടിരുന്ന എത്യോപ്യാക്കാരൻ ഷണ്ഡന്റെ അടുക്കലേക്ക്, വായിക്കുന്ന വചനത്തിനു വ്യാഖ്യാനം നല്കുവാൻ പീലിപ്പോസിനെ പരിശുദ്ധാത്മാവ് പറഞ്ഞുവിടുന്നു (ശ്ലീഹ 8:26-40). പൗലോസ്ശ്ലീഹാ, സുവിശേഷപ്രഘോഷണം നടത്തിയ പല സഭാസമൂഹങ്ങളിലും തിരിച്ചുചെന്ന് വിശ്വാസികളെ പ്രബോധിപ്പിക്കുന്നതായി നടപടിഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട് (ശ്ലീഹ 13:35; 15:41). മിലേത്തോസിലെ ശ്രേഷ്ഠന്മാരോടു വിടപറയുമ്പോൾ സത്യത്തെ വളച്ചൊടിച്ചു പ്രസംഗിച്ച് അജഗണങ്ങളെ വഴിതെറ്റിക്കുന്നവർക്കെതിരെ ജാഗ്രത പുലർത്തണമെന്ന് അവരെ ഓർമ്മിപ്പിക്കുന്നുണ്ട് (ശ്ലീഹ 20:28-32). പൗലോസ്ശ്ലീഹാ തിമോത്തിയോസിനെഴുതിയ ലേഖനങ്ങളിൽ അധികാരപൂർവ്വം പഠിപ്പിക്കാനും (1 തിമോ 4:11-16), ഉത്തമമായ പ്രബോധനം നല്കാനും (2 തിമോ 4:1-5) ഉപദേശിക്കുന്നുണ്ട്. അതുകൊണ്ട് ശ്ലൈഹികപിന്തുടർച്ചയുള്ള പുരോഹിതശുശ്രൂഷയുടെ പ്രധാനപ്പെട്ട ഒരു ചുമതലയാണ് വിശ്വാസം പഠിപ്പിക്കുക എന്നുള്ളത്.

### മുതിർന്നവരുടെ വിശ്വാസപരിശീലനം

കുട്ടികളുടെ മതബോധനത്തിന് പ്രാധാന്യം നല്കുന്ന പതിവ്

malankalibrary.com

സഭയിലുണ്ട്. എന്നാൽ മുതിർന്നവരുടെ വിശ്വാസപരിശീലനത്തിനു വേണ്ടുന്ന പ്രാധാന്യം നല്കാത്ത ഒരു സ്ഥിതിവിശേഷവും സഭയിലുണ്ട്. അതിനുള്ള പ്രായോഗിക ബുദ്ധിമുട്ടാവാം കാരണം. എന്നാൽ സഭയിൽ ഏറ്റം പ്രാധാന്യം നല്കേണ്ട ഒരു ശുശ്രൂഷയാണ് മുതിർന്നവരുടെ മതബോധനം. വിശ്വാസത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ ചെറുപ്പത്തിൽ പഠിക്കുന്നുണ്ടെങ്കിലും, വ്യക്തിയുടെ വളർച്ചയ്ക്ക് അനുസൃതമായി വിശ്വാസം മനസ്സിലാക്കുവാനും, പ്രതിസന്ധികളെ തരണംചെയ്തുകൊണ്ട് വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിക്കുവാനും കഴിവുണ്ടാകുന്നത് മുതിർന്നവരുടെ മതബോധനത്തിലൂടെയാണ്. അതുകൊണ്ട് ഏതു കാലഘട്ടത്തിലും എവിടെയും പ്രാവർത്തികമാക്കേണ്ട ഒരു സഭാശുശ്രൂഷയാണ് മുതിർന്നവരുടെ മതബോധനം. അതുകൊണ്ട് പുരോഹിതശുശ്രൂഷയുടെ ഒരവശ്യഘടകമായി വിശ്വാസപ്രബോധനത്തെ കരുതുകയും അത് സ്ഥലകാലസാഹചര്യങ്ങൾക്കനുസൃതമായി സഭയിൽ പ്രാവർത്തികമാക്കുകയും ചെയ്യണം.

malankalibrary.com



# 12 പുരോഹിതൻ: അജപാലകൻ

**പു**രോഹിതവ്യക്തിത്വത്തിന്റെ അടിസ്ഥാനപരമായ സ്വഭാവമാണ് അജപാലകധർമ്മം. ഈശോ ശിമയോൻ പത്രോസിനെ വീഴ്ചയിൽനിന്നും ശിഷ്യത്വത്തിൽ പുനരുദ്ധരിച്ചിട്ട് ഏല്പിച്ചത് ഇടയധർമ്മമാണ്. ഈശോ ശിഷ്യത്വത്തിൽ ശിമയോൻ പത്രോസിനെ പുനരുദ്ധരിച്ചത് തന്നോടുള്ള സ്നേഹം ഉറപ്പാക്കിയിട്ടാണ്: "അവരുടെ പ്രാതൽ കഴിഞ്ഞപ്പോൾ ഈശോ ശിമയോൻ പത്രോസിനോടു ചോദിച്ചു: യോഹന്നാന്റെ പുത്രനായ ശിമയോനേ, നീ ഇവ

malankalibrary.com

രെ(യെ)ക്കാൾ അധികമായി എന്നെ സ്നേഹിക്കുന്നുവോ? അവൻ പറഞ്ഞു: ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നു നീ അറിയുന്നുവല്ലോ" (യോഹ 21:15). ശിഷ്യത്വം മിശിഹായുമായുള്ള ഒരു സ്നേഹബന്ധമാണ്. ഈ ബന്ധം മാനുഷികമായ ഒരു സാധാരണ സ്നേഹബന്ധമല്ല; ദൈവികമായ സ്നേഹബന്ധമാണ്. ഈശോയെ സ്നേഹിക്കുന്നവരെയും അവിടുത്തെ സ്നേഹത്തിനനുസൃതമായി അജഗണങ്ങളെ സ്നേഹിക്കുന്നവരെയുംമാത്രമേ ഈശോ അജപാലനശുശ്രൂഷ ഏല്പിക്കുകയുള്ളു.

## ദൈവജനത്തിന്റെ വിശ്വാസപരിശീലകൻ

ശിരസ്സും ഇടയനുമായ മിശിഹായുടെ ജോലി സ്വന്തം അധികാരത്തിൽപ്പെട്ടിടത്തോളം നിറവേറ്റിക്കൊണ്ട്, മെത്രാന്മാരുടെ പേരിൽ ദൈവത്തിന്റെ കുടുംബത്തെ ഒരേ ചൈതന്യമുള്ള കൂട്ടായ്മയായി പടുത്തുയർത്തുന്നതിനുവേണ്ടി അജപാലനശുശ്രൂഷ നിർവഹിക്കുന്നതിനായുള്ള ആത്മീയാധികാരമാണ് പുരോഹിതന് നല്കപ്പെടുന്നത് (PO 6). ഇത് എപ്രകാരമാണ് നിർവ്വഹിക്കേണ്ടതെന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി പറയുന്നുണ്ട്: "സഭയെ പടുത്തുയർത്തുന്നതിൽ വൈദികർ കർത്താവിന്റെ മാതൃകയനുസരിച്ച് അങ്ങേയറ്റം സൗമ്യതയോടെ എല്ലാവരോടും ഇടപെടണം. എന്നാൽ മനുഷ്യരുടെ പ്രീതി നോക്കാതെ അവരെ പഠിപ്പിച്ചുകൊണ്ടും ഏറ്റവും പ്രിയപ്പെട്ട മക്കളെപ്പോലെ ഉപദേശിച്ചുകൊണ്ടും ക്രിസ്തീയതത്ത്വങ്ങളുടെയും ജീവിതത്തിന്റെയും നിബന്ധനകൾക്കനുസരിച്ച് അവരോടു പെരുമാറണം". ശ്ലീഹായുടെ വാക്കുകളിൽ, "നല്ല സമയത്തും അല്ലാത്ത സമയത്തും ഒരുങ്ങിയിരിക്കുക. മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുക. അവരെ ശാസിക്കുക. ദീർഘക്ഷമയിലും പ്രബോധനത്തിലും പ്രോത്സാഹിപ്പിക്കുക" (2 തിമോ 4:2).

## കുർബാനയിൽ കേന്ദ്രീകൃതമായി സഭാകുടുംബത്തെ പടുത്തുയർത്തുന്നവൻ

ഏറ്റവും പരിശുദ്ധമായ കുർബാനയുടെ ആഘോഷം അടിസ്ഥാനവും ചലനകേന്ദ്രവുമാക്കാതെ ഒരു ക്രിസ്തീയസമൂഹവും പടുത്തുയർത്തപ്പെടുകയില്ല. ഇതിൽനിന്നാണ് സാമൂഹികചൈതന്യമുള്ള

malankalibrary.com

എല്ലാ പരിശീലനവും ആരംഭിക്കേണ്ടത് (PO 6). സഭ അടിസ്ഥാന പരമായി ഒരു കുടുംബമാണ്. സഭയെ ഒരു മതമോ, സ്ഥാപനമോ ഒക്കെയായി കാണുന്നത് ശരിയല്ല. മാമ്മോദീസായിലൂടെ ദൈവമ ക്കളായിത്തീർന്ന് ദൈവത്തോടു പിതൃപുത്രബന്ധവും പരസ്പരം സാഹോദര്യബന്ധവും പുലർത്തുന്ന ദൈവമക്കളുടെ ഒരു കുടും ബമാണ് സഭ. സഭയാകുന്ന കുടുംബത്തിന്റെ കുടുംബാഘോഷമാണ് പരിശുദ്ധ കുർബാനയാഘോഷം. കുർബാനാഘോഷത്തിലൂടെ ദൈവപുത്രനായ മിശിഹായുടെ ശരീരരക്തങ്ങൾ ഭക്ഷിച്ചും പാനം ചെയ്തും ഒരു കൂട്ടായ്മയായി പരിപോഷിപ്പിക്കപ്പെടുന്ന കുടുംബ മാണ് സഭ. ആദിമസഭയുടെ കരടുരേഖയിൽ കൂട്ടായ്മയ്ക്കു പ്രാധാന്യം നല്കുന്ന ഒരു സമൂഹമായിട്ടാണ് സഭ അവതരിപ്പിക്ക പ്പെടുന്നത്: "വിശ്വസിച്ചവരെല്ലാവരും ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. ... തങ്ങളുടെ സ്വത്തുക്കളും ... എല്ലാവർക്കുമായി വീതിച്ചു. ... അനു ദിനം ദൈവാലയത്തിൽ ഒന്നിച്ചുകൂടുകയും ... പങ്കുചേരുകയും ചെയ്തിരുന്നു" (ശ്ലീഹ 2:44-46). അജപാലകനെന്ന നിലയിൽ പുരോ ഹിതന്റെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായി ഇതു മനസ്സിലാക്കി, പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായി സഭയെ കെട്ടിപ്പടുക്കു വാൻ പുരോഹിതർക്കു കഴിയണം.

## ഈശോയെപ്പോലെയുള്ള നല്ല ഇടയൻ

നല്ല ഇടയനായ ഈശോയാണ് അജപാലകരുടെ നേതാവും മാതൃകയും. സഭയിലെ ശ്രേഷ്ഠന്മാർക്ക് പത്രോസ്ശ്ലീഹാ നല്കുന്ന ഉപദേശം ശ്രദ്ധയർഹിക്കുന്നു: "ഒരു സഹശ്രേഷ്ഠനും മിശിഹാ യുടെ സഹനങ്ങളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹ ത്ത്വത്തിന്റെ പങ്കുകാരനും എന്ന നിലയിൽ ഞാൻ നിങ്ങളുടെയിട യിലെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നു: നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബന്ധം മൂലമായിരിക്കരുത്. ദൈവത്തെപ്രതി സന്മനസ്സോടെ ആയിരിക്കണം; ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം; അജഗണത്തിന്റെമേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്, സൻമാതൃക നല്കിക്കൊണ്ടായിരിക്കണം. ഇടയന്മാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്ത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം

malankalibrary.com

നിങ്ങൾക്കു ലഭിക്കും" (1 പത്രോ 5:1-4). നല്ല ഇടയനായ ഈശോ യുടെ സവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ അജപാലകർ ശ്രദ്ധിക്കണം.

ഏഴു സവിശേഷതകളാണ് ഈശോ എടുത്തുപറയുന്നത്. 1. വാതിലിലൂടെ പ്രവേശിക്കുന്നവൻ (യോഹ 10:1-2) - പ്രാദേശിക സഭാദ്ധ്യക്ഷന്റെ ആധികാരികമായ നിയമനം. 2. ആടുകളെ പേരു ചൊല്ലി വിളിക്കുന്നവൻ (യോഹ 10:3) - ഇടവകാംഗങ്ങളെ ഓരോരുത്തരെയും പേരുചൊല്ലി വിളിക്കുവാൻ തക്കവിധം വ്യക്തിപരമായ ബന്ധം സ്ഥാപിക്കുന്നവൻ. 3. ആടുകളെ പുറത്തേക്കു നയിക്കുന്നവൻ (യോഹ 10:3) - പുരോഹിതൻ ജനങ്ങൾക്കു വചനവും സൗഖ്യദായകമായ കൂദാശകളും നല്കി അവരെ പരിപോഷിപ്പിക്കുന്നവനായിരിക്കണം. 4. ആടുകൾക്കു മുമ്പേ നടക്കുന്നവൻ (യോഹ 10:4) - അജപാലകൻ അജഗണത്തെ നയിക്കേണ്ടത് പ്രധാനമായും നല്ല മാതൃക നല്കിക്കൊണ്ടാണ്. 5. ആടുകൾക്കുവേണ്ടി ജീവനർപ്പിക്കുന്നവൻ (യോഹ 10:11) - അജപാലകർ അജഗണത്തിനായി ജീവൻപോലും നല്കുവാൻ തക്കവണ്ണം അവരെ സ്നേഹിക്കുന്നവരായിരിക്കണം. 6. ആടുകളെ സ്വന്തമായി കരുതുന്നവൻ (യോഹ 10:12-13) - അജപാലകർ അജഗണങ്ങളെ സ്വന്തമെന്നപോലെ സ്നേഹിക്കണം. 7. ആടുകളെ അറിയുന്നവൻ (യോഹ 10:14-15) - പരസ്പരസ്നേഹവുംകൂട്ടായ്മയും പുലർത്തുന്ന ഒരു ബന്ധമായിരിക്കണം അജപാലകരും അജഗണങ്ങളും തമ്മിലുണ്ടായിരിക്കേണ്ടത്.

### അധികാരം ശുശ്രൂഷയാക്കുന്നവൻ

അധികാരം നല്കിയാണ് ഈശോ സുവിശേഷപ്രഘോഷണത്തിനായി ശ്ലീഹന്മാരെ യാത്രയാക്കുന്നത്: "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:18-19). അതുകൊണ്ട് സഭാശുശ്രൂഷയിൽ അജപാലനാധികാരത്തിനു പ്രസക്തിയുണ്ട്. എന്നാൽ സഭയിൽ അധികാരം എങ്ങനെയാണു പ്രാവർത്തികമാക്കേണ്ടതെന്ന വ്യക്തമായ നിർദ്ദേശവും ഈശോ നല്കുന്നുണ്ട്. സിവിൽ ഭരണകർത്താക്കൾ അധികാരം പ്രയോഗിക്കുന്നതുപോലെയാകരുതെന്ന് വ്യക്തമായി അവി

malankalibrary.com

ടുന്നു പറയുന്നു (മത്താ 20:25-26). അധികാരം പ്രയോഗിക്കുന്നത് എങ്ങനെയാണെന്നും ഈശോ വ്യക്തമാക്കുന്നുണ്ട് (മത്താ 20:27). ശുശ്രൂഷകൻ, ദാസൻ എന്ന രണ്ടു വാക്കുകളാണ് അവിടുന്ന് ഉപയോഗിക്കുന്നത്. 'ശുശ്രൂഷകൻ' എന്ന വാക്ക് ഭക്ഷണമേശയിൽ ശുശ്രൂഷ ചെയ്യുന്ന വ്യക്തിയുടെ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ്. സ്നേഹവും വ്യക്തിപരമായ കരുതലും ജനങ്ങളുടെ ആവശ്യങ്ങളിലേക്ക് ഉണർവ്വുള്ളതുമായ ശുശ്രൂഷയായിരിക്കണം അജപാലകരുടേത്. 'ദാസൻ' സ്വന്തം ഹിതം ത്യജിച്ച്, ആർക്കു ശുശ്രൂഷ ചെയ്യുന്നുവോ അവരുടെ ആവശ്യത്തിനനുസൃതമായുള്ള ശുശ്രൂഷ നിർവഹിക്കുന്നവനാണ്. മറ്റുള്ളവർക്കുവേണ്ടി സ്വന്തം ജീവൻ ത്യജിച്ച ഈശോയുടെ മാതൃകതന്നെയാണ് ഇക്കാര്യത്തിൽ ഈശോ നല്കുന്നത് (മത്താ 20:28). അതുകൊണ്ട് പുരോഹിതശുശ്രൂഷയ്ക്കുള്ള മാതൃക സ്വന്തം ജീവിതബലിയർപ്പണം നടത്തിയ നല്ല ഇടയനായ ഈശോതന്നെയാണ്.

malankalibrary.com



13

# പുരോഹിതൻ: ആരാധനക്രമ സമൂഹാദ്ധ്യക്ഷൻ

**പു**രോഹിതശുശ്രൂഷയുടെ ഒരു പ്രധാനപ്പെട്ട പ്രത്യേകത, ആരാധനക്രമ സമൂഹാദ്ധ്യക്ഷനായി വർത്തിക്കുക എന്നതാണ്. സഭയുടെ രൂപരേഖയിൽ പ്രത്യേകം എടുത്തുപറയുന്നതാണ് അവർ അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പ ര്യപൂർവ്വം പങ്കുചേർന്നിരുന്നു എന്ന് (ശ്ലീഹ 2:42). കുർബാനാഘോഷ സന്ദർഭത്തിൽ അതിന് ആദ്ധ്യക്ഷ്യം വഹിക്കുകയും അതിൽ സജീവമായി പങ്കുചേരുവാൻ ദൈവജനത്തിന് നേതൃത്വം നല്കു

malankalibrary.com

കയും ചെയ്യേണ്ടത് പുരോഹിതനാണ്. പൗലോസ്ശ്ലീഹാ അപ്ര കാരം ചെയ്തതായി നടപടിഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നുണ്ട് (ശ്ലീഹാ 20:7-12).

**ആരാധന: രക്ഷാകരപ്രവർത്തനലക്ഷ്യം**

ദൈവം തന്റെ രക്ഷാകരപ്രവർത്തനത്തിന് ചരിത്രപരമായി തുടക്കം കുറിച്ചത് ഇസ്രായേൽജനതയെ ഈജിപ്തിലെ ഫറവോ യുടെ അടിമത്തത്തിൽനിന്നു പുറത്തുകൊണ്ടുവന്നുകൊണ്ടാണ്. ആ സന്ദർഭത്തിൽ ദൈവം മോശയോടു പറയുന്നു: "നീ ഫറവോയോടു പറയണം. കർത്താവു പറയുന്നു, ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ. ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു, എന്നെ ആരാധിക്കാൻവേണ്ടി എന്റെ പുത്രനെ വിട്ടയയ്ക്കുക. നീ അവനെ വിട്ടയയ്ക്കുന്നില്ലെങ്കിൽ നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെ ത്തന്നെ ഞാൻ വധിക്കും" (പുറ 4:22-23). ദൈവത്തിന്റെ രക്ഷാകര പ്രവർത്തനത്തിന്റെ ലക്ഷ്യംതന്നെ തന്നെ ആരാധിക്കുന്നവനായി മനുഷ്യനെ മാറ്റുക എന്നതാണ്.

'ആരാധിക്കുക' എന്നു വച്ചാൽ ദൈവം ആയിരിക്കുന്നതു പോലെ ദൈവത്തെ അംഗീകരിക്കുക എന്നാണർത്ഥം. ദൈവം മനു ഷ്യകുലത്തിന്റെ പിതാവാണ്. അതുകൊണ്ട് ദൈവവുമായി പിതൃ പുത്രബന്ധം സ്ഥാപിച്ചുകൊണ്ടു ജീവിക്കുമ്പോഴാണ് മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നവനാകുന്നത്. അപ്രകാരമുള്ള ജീവിത ത്തിന് പ്രകാശനം നല്കുന്നതാണ് യഥാർത്ഥ ആരാധന. സമരി യാക്കാരിയുമായുള്ള സംഭാഷണത്തിൽ ഈശോ ഇതു വ്യക്തമാ ക്കുന്നുണ്ട്: "യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്" (യോഹ 4:23). പരിശുദ്ധ കുർബാനയർപ്പ ണമാണ് ഈ യഥാർത്ഥ ആരാധന. രക്ഷിക്കപ്പെട്ടവരുടെ സമൂഹ മായ സഭയുടെ എല്ലാ പ്രവർത്തനങ്ങളും ഉന്നംവയ്ക്കുന്ന ലക്ഷ്യ വും, അവളുടെ ശക്തിമുഴുവൻ നിർഗ്ഗളിക്കുന്ന ഉറവിടവും ആരാധ നക്രമമാണെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നത് (SC 10) ഇക്കാരണത്താലാണ്. അതുകൊണ്ട് പുരോഹിതന്റെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒരു ചുമതലയാണ് സഭയുടെ ആരാധനക്ര മത്തിന് ആദ്ധ്യക്ഷ്യം വഹിക്കുക എന്നുള്ളത്. പൗരോഹിത്യസ്വീക

malankalibrary.com

രണവും പരിശുദ്ധ കുർബാനയർപ്പണവും ഒന്നിച്ചു നടത്തുന്നതിന്റെ സൂചനയും ഇതുതന്നെയാണ്.

### രക്ഷാകരരഹസ്യങ്ങളോട് ഉൾച്ചേർക്കുന്നവൻ

സഭയുടെ ആരാധനക്രമത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് മിശിഹായുടെ രക്ഷാകരരഹസ്യങ്ങളോട് സഭാംഗങ്ങളെ ഉൾച്ചേർക്കുക എന്നതാണ്. പരിശുദ്ധ കുർബാനയും കൂദാശകളുമാണല്ലോ മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾ അനുസ്മരിക്കുന്നതും അനുഷ്ഠിക്കുന്നതും ആഘോഷിക്കുന്നതുമായ വേദികൾ. ഈ രക്ഷാകരരഹസ്യങ്ങളോട് ഉൾച്ചേർന്നും അവയോട് ഉൾച്ചേരുവാൻ സഭാംഗങ്ങളെ സഹായിച്ചും അവ ആഘോഷിക്കുവാൻ പുരോഹിതനു കഴിയണം. മാർ തിയഡോറിന്റെ അനാഫൊറായിൽ, കൂദാശാഭാഗത്തിന്റെ ആരംഭത്തിൽ, ഒന്നാം ഗ്ഹാന്താ പ്രാർത്ഥനയിൽ, ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ഈ ദിവ്യരഹസ്യങ്ങളെ അറിയുന്നതിനും ... ഇവയോട് ഏകീഭവിക്കുന്നതിനും ഞങ്ങളെ അങ്ങ് യോഗ്യരാക്കി" (മാർ തിയഡോറിന്റെ കൂദാശാക്രമം, പേജ് 14). മിശിഹായുടെ രക്ഷാകരരഹസ്യങ്ങൾക്ക് വിവിധ വശങ്ങളുള്ളതായി നമുക്കറിയാം - മിശിഹായുടെ ശരീരരക്തരഹസ്യങ്ങൾ, മരണോത്ഥാനരഹസ്യങ്ങൾ തുടങ്ങിയവ. അവ ആഘോഷിക്കുമ്പോൾ, അവയോട് ഏകീഭവിച്ച് അർപ്പിക്കുവാൻ കാർമ്മികൻ ശ്രമിക്കുകയും അപ്രകാരം അർപ്പിക്കുവാൻ ജനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും ചെയ്യണം.

### വചനശുശ്രൂഷയിലൂടെ മിശിഹാനുഭവം നല്കുന്നവൻ

കൂദാശാശുശ്രൂഷയിൽ മിശിഹാരഹസ്യങ്ങളോട് വിശ്വാസികളെ ഉൾച്ചേർക്കുവാൻ തക്കവിധം വചനശുശ്രൂഷ നിർവഹിച്ച് വിശ്വാസികളെ ഒരുക്കുവാൻ പുരോഹിതൻ ശ്രമിക്കണം. എമ്മാവൂസ് സംഭവം ഇതിന് നല്ലൊരു ഉദാഹരണമാണ്. മ്ലാനവദനരായി എമ്മാവൂസിലേക്കു പോയ ശിഷ്യരുടെ ജീവിതത്തിൽ വചനത്തിലൂടെ കടന്നുചെന്ന ഉത്ഥിതനായ മിശിഹായുടെ സാന്നിദ്ധ്യവും കടന്നുവരവും ജനങ്ങൾക്ക് അനുഭവവേദ്യമാകത്തക്കവിധം വചനശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതൻ ശ്രദ്ധിക്കണം. അപ്രകാരം വചനശുശ്രൂഷയിലും കൂദാശാശുശ്രൂഷയിലും പങ്കുചേരുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

malankalibrary.com

### പരിശുദ്ധാരൂപിയെ വിളിച്ചിറക്കുന്നവൻ

പരിശുദ്ധാരൂപിയാകുന്ന അഗ്നിയാണ് ലോകത്തെയും മനുഷ്യരെയും വിശുദ്ധീകരിച്ച് ദൈവത്തിനു സ്വീകാര്യരാക്കിത്തീർക്കുന്നത്. ഈ അഗ്നിയെ സ്വർഗ്ഗത്തിൽനിന്നും വിളിച്ചിറക്കാനും മനുഷ്യരുടെ മദ്ധ്യേ പ്രവർത്തനനിരതമാക്കാനുമുള്ള ശക്തിയാണ് തിരുപ്പട്ടാഭിഷേകത്തിലൂടെ പുരോഹിതന് നല്കപ്പെടുന്നത്. പരിശുദ്ധ കുർബാനയിലുള്ള രണ്ടു റൂഹാക്ഷണങ്ങൾ ഇതിനെ ഓർമ്മപ്പെടുത്തുന്നതാണ്. ഒന്നാമത്തേത് അപ്പവും വീഞ്ഞും ഈശോയുടെ ശരീരരക്തങ്ങളാക്കി മാറ്റുന്നതാണെങ്കിൽ രണ്ടാമത്തേത് ബലിയർപ്പിക്കുന്ന സമൂഹത്തെ വിശുദ്ധീകരിക്കുന്നതാണ്. സീറോ മലബാർ കുർബാനയിലെ ആദ്യഭാഗത്തുള്ള 'സാഷ്ടാംഗപ്രണാമം' ആദ്യത്തെ റൂഹാക്ഷണത്തെ ഓർമ്മിപ്പിക്കുന്നെങ്കിൽ സ്ഥാപനവാക്യങ്ങൾ കഴിഞ്ഞുള്ള റൂഹാക്ഷണപ്രാർത്ഥന പരിശുദ്ധാത്മാവിന്റെ രണ്ടാമത്തെ പ്രവർത്തനത്തെ ഓർമ്മിപ്പിക്കുന്നു. ഇപ്രകാരം ലോകത്തെയും മനുഷ്യകുലത്തെയും ദൈവത്തിനു സ്വീകാര്യരാക്കുന്ന പരിശുദ്ധാരൂപിയെ വിളിച്ചിറക്കുന്ന ശുശ്രൂഷകനാണ് പുരോഹിതൻ.

### പരിശുദ്ധാരൂപിയുടെ മനുഷ്യൻ

പരിശുദ്ധാരൂപിയെ വിളിച്ചിറക്കുന്നവനും ലോകത്തെയും മനുഷ്യനെയും അരൂപിയാൽ രൂപാന്തരപ്പെടുത്തി ദൈവത്തിനു സ്വീകാര്യരാക്കുകയും ചെയ്യുന്ന ശുശ്രൂഷ നിർവഹിക്കുന്നവനെന്ന നിലയിൽ പുരോഹിതൻ തികച്ചും അരൂപിയുടെ മനുഷ്യനായി ജീവിക്കുവാൻ വിളിക്കപ്പെട്ടവനാണ്. സഭയിലെ എല്ലാ ദൈവവിളികൾക്കും ഈ സ്വഭാവമുണ്ടെങ്കിലും അരൂപിയുടെ ശുശ്രൂഷകനെന്ന നിലയിൽ പുരോഹിതന് അപ്രകാരം അരൂപിയുടെ മനുഷ്യനായി ജീവിക്കുവാനുള്ള പ്രത്യേക വിളിയുണ്ട്. "സമാധാനം നിങ്ങളോടുകൂടെ" എന്നു കാർമ്മികൻ പറയുമ്പോൾ "അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ" എന്നു ജനം പ്രത്യുത്തരിക്കുന്നത് ഇതിന്റെ സൂചനയാണ്.

malankalibrary.com



# 14 പുരോഹിതൻ: പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നവൻ

**ആ**ദിമസഭാസമൂഹത്തിന്റെ സവിശേഷതകളിൽ ഒന്നാണ് പ്രാർത്ഥന. "അവർ ... പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു" (ശ്ലീഹ 2:42). ഇവിടെ 'പ്രാർത്ഥന' എന്ന് ഏകവചനത്തിൽ വിവർത്തനം ചെയ്തിരിക്കുന്നത് മൂലഭാഷയിൽ 'നിശ്ചിതപ്രാർത്ഥനകൾ' എന്ന് ബഹുവചനത്തിലാണ് കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ആദിമസഭ നിശ്ചിതയാമങ്ങളിൽ പ്രാർത്ഥിച്ചിരുന്ന ഒരു സമൂഹമായിരുന്നു എന്നു മനസ്സിലാക്കാം (ശ്ലീഹ

malankalibrary.com

3:1). സഭാസമൂഹം ആരാധനക്രമപ്രാർത്ഥനകൾ ക്രമമായി ചൊല്ലുന്ന ഒരു പ്രാർത്ഥനാസമൂഹമായിട്ടാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്.

## സഭാസമൂഹം: പ്രാർത്ഥിക്കാൻ പഠിക്കേണ്ട സമൂഹം

പ്രാർത്ഥിക്കാൻ അറിയാമെന്ന് മനുഷ്യർക്കാർക്കും അവകാശപ്പെടാനാവില്ല. കാരണം മനുഷ്യപ്രകൃതി സ്വാഭാവികമായി തന്നിലേക്കുതന്നെ തിരിഞ്ഞിരിക്കുന്ന ഒന്നാണ്. നമുക്കു പ്രാർത്ഥിക്കാൻ അറിഞ്ഞുകൂടാ എന്ന് പൗലോസ്ശ്ലീഹാതന്നെ എടുത്തുപറയുന്നുണ്ട്: "നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ" (റോമാ 8:26). പ്രാർത്ഥിക്കാൻ നമ്മൾ പഠിക്കേണ്ടിയിരിക്കുന്നു. "കർത്താവേ, പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ" (ലൂക്കാ 11:1) എന്നപേക്ഷിച്ച ആദ്യശിഷ്യന്മാരെപ്പോലെ, ദിവ്യഗുരുവിന്റെ അധരങ്ങളിൽനിന്നു പുതുതായി ഒരു കല പഠിക്കുന്നതുപോലെ നാം പഠിക്കണം. പ്രാർത്ഥന മിശിഹായുമായുള്ള ഒരു സംഭാഷണം വികസിപ്പിച്ചെടുക്കുന്നു. അതു നമ്മെ അവിടുത്തെ ഉറ്റസുഹൃത്തുക്കളാക്കുന്നു: "നിങ്ങൾ എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കും" (യോഹ 15:4). ഈ പാരമ്പര്യമാണ് ക്രൈസ്തവജീവിതത്തിന്റെയും അജപാലനജീവിതത്തിന്റെയും സത്തയും ആത്മാവും. ഇപ്രകാരം പ്രാർത്ഥനയിൽ പരിശീലിപ്പിക്കപ്പെടാനുള്ള കളരി സഭയുടെ ലിറ്റർജിയാണെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പായും (NMI 34) ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പായും (ലിറ്റർജിയുടെ ചൈതന്യം) പഠിപ്പിക്കുന്നുണ്ട്. ഇതിനു നേതൃത്വം നല്കുവാൻ പുരോഹിതനുമാത്രമേ കഴിയൂ.

## സഭ: മിശിഹായോടൊത്തു പ്രാർത്ഥിക്കുന്ന സമൂഹം

ഈശോമിശിഹായാണ് നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുവാൻ കഴിവുള്ള ഏക വ്യക്തി. കാരണം അവിടുന്നാണ് മനുഷ്യനും ദൈവവുമായ ഏക വ്യക്തി. ദൈവവും മനുഷ്യനുമായുള്ള ബന്ധപ്പെടലാണല്ലോ പ്രാർത്ഥന. അതുകൊണ്ട് ദൈവത്തോട് എങ്ങനെയാണു ബന്ധപ്പെടേണ്ടത് എന്ന് നമ്മെ പഠിപ്പിക്കുവാൻ മിശിഹായല്ലാതെ മറ്റാരും ഈ ലോകത്തിലില്ല. ഈശോ പ്രാർത്ഥിക്കുന്നതു

malankalibrary.com

കണ്ട ശിഷ്യന്മാരാണ് 'ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണെ'മെന്ന് ഈശോയോട് ആവശ്യപ്പെട്ടത് (ലൂക്കാ 11:1). ഉത്ഥാനം ചെയ്ത ഈശോ ഇന്ന് കാണാവുന്ന വിധത്തിൽ ജീവിക്കുന്നതും പ്രാർത്ഥിക്കുന്നതും സഭയിലാണ്. കാരണം സഭ മിശിഹായുടെ ശരീരമാണ്. അതുകൊണ്ട് ഉത്ഥാനത്തിലൂടെ ജീവാത്മാവായിമാറിയ ഈശോ (1 കൊറി 15:45) ഇന്നു സഭയിൽ ജീവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. നാം സഭയോടൊത്തു പ്രാർത്ഥിക്കുമ്പോൾ ഈശോയോടൊത്താണു പ്രാർത്ഥിക്കുന്നത്. അപ്രകാരം സഭയുടെ പ്രാർത്ഥനകളിലൂടെ മിശിഹായോടൊത്തു പ്രാർത്ഥിക്കുവാൻ പുരോഹിതൻ പഠിക്കുകയും വിശ്വാസികളെ പഠിപ്പിക്കുകയും വേണം.

### സഭ: ഹൃദയംകൊണ്ടു പ്രാർത്ഥിക്കുന്ന സമൂഹം

പ്രാർത്ഥന ഹൃദയത്തിന്റെ ഭാഷയാണ്. അതുകൊണ്ട് പരിശുദ്ധ കുർബാനയിലും കൂദാശകളിലുമുള്ള പ്രാർത്ഥനകൾ അവയുടെ ഹൃദയഭാവങ്ങൾ മനസ്സിലാക്കി, ആ ഭാവങ്ങൾ ഉൾക്കൊണ്ടു പ്രാർത്ഥിക്കാനും അപ്രകാരം പ്രാർത്ഥിക്കാൻ ജനങ്ങളെ പഠിപ്പിക്കാനും പുരോഹിതനു കഴിയണം. ആരാധനക്രമശുശ്രൂഷ കേവലം കർമ്മാനുഷ്ഠാനങ്ങളായിത്തീരാൻ ഇടയാകരുത്. പ്രാർത്ഥനാനുഭവം ഉൾക്കൊണ്ട് ആരാധനക്രമ ശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതൻ ശ്രദ്ധിക്കണം. അതുപോലെതന്നെ യാമപ്രാർത്ഥനകൾ ക്രമമായി പ്രാർത്ഥിക്കുവാൻ പുരോഹിതൻ ശ്രദ്ധിക്കേണ്ടതുണ്ട്. പ്രാർത്ഥിക്കുവാൻ പുരോഹിതൻ സ്വയം പഠിക്കേണ്ട കളരിയും ജനങ്ങളെ പഠിപ്പിക്കേണ്ട കളരിയും പ്രധാനമായും യാമപ്രാർത്ഥനകളാണെന്നു പറയാം. ഈശോയുടെ രക്ഷാകരരഹസ്യങ്ങളുടെ അനുസ്മരണം അതിന്റെ വിശദാംശങ്ങളിൽ നടക്കുന്നത് യാമപ്രാർത്ഥനകളിലാണ്. അതുകൊണ്ട് പ്രാർത്ഥനയുടെ അന്തഃസത്തയാകുന്ന മിശിഹായുമായുള്ള പരസ്പരബന്ധാനുഭവത്തിൽ വളരാൻ അതു കൂടുതൽ സഹായകരമാണ്. അപ്രകാരം വിശ്വാസികളെ വളർത്താൻ പുരോഹിതൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

### സ്വകാര്യപ്രാർത്ഥനയിൽ ശ്രദ്ധിക്കുന്ന പുരോഹിതൻ

സഭയുടെ പ്രാർത്ഥനകൾ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നതോ

malankalibrary.com

ടൊപ്പം വ്യക്തിപരമായ പ്രാർത്ഥനയിലും പുരോഹിതൻ ശ്രദ്ധിക്കണം. വ്യക്തിപരമായ പ്രാർത്ഥനാജീവിതം നയിക്കുമ്പോഴാണ് സഭാപരമായ പ്രാർത്ഥന കൂടുതൽ അനുഭവപരമാക്കാൻ സാധിക്കുക. അതുപോലെ സഭാത്മകപ്രാർത്ഥന വ്യക്തിപരമായ പ്രാർത്ഥനയ്ക്കും മാർഗ്ഗദർശകമാകും. അപ്രകാരം പ്രാർത്ഥനാജീവിതം നയിക്കുമ്പോൾ അതു പൗരോഹിത്യജീവിതവും ശുശ്രൂഷയും കൂടുതൽ ഫലദായകമാക്കുവാൻ സഹായിക്കുകയും ചെയ്യും.

## സ്വയംപ്രേരിതപ്രാർത്ഥനയിലൂടെ ജനത്തെ പ്രചോദിപ്പിക്കുന്നവൻ

ദൈവജനത്തിന്റെ ജീവിതസാഹചര്യങ്ങളോടു ബന്ധപ്പെടുന്ന സന്ദർഭങ്ങളിൽ സ്വയംപ്രേരിതപ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന അജപാലനശൈലി വളർത്തിയെടുക്കുന്നത് നന്നായിരിക്കും. അജപാലനപ്രവർത്തനങ്ങൾ ജനങ്ങൾക്കു കൂടുതൽ ദൈവാനുഭവം നല്കുന്നതും അവരെ ദൈവസ്നേഹത്തിൽ വളർത്തുന്നതുമാക്കാൻ അതു കൂടുതൽ സഹായകരമാകും. സ്വയംപ്രേരിതപ്രാർത്ഥനകൾ ദൈവശാസ്ത്രപരമായി സഭയുടെ വിശ്വാസത്തോട് നീതി പുലർത്തുന്നതായിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. കാരണം പുരോഹിതന്റെ പ്രാർത്ഥനകൾ എപ്പോഴും ദൈവജനത്തിന്റെ വിശ്വാസജീവിതത്തിനും പ്രാർത്ഥനാജീവിതത്തിനും മാർഗ്ഗനിർദ്ദേശകവും പ്രചോദനാത്മകവുമായിരിക്കും.

malankalibrary.com



15

# പുരോഹിതൻ: ഹൃദയത്തിന്റെ സന്ന്യാസം ജീവിക്കുന്നവൻ

'സന്ന്യാസം' എന്നതിന് ഇംഗ്ലീഷിൽ ഉപയോഗിക്കുന്ന വാക്ക് 'മൊണാസ്റ്റിസിസം' എന്നാണ്. 'മോണോസ്' എന്നതിന്റെ അർത്ഥം 'തനിയെ', 'മാത്രം' എന്നൊക്കെയാണ്. സഭയിൽ സന്ന്യാസത്തിനു തുടക്കംകുറിച്ചത് 'മൊണാസ്റ്റിസിസ'ത്തിലാണ്. ലോകവ്യാപാരങ്ങളിൽനിന്നെല്ലാം അകന്ന് ദൈവികവ്യാപാരങ്ങളിൽമാത്രം മുഴുകിയുള്ള ജീവിതശൈലിയാണ് സന്ന്യാസത്തിന്റേത്. 'ദൈവം മാത്രം മതി' എന്ന നിലപാടിൽ നയിക്കുന്ന ജീവിതമാണ് സന്ന്യാസം. ദൈവം സ്നേഹമായതുകൊണ്ട്

malankalibrary.com

(1 യോഹ 4:8,16) 'ദൈവസ്നേഹം മാത്രം മതി' എന്ന നിലപാടിൽ ജീവിക്കുന്നതിനാണ് 'ഹൃദയത്തിന്റെ സന്ന്യാസം' എന്നു പറയുന്നത്. ഈ ഹൃദയത്തിന്റെ സന്ന്യാസം ജീവിക്കുവാനാണ് എല്ലാ ക്രൈസ്തവരും വിളിക്കപ്പെട്ടിരിക്കുന്നത്. സന്ന്യാസജീവിതശൈലി സ്വീകരിക്കാത്ത എല്ലാ ക്രൈസ്തവരും 'ഹൃദയത്തിന്റെ സന്ന്യാസം' ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

**മാമ്മോദീസായിൽ ലഭിച്ച വിളി**

മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി അവതരിപ്പിച്ചുകൊണ്ട് വി. പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: "അവിടുന്നു മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇതു തന്റെ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകുന്നതിനുവേണ്ടിയാണ്. താൻ മുൻകൂട്ടി നിശ്ചയിച്ചവരെ അവിടുന്നു വിളിച്ചു; വിളിച്ചവരെ നീതീകരിച്ചു; നീതീകരിച്ചവരെ മഹത്ത്വപ്പെടുത്തി" (റോമാ 8:29-30). മനുഷ്യനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി അഞ്ചുഘട്ടങ്ങളിലായിട്ടാണ് അവിടുന്നു പൂർത്തിയാക്കുന്നത്. 1. അറിഞ്ഞു; 2. നിശ്ചയിച്ചു; 3. വിളിച്ചു; 4. നീതീകരിച്ചു അഥവാ വിശുദ്ധീകരിച്ചു; 5. മഹത്ത്വപ്പെടുത്തി. ആദ്യത്തെ രണ്ടു ഘട്ടങ്ങളും 'മുൻകൂട്ടി' എന്നു വിശേഷിപ്പിക്കുന്നുണ്ട്. മനുഷ്യൻ ജനിക്കുന്നതിനുമുമ്പേ അവനെ അറിയുകയും സ്നേഹിക്കുകയും ചെയ്ത ദൈവം അവനെ തന്റെ പുത്രനും പുത്രിയുമാക്കിത്തീർക്കുവാൻ നിശ്ചയിച്ചു. അതിനുശേഷമാണ് അവനു ജന്മംകൊടുത്തത്. അതുകൊണ്ട് മനുഷ്യജീവിതം ദൈവത്തിന്റെ സ്നേഹത്തിലാണ് ഉത്ഭവിച്ചത്; വിശുദ്ധീകരണത്തിലൂടെയും മഹത്ത്വപ്പെടുത്തലിലൂടെയും ദൈവത്തിന്റെ സ്നേഹത്തിൽ അവസാനിക്കുവാനുമുള്ളതാണ്. ദൈവസ്നേഹത്തിൽനിന്നുവന്ന് ദൈവസ്നേഹത്തിലേക്കു പോകുന്ന ഒരു ജീവിതമാണ് മനുഷ്യജീവിതം. ഈ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ട് "ദൈവസ്നേഹം മാത്രം മതി, അതു ധാരാളം മതി" എന്ന നിലപാടിൽ ജീവിക്കുന്നതിനാണ് 'ഹൃദയത്തിന്റെ സന്ന്യാസം' എന്നു പറയുന്നത്. ഓരോ ക്രൈസ്തവനും ജീവിക്കേണ്ട ഒരു വിളിയാണ് ഈ സന്ന്യാസം. അതുപോലെ, ഹൃദയത്തിന്റെ ഈ സന്ന്യാസം ജീവിക്കുന്നില്ലെങ്കിൽ സന്ന്യാസജീവിതശൈലി സ്വീകരിച്ചതു

malankalibrary.com

കൊണ്ട് അതു സന്ന്യാസമാവുകയില്ല. ഈ ഹൃദയസന്ന്യാസം ജീവിക്കുവാൻ പുരോഹിതരും വിളിക്കപ്പെട്ടിരിക്കുന്നു.

### ഈശോ: ഹൃദയത്തിന്റെ സന്ന്യാസം ജീവിച്ചവൻ

ഈശോയെ യോഹന്നാൻ സുവിശേഷകൻ തന്റെ സുവിശേഷത്തിൽ ആദ്യമായി അവതരിപ്പിക്കുന്നത് ദൈവവുമായുള്ള പിതൃപുത്രബന്ധത്തിൽ ഈ 'ഹൃദയത്തിന്റെ സന്ന്യാസം' ജീവിക്കുന്ന വ്യക്തിയായിട്ടാണ്: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1:18). പിതാവുമായുള്ള തന്റെ സ്നേഹബന്ധം ജീവിതത്തിലുടനീളം നിലനിർത്തിക്കൊണ്ടാണ് ഈശോ തന്റെ രക്ഷാകരകർമ്മം നിർവഹിച്ചതും പൂർത്തിയാക്കിയതും. പരസ്യജീവിതത്തിലേക്കു പ്രവേശിച്ചപ്പോൾ ഈ സ്നേഹബന്ധം തന്റെ മാമ്മോദീസായിലൂടെ അവിടുന്ന് ലോകത്തിനു വെളിപ്പെടുത്തുകയുണ്ടായി (മത്താ 3:16-17; ലൂക്കാ 3:21-22; യോഹ 1:33 -34). ജീവിതാന്ത്യത്തിലേക്കു കടക്കുമ്പോൾ തന്റെ 'ഹൃദയത്തിന്റെ സന്ന്യാസ'മാണ് രക്ഷാകരകർമ്മം പൂർത്തിയാക്കുവാൻ ഈശോയെ ശക്തിപ്പെടുത്തിയത്: "നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്ക് ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോവുകയും ചെയ്യുന്ന സമയം വരുന്നു; അല്ല, അതു വന്നുകഴിഞ്ഞു. എങ്കിലും ഞാൻ ഏകനല്ല; കാരണം, പിതാവ് എന്നോടുകൂടെയുണ്ട്" (യോഹ 16:32). ജീവിതാവസാനം "എല്ലാം പൂർത്തിയായിരിക്കുന്നു" എന്നു പറഞ്ഞ് സംതൃപ്തിയടയുകയും ചെയ്ത്, പിതാവിന്റെ കരങ്ങളിൽ ആത്മാവിനെ സമർപ്പിക്കുകയും ചെയ്തത് (യോഹ 19:30) ഈ ഹൃദയത്തിന്റെ സന്ന്യാസം ജീവിച്ചതുകൊണ്ടാണ്.

### പ്രാർത്ഥന: ഹൃദയത്തിന്റെ സന്ന്യാസം നവീകരിക്കുന്ന അനുഭവം

ഈശോ തന്റെ പരസ്യജീവിതത്തിൽ ക്രമമായി പ്രാർത്ഥിക്കുവാൻ പോകുന്നതായി കാണുന്നുണ്ട്. ദിവസം ആരംഭിക്കുന്നതിനു മുമ്പ് അതിരാവിലെയും (മർക്കോ 1:53), അദ്ധ്വാനപൂർണമായ ദിവസത്തിന്റെ അവസാനവും (മർക്കോ 6:46), പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനുമുമ്പ് രാത്രി മുഴുവനും (ലൂക്കാ 6:12) ഈശോ

malankalibrary.com

പ്രാർത്ഥിക്കുന്നതായി സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. തന്റെ പിതാവുമായുള്ള സ്നേഹബന്ധം നവീകരിച്ച്, ഹൃദയത്തിന്റെ സന്ന്യാസം ശക്തിപ്പെടുത്തിയാണ് അവിടുന്നു തന്റെ അനുദിന ദൗത്യം പൂർത്തിയാക്കിയത് എന്ന് ഇതു സൂചിപ്പിക്കുന്നുണ്ട്. പ്രാർത്ഥനയെപ്പറ്റി ഈശോ പഠിപ്പിച്ചപ്പോഴും പ്രാർത്ഥനയിൽ ദൈവവുമായുള്ള പിതൃപുത്രബന്ധത്തിലേക്കു പ്രവേശിച്ച് ഈ ഹൃദയത്തിന്റെ സന്ന്യാസം നവീകരിക്കുവാൻ അവിടുന്ന് ആവശ്യപ്പെടുന്നുണ്ട്: "നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക" (മത്താ 6:6). ഇവിടെ 'മുറി' എന്നതിന് ഉപയോഗിക്കുന്ന ഗ്രീക്കുപദമായ 'താമെയിയോൻ' എന്നതിന് 'ഉൾമുറി' എന്നാണർത്ഥം. നമ്മുടെ ഹൃദയത്തിൽ വസിക്കുന്ന സ്വർഗ്ഗീയപിതാവിന്റെ സന്നിധിയിലേക്കു പ്രവേശിച്ച് പ്രാർത്ഥിക്കണമെന്നർത്ഥം. അതുകൊണ്ട്, വിവിധങ്ങളായ പുരോഹിതശുശ്രൂഷകളിൽ ഏർപ്പെടുന്ന ഇടവകവൈദികരും പ്രാർത്ഥനാജീവിതത്തിലൂടെ 'ഹൃദയത്തിന്റെ സന്ന്യാസാനുഭവം' നവീകരിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാണ്.

## കുർബാനയർപ്പണവും ഹൃദയത്തിന്റെ സന്ന്യാസനവീകരണവും

ഉറച്ചവിശ്വാസത്തോടും തികഞ്ഞ സ്നേഹത്തോടുംകൂടെ അർപ്പിക്കുന്ന അനുദിന കുർബാനയർപ്പണം പുരോഹിതന് തന്റെ ഹൃദയത്തിന്റെ സന്ന്യാസം നവീകരിക്കുന്നതിനു ലഭിക്കുന്ന വിലപ്പെട്ട സന്ദർഭമാണ്. ദൈവത്തിനു മനുഷ്യരോടുള്ള അനന്തമായ രക്ഷാകരസ്നേഹത്തിന്റെ വെളിപ്പെടുത്തലാണല്ലോ മിശിഹായുടെ ബലിയർപ്പണത്തിൽ നമ്മൾ അനുസ്മരിക്കുന്നതും അനുഷ്ഠിക്കുന്നതും ആഘോഷിക്കുന്നതും. ഈ രക്ഷാകരസ്നേഹത്തിൽ നവീകരിക്കപ്പെട്ട് ആ സ്നേഹത്തോടെ തന്റെ ശുശ്രൂഷകളിലേക്കു കടക്കുവാൻ അനുദിന ബലിയർപ്പണം പുരോഹിതരെയും, ആ ബലിയിൽ സംബന്ധിക്കുന്ന എല്ലാവരെയും സഹായിക്കാതിരിക്കുകയില്ല. അപ്രകാരം 'ഹൃദയത്തിന്റെ സന്ന്യാസ'ത്തിൽ നവീകരിക്കപ്പെട്ട് കൂടുതൽ തീക്ഷ്ണതയോടെ തന്റെ പുരോഹിതശുശ്രൂഷ നിർവഹിക്കുവാൻ പരിശുദ്ധ കുർബാനയർപ്പണവും പുരോഹിതനെ സഹായിക്കുന്നു.

malankalibrary.com

## ഹൃദയത്തിന്റെ സന്ന്യാസവും പ്രാർത്ഥനാജീവിതവും

ഹൃദയത്തിന്റെ സന്ന്യാസം നവീകരിക്കുന്നതിനും നിലനിർത്തുന്നതിനും പുരോഹിതനെ സഹായിക്കുന്നത് ക്രമമായ പ്രാർത്ഥനാജീവിതമാണ്. അനുദിനമുള്ള വ്യക്തിപരമായ പ്രാർത്ഥന, മാസധ്യാനം, വാർഷികധ്യാനം എന്നിവയിലൂടെ ദൈവസ്നേഹാനുഭവത്തിൽ നവീകരിക്കപ്പെടുവാൻ നിഷ്ഠ പുലർത്തുന്ന ഒരു പ്രാർത്ഥനാജീവിതം നയിക്കുവാൻ പുരോഹിതനു കഴിയണം. ദൈവവുമായുള്ള പിതൃപുത്രബന്ധത്തിലും മനുഷ്യരുമായുള്ള സാഹോദര്യബന്ധത്തിലും നവീകരണമുളവാക്കുന്നവിധം പ്രാർത്ഥനാനുഭവത്തിൽ വളരുവാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടാണ് ഹൃദയത്തിന്റെ സന്ന്യാസം നിലനിർത്തേണ്ടത്. ഇപ്രകാരം പ്രാർത്ഥനാജീവിതം നയിച്ച് ഹൃദയത്തിന്റെ സന്ന്യാസം ജീവിച്ചാൽ തന്റെ പുരോഹിതശുശ്രൂഷകൾ ശരിയായവിധം നിർവ്വഹിക്കുവാനും ജീവിതത്തിൽ സംതൃപ്തിയും സമാധാനവും കൈവരിക്കുവാനും പുരോഹിതർക്കു സാധിക്കും.

malankalibrary.com



# 16

# പുരോഹിതനും തുടർപരിശീലനവും

**പൗ**രോഹിത്യസ്വീകരണംതന്നെ ആവശ്യപ്പെടുന്ന ഒന്നാണ് പുരോഹിതരുടെ തുടർപരിശീലനം. പൗരോഹിത്യം പരിശുദ്ധാത്മാവിന്റെ കൃപാവരത്താലാണ് നല്കപ്പെടുന്നത്. ഈ കൃപാവരം നിരന്തരം നവീകരിക്കപ്പെടേണ്ട ഒന്നാണ്. തിമോത്തിക്കെഴുതിയ ലേഖനത്തിൽ വി. പൗലോസ്ശ്ലീഹാ ഇതേപ്പറ്റി വ്യക്തമായി പറയുന്നുണ്ട്: "എന്റെ കൈവയ്പിലൂടെ നിനക്കു ലഭിച്ച ദൈവികവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്നു ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു" (2 തിമോ 1:6). എല്ലാ പുരോഹിതരും തിരു

malankalibrary.com

പ്പട്ടാഭിഷേകത്തിൽ സ്വീകരിച്ച 'ദൈവികവരം'മൂലം തുടർന്നുള്ള പരിശീലനത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. തിമോത്തിക്കെഴുതിയ വി. പൗലോസിന്റെ ലേഖനത്തിലെ മറ്റൊരു ഭാഗവും ഇതേപ്പറ്റി പറയുന്നുണ്ട്: "പ്രവചനപ്രകാരവും സഭാശ്രേഷ്ഠന്മാരുടെ കൈവയ്പുവഴിയും നിനക്കു നല്കപ്പെട്ട കൃപാവരം അവഗണിക്കരുത്. ഈ കർത്തവ്യങ്ങളെല്ലാം നീ അനുഷ്ഠിക്കുക. അവയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്യുക; അങ്ങനെ എല്ലാവരും നിന്റെ പുരോഗതി കാണാൻ ഇടയാകട്ടെ. ... അങ്ങനെ ചെയ്യുന്നതുവഴി നീ നിന്നെത്തന്നെയും നിന്റെ ശ്രോതാക്കളെയും രക്ഷിക്കും" (1 തിമോ 4:14-16).

## പരിശുദ്ധാത്മാവിലുള്ള നവീകരണം

പരിശുദ്ധാത്മാവാകുന്ന കൃപാവരം അഗ്നിസമാനമാണ്: "അഗ്നിജ്ജ്വാലകൾപോലുള്ള നാവുകൾ തങ്ങളുടെയോരോരുത്തരുടെയും മേൽ വന്നുനില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു" (ശ്ലീഹാ 2:3-4). അഗ്നി വീണ്ടും വീണ്ടും ഊതിക്കത്തിക്കുന്നില്ലെങ്കിൽ അതു മങ്ങുകയും കെട്ടുപോകുകയും ചെയ്യുന്നു. അതുപോലെയാണ് കൗദാശിക കൃപാവരവും. അത് നിരന്തരം ഊതിക്കത്തിച്ചുകൊണ്ടിരിക്കണം. പരിശുദ്ധാത്മാവാകുന്ന കൃപാവരത്തിലൂടെയാണ് പുരോഹിതൻ സഭയുടെ ഇടയനായ ഈശോമിശിഹായോട് അനുരൂപപ്പെടുകയും അതിനനുസൃതമായ കടമകൾ നിർവ്വഹിക്കുവാൻ പര്യാപ്തനാകുകയും ചെയ്യുന്നത്. അത് സ്വഭാവത്താലേ നവീകരിക്കപ്പെട്ടുകൊണ്ടിരിക്കണം. അതുകൊണ്ട് തുടർപരിശീലനം പൗരോഹിത്യ കൃപാവരത്തിന്റെ സ്വഭാവത്താലേ ആവശ്യമായിട്ടുള്ള ഒന്നാണ്.

## പക്വതയിലേക്കുള്ള വളർച്ച

പുരോഹിതവ്യക്തിത്വത്തിലുള്ള വളർച്ചയ്ക്ക്, മറ്റേതു വ്യക്തിത്വത്തിനുമുള്ളതുപോലെ, മാനുഷികമായും തുടർപരിശീലനത്തിന്റെ ആവശ്യകതയുണ്ട്. ഓരോ ജീവിതവും പക്വതയിലേക്കുള്ള സ്ഥിരപാതയാണ്. ആ പക്വത നിരന്തരമായ പരിശീലനംകൊണ്ടല്ലാതെ സാധിക്കുകയില്ല. നിരന്തരമായ നവീകരണം ആവശ്യമില്ലാത്ത യാതൊരു ശുശ്രൂഷയുമില്ല. പുരോഹിതശുശ്രൂഷ സമകാലീനവും ഫലപ്രദവുമാകണമെങ്കിൽ തുടർപരിശീലനം അവശ്യം ആവശ്യമാണ്.

malankalibrary.com

## ദൈവവിളിയോടുള്ള വിശ്വസ്തത

ദൈവവിളിയോടുള്ള പുരോഹിതന്റെ വിശ്വസ്തത തുടർപരിശീലനം ആവശ്യപ്പെടുന്നുണ്ട്. തന്റെ വിളിക്കനുസൃതമായ ശുശ്രൂഷ വേണ്ടവിധം നിർവഹിക്കണമെങ്കിൽ തുടർപരിശീലനം ആവശ്യമാണ്. സുവിശേഷപ്രഘോഷണവും വിശ്വാസപ്രബോധനവും ആരാധനക്രമാഘോഷ നേതൃത്വവും അജപാലനശുശ്രൂഷയും ആനുകാലികവും ഉചിതവുമായ രീതിയിൽ നടത്തണമെങ്കിൽ തുടർപരിശീലനം കൂടിയേ കഴിയൂ. അതുകൊണ്ട് അതു തന്നെ വിളിച്ച ദൈവത്തോടും തന്റെ ശുശ്രൂഷയ്ക്കു വിഷയമായ സഭയോടുമുള്ള പുരോഹിതന്റെ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും അടയാളമാണ്. അപ്രകാരം മനസ്സിലാക്കുമ്പോൾ തുടർപരിശീലനത്തിന്റെ അന്തരാത്മാവ് അജപാലനസ്നേഹംതന്നെയാണെന്നു പറയാം.

## തുടർപരിശീലനത്തിന്റെ മാനങ്ങൾ

പുരോഹിതനാകുവാൻവേണ്ടി സ്വീകരിച്ച പരിശീലനത്തിന്റെ തുടർച്ചയാണ് തുടർപരിശീലനം. പരിശീലനത്തിന്റെ മാനുഷികവും ആദ്ധ്യാത്മികവും ബൗദ്ധികവും അജപാലനപരവുമായ വശങ്ങൾ ആഴപ്പെടുത്തിക്കൊണ്ടുള്ളതായിരിക്കണം തുടർപരിശീലനം.

**മാനുഷികമാനം:** സഭ മനുഷ്യരുടെ സമൂഹമായതിനാൽ മാനുഷികമായ പരിശീലനത്തിന് ഏറെ പ്രസക്തിയുണ്ട്. എല്ലാ ജനങ്ങളെയും കണ്ടെത്തുന്നതിനും, അവരുടെ ജീവിതത്തിന്റെ ഭാഗങ്ങളായ പ്രതീക്ഷകളിലും സന്തോഷങ്ങളിലും ഭാരങ്ങളിലും ഉചിതമായ രീതിയിൽ പങ്കുപറ്റുന്നതിനും, അവയെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ നേരിടാൻ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടിയാണത്. ഹെബ്രായലേഖനത്തിൽ മിശിഹായെക്കുറിച്ചു പറഞ്ഞിട്ടുള്ളത് പുരോഹിതനെക്കുറിച്ചും പ്രസക്തമാണ്: “നമ്മുടെ ബലഹീനതകളിൽ നമ്മോടു സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാനപുരോഹിതനല്ല നമുക്കുള്ളത്. പിന്നെയോ, ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാക്കാര്യങ്ങളിലും നമ്മെപ്പോലെതന്നെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ” (ഹെബ്രാ 4,15).

**ആദ്ധ്യാത്മികമാനം:** ശിഷ്യത്വത്തിന്റെ ആദ്ധ്യാത്മികതയിൽ തുടർച്ചയും വളർച്ചയുമുണ്ടാകണം. ശിഷ്യത്വം ശ്ലൈഹികതയുടെ അവശ്യവ്യവസ്ഥയായതുകൊണ്ട് പൗരോഹിത്യശുശ്രൂഷ നിർവ്വഹി

malankalibrary.com

ക്കുന്നിടത്തോളംകാലം ശിഷ്യത്വത്തിന്റെ ആദ്ധ്യാത്മികതയിലും പുരോഹിതൻ വളർന്നുകൊണ്ടിരിക്കണം. അതുകൊണ്ട് പൗരോഹിത്യ ആദ്ധ്യാത്മികതയുടെ തുടർച്ചയും വളർച്ചയും തുടർപരിശീലനത്തിലുണ്ടാവണം. ധ്യാനം, പ്രാർത്ഥന തുടങ്ങിയ ആദ്ധ്യാത്മികജീവിതത്തിന്റെ അടിസ്ഥാനപരമായ ഘടകങ്ങൾ തുടർപരിശീലനത്തിന്റെ ഭാഗമായി നിലനിർത്തണം.

**ബൗദ്ധികമാനം:** പരിശീലനത്തിന്റെ ബുദ്ധിപരമായ മാനത്തെ പുരോഹിതരുടെ ജീവിതത്തിൽ മുടക്കമില്ലാതെ പരിപോഷിപ്പിക്കണം. വിശ്വാസത്തിന്റെ ഉറവിടങ്ങളിൽ അധിഷ്ഠിതമായ ദൈവശാസ്ത്രപഠനം പുരോഹിതൻ തുടർന്നുകൊണ്ടിരിക്കണം. സുവിശേഷപ്രഘോഷണശുശ്രൂഷയും വിശ്വാസപ്രബോധനശുശ്രൂഷയും ഫലപ്രദമായ വിധത്തിൽ നിർവഹിക്കണമെങ്കിൽ ദൈവശാസ്ത്രപരമായ തുടർപഠനങ്ങൾ നടന്നുകൊണ്ടിരിക്കണം. ഹോസിയാപ്രവാചകന്റെ വാക്കുകൾ ഇക്കാര്യത്തെ സംബന്ധിച്ച് ഇന്നും പ്രസക്തമാണ്: "ഇസ്രായേൽജനമേ, കർത്താവിന്റെ വാക്കു കേൾക്കുക. ദേശവാസികൾക്കെതിരെ അവിടുത്തേക്ക് ഒരു ആരോപണമുണ്ട്. ഇവിടെ വിശ്വസ്തതയോ സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ... ഒന്നിനു പുറകെ ഒന്നായി കൊലപാതകം നടക്കുന്നു. അതിനാൽ ദേശം വിലപിക്കുന്നു. ... എന്നാൽ ആരും തർക്കിക്കേണ്ട. ... പുരോഹിതാ, നിനക്കെതിരെയാണ് എന്റെ ആരോപണം. അജ്ഞതനിമിത്തം എന്റെ ജനം നശിക്കുന്നു. നീ വിജ്ഞാനം തിരസ്കരിച്ചതുകൊണ്ട് എന്റെ പുരോഹിതനായിരിക്കുന്നതിൽനിന്നു നിന്നെ ഞാൻ തിരസ്കരിക്കുന്നു" (ഹോസി 4:1-6). പുരോഹിതൻ വിജ്ഞാനം തിരസ്കരിച്ചാൽ ദൈവജനം അജ്ഞതകൊണ്ടു നശിക്കും.

**അജപാലനമാനം:** തുടർപരിശീലനത്തിന്റെ അജപാലനമാനത്തെ ഓർമ്മിപ്പിക്കുന്ന വാക്കുകളാണ് പത്രോസ്ശ്ലീഹായുടേത്: "ഓരോരുത്തനും തനിക്കു കിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ" (1 പത്രോ 4:10). അജപാലകസ്നേഹം, പുരോഹിതൻ ആരുടെ അടുക്കലേക്ക് അയയ്ക്കപ്പെടുന്നുവോ അവരുടെ യഥാർത്ഥ സാഹചര്യത്തെ നന്നായി പരിചയപ്പെടുവാനും തന്റെ ശുശ്രൂഷ നിർവഹിക്കുവാൻ ഏറ്റവും ഉചിതമായ രീതികളും

malankalibrary.com

ഏറ്റവും ഫലപ്രദമായ രൂപങ്ങളും കണ്ടെത്തുവാനും പ്രേരിപ്പിക്കുന്നു. ഇപ്രകാരം അജപാലനപ്രവർത്തനം നടത്തണമെങ്കിൽ അതിന് അജപാലനപരമായ തുടർപരിശീലനം ആവശ്യമാണ്.

## പുരോഹിതകൂട്ടായ്മ

തുടർപരിശീലനത്തിന്റെ ഭാഗമായി വളർത്തിയെടുക്കേണ്ട ഒരു സവിശേഷതയാണ് പുരോഹിതകൂട്ടായ്മ. പുരോഹിതപ്രാർത്ഥന എന്നറിയപ്പെടുന്ന ഈശോയുടെ അന്ത്യപ്രഭാഷണപ്രാർത്ഥനയിൽ ഒരു നല്ല ഭാഗം പുരോഹിതകൂട്ടായ്മയ്ക്കാണ് അവിടുന്ന് നല്കിയിരിക്കുന്നത് (യോഹ 17:9-19): "പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നല്കിയ അവിടുത്തെ നാമത്തിൽ അവരെ അങ്ങു കാത്തുകൊള്ളണമേ" (യോഹ 17:11). കത്തോലിക്കാസഭയിൽ ഇടവകവൈദികർക്കു പൊതുവേയുള്ള ഒരു ബലഹീനത ഓരോരുത്തർക്കുമുള്ള കഴിവും സാഹചര്യവുമനുസരിച്ച് ഒറ്റപ്പെട്ട് അജപാലനശുശ്രൂഷ നിർവ്വഹിക്കുക എന്നതാണ്. ഇത് ഒരിക്കലും ശരിയായ അജപാലനശുശ്രൂഷയല്ല. കാരണം, സഭയിൽ പുരോഹിതൻ ഒന്നേയുള്ളു - ഈശോമിശിഹാ. അതുകൊണ്ട് പൗരോഹിത്യത്തിലുള്ള ഈ ഐക്യം പുരോഹിതശുശ്രൂഷയിലും ഉണ്ടാവണം. അജപാലനശുശ്രൂഷയുടെ തുടർച്ചയ്ക്കും ഫലദായകത്വത്തിനും ഈ ഐക്യം ആവശ്യകമാണ്. അതുകൊണ്ട് പുരോഹിതജീവിതത്തിലും ശുശ്രൂഷയിലും ഈ ഐക്യം പുലർത്തുവാനും വളർത്തുവാനും തുടർപരിശീലനം സഹായകമാകണം.

## എല്ലാ പ്രായത്തിലും ജീവിതസാഹചര്യങ്ങളിലും

തുടർപരിശീലനം എപ്പോഴും പുരോഹിതജീവിതത്തിന്റെ ഭാഗമായിരിക്കണം. തന്റെ ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും സാഹചര്യത്തിലും പുരോഹിതന് തുടർപരിശീലനം ആവശ്യമാണ്. പ്രായത്തിനും സാഹചര്യത്തിനുമനുസൃതമായി തുടർപരിശീലനപരിപാടിക്ക് വ്യതിരിക്തതയുണ്ടാകാം. എന്നാൽ തുടർപരിശീലനമില്ലാത്ത ഒരു സാഹചര്യം ഒരു പുരോഹിതനുമുണ്ടാകരുത്.

യുവവൈദികരെ സംബന്ധിച്ചിടത്തോളം തുടർപരിശീലനം ഒരു കടമയാണ്. അവർക്ക് കൂടെക്കൂടെ ക്രമവൽകൃതമായ സമ്മേളനങ്ങൾ ഉണ്ടായിരിക്കണം. മദ്ധ്യവയസ്കരായ വൈദികർക്കും

malankalibrary.com

തുടർപരിശീലനം ആവശ്യമാണ്. അമിതമായ പ്രവർത്തനോന്മുഖത, ശുശ്രൂഷയോടുള്ള യാന്ത്രികസമീപനം, താൻപോരിമ, ആന്തരികമായ ക്ഷീണം എന്നീ സാദ്ധ്യതകളെ നേരിടാൻ അവർക്കും തുടർപരിശീലനം ഉണ്ടാവണം. പ്രായാധിക്യമുള്ളവരെയും തുടർ പരിശീലനത്തിൽ ഉൾപ്പെടുത്തണം. അവരുടെ അനുഭവസമ്പത്തിൽ വൈദികസമൂഹത്തിനു പങ്കുചേരാനും വൈദികസമൂഹത്തിന്റെ പ്രതിബദ്ധതയും കൂട്ടായ്മയും അവർക്കു നല്കുവാനും തുടർപരിശീലനം അവർക്കും ആവശ്യമാണ്.

### തുടർപരിശീലനത്തിന്റെ പ്രവർത്തകർ

പ്രത്യേകമായ അർത്ഥത്തിൽ ഓരോ പുരോഹിതനുമാണ് തുടർപരിശീലനത്തിന്റെ പ്രവർത്തകൻ. ദൈവംതന്ന ദാനത്തോടുള്ള വിശ്വസ്തതയുടെ അടയാളമാണ് തുടർപരിശീലനത്തിന് സ്വയം വിധേയപ്പെടുക എന്നത്. അതുകൊണ്ട് തുടർപരിശീലനത്തിന്റെ ആവശ്യകതയെക്കുറിച്ച് ഓരോ പുരോഹിതനും അവബോധവും ഉത്തരവാദിത്വവും ഉണ്ടായിരിക്കണം. തുടർപരിശീലനത്തിനുള്ള അടിസ്ഥാനപരമായ ഉത്തരവാദിത്വം മെത്രാനും പുരോഹിതഗണത്തിനുമാണുള്ളത്. സഭാസമൂഹത്തിനു മുഴുവൻ പുരോഹിതരുടെ തുടർപരിശീലനത്തിന് ഉത്തരവാദിത്വമുണ്ട്. കാരണം, അവർക്കുവേണ്ടിയാണ് പുരോഹിതൻ അഭിഷേകം ചെയ്യപ്പെട്ടതും ശുശ്രൂഷ ചെയ്യുന്നതും.

### പുരോഹിതസംഘടനകൾ

പുരോഹിതർക്കുവേണ്ടിയുള്ള സംഘടനകൾ, സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയ്ക്ക് പുരോഹിതരുടെ തുടർപരിശീലനതലത്തിൽ ഫലപ്രദമായ വിധത്തിൽ സഹായിക്കുവാൻ കഴിയും. കാരണം, അവയ്ക്ക് സമർപ്പിതജീവിതസ്വഭാവവും ഓരോ സമൂഹത്തിന്റെ പ്രത്യേക കാരിസത്തിന്റെ പിൻബലവുമുണ്ട്. ഇപ്രകാരമുള്ള ഒരു സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടാണ് ദൈവദാസനായ ബിഷപ് വില്യം ജകിന്തായാൽ സ്ഥാപിതമായ 'അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്'. ഇടവകവൈദികർക്ക് അനുയോജ്യമായ സെനക്കിൾ ആദ്ധ്യാത്മികതയും പൗരോഹിത്യ സാഹോദര്യവും പരിപോഷിപ്പിക്കുന്ന ഈ ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യയിൽ ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാലാ, താമരശ്ശേരി എന്നീ രൂപതകളിൽ ഇന്നു പ്രവർത്തിക്കുന്നുണ്ട്.

malankalibrary.com

MALANKARA
LIBRARY

malankalibrary.com

മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ ദൈവവചനത്തിന്റെ അദ്ധ്യാപകനും, കൂദാശകളുടെ വിശ്വസ്തനായ ശുശ്രൂഷകനും, തനിക്കു ഭരമേല്പിക്കപ്പെട്ട ക്രൈസ്തവസമൂഹത്തിന്റെ ആത്മീയഗുരുവുമാണ്. അനേകരുടെ ക്രൈസ്തവമനഃസാക്ഷികളിൽ വിശ്വാസത്തെ വീണ്ടും ഉദ്ദീപിപ്പിക്കാനും, വചനത്തിന്റെ വിത്തുകൾപാകി രക്ഷയുടെ പ്രഘോഷണം നടത്തുവാനുമാണ് അച്ചൻ എന്നും പരിശ്രമിച്ചത്. അച്ചന്റെ വചനാധിഷ്ഠിത ആത്മീയശൈലിയും പ്രബോധനങ്ങളും പഠനങ്ങളുമെല്ലാം ആദ്യമായും അധികമായും ഈശോയോടും സഭയോടുമുള്ള ജ്വലിക്കുന്ന സ്നേഹത്തിൽനിന്നും രൂപപ്പെട്ടതാണ്. അച്ചന്റെ പൗരോഹിത്യജീവിതംപോലെതന്നെ ധന്യവും മഹത്തരവുമാണ് "പുരോഹിതൻ: വ്യക്തിത്വവും ദൗത്യവും" എന്ന പുസ്തകവും.

**മാർ മാത്യു അറയ്ക്കൽ**

malankalibrary.com